പിഷാരോടി സമാജം പ്രസിദ്ധീകരണം

# തുളസീദളം

ജനുവരി 2025



# Pisharody's

CATERING | AUDITORIUM | HERITAGE
RESTAURANTS | EVENT MANAGEMENT




**Pisharody's Veg. Restaurant**
Near Toll Plaza, Paliyekkara
Mob : 9544276600



**Pisharody's Convention Centre**
Near SDAHS, Kanniyampuram,Ottapalam
Mob : 9744477766




**Pisharody's Veg. Restaurant**
Mele Manjalungal, Pattambi
Mob : 9544906600




**Pisharody's Veg. Restaurant**
Near Town Police Station, Guruvayur
Mob : 9544256600



**Pisharody's Heritage**
26th Mile, Kavalappara,
Mob : 9544796600




**Pisharody's Restaurant**
Centre Square Mall, M.G.Road,
Kochi, Mob : 9544456600




**Pisharody's Restaurant**
Kuruppam Road, Thrissur,
Mob : 9544466611

*Plan all your events under one roof !*

Kavalappara, Shornur
97 444 777 66, 95 446 06 600 pisharodyrsunu@gmail.com

# തുളസീദളം

*പിഷാരോടി സമാജം പ്രസിദ്ധീകരണം*

**2025 ജനുവരി**

**പുഷ്പം 45 / ദളം 10**

**1200 ധനു-മകരം**


## പത്രാധിപസമിതി

ചീഫ് എഡിറ്റർ:

**ശ്രീമതി എ.പി. സരസ്വതി**

എഡിറ്റർ: **ശ്രീ. ഗോപൻ പഴുവിൽ**

സബ്ബ് എഡിറ്റർ:

**ശ്രീ. സുരേഷ് ബാബു വിളയിൽ**

പത്രാധിപസമിതിയംഗങ്ങൾ

**ശ്രീ. സി.പി. അച്ചുതൻ**

**ശ്രീ. മുരളി മാന്നന്നൂർ**

**ശ്രീ. കെ.എൻ. വിജയൻ**

**ശ്രീ. കെ.പി. ഗോകുലകൃഷ്ണൻ**

**ശ്രീ. വി.പി. മുരളീധരൻ**

മാനേജർ: **ശ്രീ. ആർ.പി. രഘുനന്ദനൻ**

അസിസ്റ്റന്റ് മാനേജർ:
**ശ്രീ. രാമചന്ദ്രൻ മാങ്കുറ്റിപ്പാടം**

കവർ ഡിസൈനിംഗ്:
**ശ്രീ. രാജൻ രാഘവൻ**
**(സിത്താര, കൊടകര)**



Head Office : Udayanagar, Ayyanthole,
Thrissur-680 003, Kerala, India.
e-mail : mail@pisharodysamajam.com
mail.pisharodysamajam@gmail.com

Visit our website :
www.pisharodysamajam.com

വരിസംഖ്യ ഒരു വർഷത്തേക്ക് : 200 രൂപ


**"അകലെ വസിയ്ക്കുമ്പോഴും
അകമലരിൽ കരുതേണം
അമ്പലമണിതൻ നാദം
'തുളസീദള' സൌരഭ്യം"**

## ദളസുഗന്ധം


പത്രാധിപക്കുറിപ്പ്......4

പ്രതിഫലനം – എം.ടിയില്ലാത്ത പുതുവർഷം......5
എ.പി. സരസ്വതി

അനുസ്മരണം – കൊട്ടിക്കലാശിച്ച കാലങ്ങൾ......6
മുരളി വട്ടേനാട്ട്

കവിത – പുതുവർഷദർശനം......7
പി. കേശവൻ നമ്പൂതിരി

പ്രാർത്ഥന – ഗുരുവായൂർ ഏകാദശി ദർശനം......8
പത്മിനി രാമകൃഷ്ണൻ

Story - The Lost Key......11
ഹർഷ രാമചന്ദ്രൻ

തുള്ളൽ കലയിലെ സ്ത്രീസാന്നിദ്ധ്യം......14

Poem - The Kitchen Drama......16
അശ്വതി എ.എസ്.

കഥ – റസ്ക്കിൻ ബോണ്ടിന്റെ സാഹസം......19
മീര വിളയിൽ

അനുസ്മരണം – നഷ്ടവാത്സല്യം......20
ആശ മണിപ്രസാദ്

പ്രതികരണം......22

ചെറുകഥ – വഴിത്തിരിവുകൾ......27
പ്രസന്നലക്ഷ്മി

യാത്ര – രജ്പുത്താന......28
മുരളി ആനായത്ത്

ഭക്തി – അജഗരമോക്ഷം......33
എ. തുളസി

Mumbai Annual Celebrations......34
ജയ്ദീപ് ആർ. പിഷാരോടി

വൈവാഹികം......35

ശാഖാവാർത്തകൾ......36

ആദരാഞ്ജലികൾ......45

## പറഞ്ഞത് അറിഞ്ഞത് അറിയേണ്ടത്

# നവോദയ രശ്മികൾ പൂക്കൾ വിരിയിക്കുമ്പോൾ

**പു**തുവർഷ സൂര്യൻ നമ്മുടെ മനസ്സുകളിൽ വിരിയിക്കുന്ന പൂക്കളുടെ വർണ്ണവും സുഗന്ധവും അവർണ്ണനീയമാണ്. ഇന്നലെ വരെ വിരിഞ്ഞ പൂവുകൾ പലതും വാടിപ്പോയി. ചിലതിന് പക്ഷെ നിറവും മണവും കൂടുകയും ചെയ്തിട്ടുണ്ട് എന്ന് മറക്കുന്നില്ല.അതങ്ങനെയാണ്. ഓരോ വിരിയലിനും കൊഴിച്ചിലുണ്ട്. ഓരോ ഉദയത്തിനും അസ്തമനവും. മാനവ ജീവിതം പോലെ തന്നെ.

എല്ലാ ദിവസവും സൂര്യൻ ഉദിക്കുന്നുണ്ട്. അസ്തമിക്കുന്നുണ്ട്. പൂക്കൾ വിരിയുന്നുണ്ട്. കൊഴിയുന്നുമുണ്ട്. ഇനി പുതുവർഷം എന്ന സങ്കല്പം എടുക്കാം. മലയാളികൾക്ക് പുതുവർഷം ആരംഭിക്കുന്നത് ചിങ്ങം ഒന്നിനാണ്. സംസ്കൃത കലണ്ടർ പ്രകാരം ചൈത്രം ഒന്നിനാണ് പുതുവർഷം. ഇത് മാർച്ച് -ഏപ്രിൽ മാസങ്ങളിൽ വരും. ഇംഗ്ലീഷ് മാസ പ്രകാരം 2025 വർഷങ്ങൾ ആയെങ്കിൽ സംസ്കൃത മാസം 1946 ആയിട്ടേ ഉള്ളൂ. മലയാള മാസമാണെങ്കിൽ വെറും 1200 വർഷവും. അറബികളുടെ നവവത്സരാരംഭം മറ്റൊരു ദിവസം. തമിഴർക്ക് വേറൊരു ദിവസം. അങ്ങനെ പോകുന്നു നവവത്സര ദിനങ്ങളുടെ ചരിത്രം. അതുകൊണ്ട് തന്നെ എല്ലാവരും ഒരുപോലെ അംഗീകരിച്ച് ആഘോഷിക്കുന്നത് ഇംഗ്ലീഷ് കലണ്ടർ. നാനാത്വത്തിലെ ഏകത്വം എന്ന് വേണമെങ്കിൽ പറയാം.

എന്നാണ് ഭൂമിയിലെ ആദ്യത്തെ സൂര്യനുദിച്ചത്? എന്നാണ് Time എന്ന കാല ചക്രത്തിന്റെ ആദ്യത്തെ നാഴികമണി സൂചി തിരിയാൻ തുടങ്ങിയത്? ആർക്കും അറിയില്ല. അറിവുള്ളതെല്ലാം ശാസ്ത്രത്തിന്റെ കണക്കു കൂട്ടലുകളിൽ നിന്ന് ഉരുത്തിരിഞ്ഞ കുറെ ഊഹാപോഹങ്ങളുടെ ഉത്തരങ്ങൾ. അവ മാത്രമാണ് നമുക്കിപ്പോൾ ആധികാരികം. എന്തോ ആവട്ടെ. നമുക്ക് നാമറിയുന്ന യാഥാർത്ഥ്യങ്ങൾ മതി. അങ്ങനെ നോക്കുമ്പോൾ ജനുവരി 1 ന് തന്നെ നമ്മുടെ പുതിയ കൊല്ലം തുടങ്ങുന്നു. നൈരന്തര്യത്തിന്റെ യാന്ത്രികത ഉണ്ടാക്കുന്ന മടുപ്പിക്കുന്ന അവസ്ഥക്കുള്ള പരിഹാരം തന്നെയാണ് സമയബന്ധിതമായ ഓരോ പുത്തൻ തുടക്കങ്ങളും. തുടക്കങ്ങൾ വലിയ പ്രതീക്ഷകളാണ്. സൽസ്വപ്നങ്ങളാണ്. നല്ലത് വരുത്തും എന്ന ആത്മവിശ്വാസത്തിന്റെ ഊർജ്ജപ്രവാഹം തന്നെയാണ്. കഴിഞ്ഞ വർഷവും ഇങ്ങനെ തുടങ്ങിയതാണല്ലോ എന്ന് നമ്മൾ ചിന്തിക്കാറില്ല. ചിന്തിക്കേണ്ടതുമില്ല. കാരണം നമ്മൾ നിരന്തരം പറയുന്ന വാക്കുണ്ടല്ലോ. കഴിഞ്ഞത് കഴിഞ്ഞു എന്ന വാക്ക്. അതിന്റെ ശക്തി മതി.

2024 അങ്ങനെ കടന്നു പോയി. സംഭവ ബഹുലമായ വർഷം തന്നെയായിരുന്നു. വ്യക്തിപരമായി എല്ലാവർക്കും നഷ്ടങ്ങളും നേട്ടങ്ങളും ഉണ്ടായിരിക്കും. അവയെല്ലാം ഇനിയൊരിക്കലും തിരിച്ചു വരാത്ത ഗതവർഷത്തിന്റെ കണക്കു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

2024 ഇറങ്ങിപ്പോകുന്നത് ആധുനിക മലയാള സാഹിത്യത്തിന്റെ ആചാര്യ പ്രധാനിയെയും കൊണ്ടാണ് എന്നതാണ് വർഷം നൽകിയ തീവ്രനഷ്ടങ്ങളിൽ ഒന്ന്. എം.ടി. വാസുദേവൻ നായർ എന്ന എം.ടി. രണ്ടക്ഷരി. സമ്പൂർണ്ണമായും കളർ പേജുകളിൽ പ്രസിദ്ധീകരിച്ച തുളസീദളം മാസികയുടെ ആദ്യത്തെ ഓണപ്പതിപ്പിന് ആശംസ എഴുതിത്തന്നത് അദ്ദേഹത്തിന്റെ വലിയ മനസ്സ്. അദ്ദേഹത്തിന്റെ മുഖം കൂടി ചേർത്താണ് നമ്മൾ ആ ഓണപ്പതിപ്പ് പ്രസിദ്ധീകരിച്ചത്. തുളസീദളത്തിന് വേണ്ടി അദ്ദേഹത്തിന്റെ ആശംസ സംഘടിപ്പിച്ചു തന്ന നമ്മുടെ സ്വന്തം ബാബു നാരായണനും കാലത്തിന്റെ വെള്ളിത്തിരശ്ശീലക്കപ്പുറം മറഞ്ഞു പോയിട്ട് വർഷങ്ങളായി. നമ്മുടെ വിശ്വാസങ്ങൾ ശരിയാണെങ്കിൽ, സ്വർഗ്ഗ നരകങ്ങൾ ഉണ്ടെങ്കിൽ സ്വർഗ്ഗത്തിലെ സർഗ്ഗവേദികളിൽ വ്യാസമൗനത്തെ വാചാലമാക്കിയ എം.ടിയും ഭീമനും അർജ്ജുനനും പാഞ്ചാലിയും ചന്തുവും കുട്ട്യേടത്തിയും വെളിച്ചപ്പാടും വൈശാലിയും സേതുവും ഒപ്പം ബാബു നാരായണനുമെല്ലാം ചേർന്ന പ്രതിഭാ ചൈതന്യ സംഗമങ്ങൾ പുതിയ സാംസ്കാരിക പ്രപഞ്ചം തന്നെ സൃഷ്ടിച്ചേക്കാം. അത് നമ്മുടെ വെറും ഭ്രമ കൽപ്പനയെങ്കിൽ അങ്ങനെ. എല്ലാം ശുഭ പ്രതീക്ഷകൾ ആണല്ലോ.

പിഷാരോടി സമാജത്തെയും അത് വഴി സമുദായത്തെപ്പറ്റിയും ചിന്തിക്കുമ്പോൾ 2025 ന്റെ സൂ

പ്രതിഫലനം

# എം.ടിയില്ലാത്ത പുതുവർഷം



എ.പി. സരസ്വതി



**ലോ**ലവികാരങ്ങളുടെ ഉള്ളുണർത്തലുകളായി വായനക്കാർക്കിടയിലേക്ക് കൃത്രിമത്വം പുരളാതെ അടിവെച്ചണഞ്ഞ ഭാഷാനൈപുണിയുടെ അമരക്കാരൻ കടന്നുപോയിരിക്കുന്നു. 2024 അവസാനനാളുകളിൽ കുറെയധികം വിയോഗങ്ങളുടെ പ്രഹരങ്ങൾ നമുക്കു നൽകിയിരിക്കുന്നു. കേരളത്തിലെ വായനക്കാരെ സ്വാനുഭവങ്ങളുടെ വിദഗ്ദ്ധമായ കഥാവിസ്താരങ്ങളിലൂടെ തന്റെ രചനകളിലേക്കാകർഷിച്ച എം.ടി. വാസുദേവൻ നായരുടെ വിടപറച്ചിലാണ് കുറച്ചു നാളുകളായി മാധ്യമമണ്ഡലത്തിൽ ഏറെ പ്രാധാന്യം നേടിയത്. വ്യത്യസ്തമായ വായനാനുഭവങ്ങളിലേക്ക് നമ്മെ നയിച്ചവരുടെ കൂട്ടത്തിൽ മുൻനിരയിൽത്തന്നെ സ്ഥാനം പിടിച്ച അദ്ദേഹം അതിന് തികച്ചും അർഹനാണുതാനും. ഞങ്ങളുടെയൊക്കെ കൗമാരങ്ങളിൽ ഏറെ വായിക്കപ്പെട്ടത് അദ്ദേഹത്തിന്റെ കൃതികളായിരുന്നു. 'മഞ്ഞ്' നോവലായിട്ടല്ല ആർദ്രമായൊരു കവിതയായിട്ടാണ് എന്നിൽ നിറഞ്ഞത്. എഴുതിയതെന്തും, ചെറുകഥകളായാലും നോവലുകളായാലും ഒറ്റയിരിപ്പിനു വായിച്ചു തീർക്കാനുള്ള ആവേശം ഞങ്ങളിൽ ജ്വലിപ്പിക്കുന്നവയായിരുന്നു. മലബാറുകാരിയായതുകൊണ്ടാണോ എന്നറിയില്ല, എന്റെയും അനുഭവങ്ങളുടെ പകർത്തെഴുത്തായി അവയെല്ലാമനുഭൂതി പകർന്നിരുന്നു.

കൂടല്ലൂർകാരനായതുകൊണ്ട് കൊടിക്കുന്നത്തമ്മയുടെ ഭക്തനായിരുന്ന എം.ടി. അമ്പലത്തിൽ എത്തുമ്പോഴൊക്കെ അടുത്തുതന്നെയുള്ള അച്ഛന്റെ തറവാട്ടിൽ (കൊടിക്കുന്നത്തുപിഷാരം) എത്തി ചായയെങ്കിലും കഴിച്ചിട്ടേ പോകാറുണ്ടായിരുന്നുള്ളൂ. നിസ്സംഗതയുടെ മുഖംമൂടിയുമായി നടന്നിരുന്ന അദ്ദേഹത്തെ സമീപത്തു കണ്ടാൽ പോലും സമീപിക്കാനോ കുശലമന്വേഷിക്കാനോ മടിയായിരുന്നു. പക്ഷെ കൈവെച്ച മേഖലകളിലെല്ലാം കരുത്താർന്ന വിജയം നേടിയ അദ്ദേഹത്തിനെ മനസ്സുകൊണ്ടാദരിക്കാതിരിക്കാൻ കഴിഞ്ഞില്ല. ഇത്രയേറെ വിജയങ്ങളും അഭിനന്ദനങ്ങളും ഏറ്റുവാങ്ങിയിട്ടും ചെറുപുഞ്ചിരിപോലുമില്ലാതെ ഒരന്തർമുഖനെപ്പോലെ പെരുമാറാൻ അദ്ദേഹത്തിനെങ്ങനെ കഴിഞ്ഞു എന്നതാണെന്നെ അത്ഭുതപ്പെടുത്തുന്നത്.

നാലുകെട്ട് തുടങ്ങിയ നോവലുകൾ, ഓളവും തീരവും തുടങ്ങിയ ചെറുകഥാസമാഹാരങ്ങൾ, മുറപ്പെണ്ണ് തുടങ്ങിയ തിരക്കഥകൾ, മഞ്ഞ് തുടങ്ങിയ സിനിമകൾ, ലേഖന സമാഹാരങ്ങൾ, യാത്രാവിവരണം... ഇങ്ങനെ വൈവിധ്യമാർന്ന മേഖലകളിലൂടെ ആസ്വാദകർക്ക് അത്ഭുതാഹ്ലാദങ്ങൾ വിതറിത്തന്ന ആദരണീയനായ എം.ടി. സർ, ഹൃദയം നിറഞ്ഞ നന്ദി! തുളസീദളങ്ങൾകൊണ്ടൊരു പുഷ്പാഞ്ജലി!

നവവത്സരാശംസകളോടെ നിർത്തട്ടെ. ●

---

ര്യോദയം നൽകുന്നത് ഒരുപാട് ശുഭകർമ്മ സാഫല്യത്തിന്റെ മനോജ്ഞമായ സ്വപ്നങ്ങൾ തന്നെ. ജീവ കാരുണ്യ സേവനങ്ങളും കലാ, സാഹിത്യ, സാംസ്കാരിക പ്രവർത്തനങ്ങളും വിവിധ ആദരങ്ങളും യുവ ചേതനയുടെ മഹാ സംഗമങ്ങളുമെല്ലാം ചേർന്ന വലിയ പദ്ധതികൾ നമുക്കുണ്ട്. അവ പ്രാവർത്തികമായികൊണ്ടിരിക്കുന്നു. ആഹ്ലാദത്തോടെ, അഭിമാനത്തോടെ കൂട്ടായ സ്നേഹ മനസ്സുകളോടെ നമുക്കൊരുമിച്ച് നവവത്സരത്തെ വരവേൽക്കാം.

എല്ലാവർക്കും വർഷാദ്യ മാസം നല്ലത് മാത്രം വരുത്തട്ടെ എന്ന് ആശംസിക്കുന്നു. തുടക്കവും തുടർച്ചയും അതിന്റെ ആവർത്തനങ്ങളാകട്ടെ.

**പത്രാധിപ സമിതി**

അനുസ്മരണം

# കൊട്ടിക്കലാശിച്ച കാലങ്ങൾ



മുരളി വട്ടേനാട്ട്

**2024**ലെ നഷ്ടങ്ങളിൽ പ്രധാനപ്പെട്ട രണ്ടെണ്ണം മലയാളത്തിന്റെ സ്വന്തം കഥാകാരൻ എം.ടിയുടേതും തന്റെ മാന്ത്രിക വിരലുകളാൽ ജനകോടികളെ കയ്യിലെടുത്ത സക്കീർ ഹുസൈന്റേതുമായിരുന്നു.

ഇന്ന് ജീവിച്ചിരിക്കുന്ന പഴയ തലമുറയിലെ ഭൂരിഭാഗവും എം.ടിയുടെ രചനകളിലൂടെ സഞ്ചരിച്ചാവും തങ്ങളുടെ ബാല്യ കൗമാരങ്ങൾ പിന്നിട്ടിരിക്കുക.

വായനയുടെ ആദ്യനാളുകളിൽ നാലുകെട്ടും, അസുരവിത്തും, ഓപ്പോളും നിറഞ്ഞു നിന്നപ്പോൾ ആ കഥാപശ്ചാത്തലമെല്ലാം എന്റേതാണെന്നു കൂടി തോന്നിയ കാലം. കൂടല്ലൂരിനടുത്തായിരുന്നു എന്റെ തറവാടായ വട്ടേനാട്ട് പിഷാരം. ആ തറവാടിന്റെ പരിസരങ്ങളായിരുന്നു അതോരോന്നും വായിക്കുമ്പോൾ കഥാപരിസരങ്ങളായി മനസ്സിലേക്കോടിയെത്തുക. അമ്പലക്കുളവും പാടവും, ചക്കരവള്ളികൾ നിറഞ്ഞ പള്ള്യാലുകൾ, മൊട്ടക്കുന്ന് തുടങ്ങി എല്ലാത്തിനുമുണ്ട് എന്റേതായ രംഗഭൂമിക.



പിന്നീട് വളർന്നു വലുതായപ്പോൾ അദ്ദേഹത്തിന്റെ രണ്ടാമൂഴം പോലുള്ള കൃതികളിലെ രചനാവൈഭവം കണ്ട് അത്ഭുതം കൂറിയനാളുകൾ. എന്തെങ്കിലുമൊക്കെ കുത്തിക്കുറിക്കണമെന്ന് തോന്നിത്തുടങ്ങിയ കാലം. അക്കാലത്താണ് അദ്ദേഹത്തിന്റെ കാഥികന്റെ പണിപ്പുര വായിക്കുന്നത്. അത് പകർന്ന് തന്ന ഊർജ്ജം ചെറുതല്ല.


കാലമെത്ര കഴിഞ്ഞാലും കാലാതിവർത്തിയായി നിലകൊള്ളുന്ന അനേകം സൃഷ്ടികൾ നമുക്ക് സമ്മാനിച്ച് വിട പറഞ്ഞ മലയാളത്തിന്റെ മഹാമനീഷിക്ക് പ്രണാമം!

ഉസ്താദ് സാക്കീർ ഹുസൈനെ ആദ്യമായി കാണുന്നത് 1999ലെ മുംബൈ കേളി ഫെസ്റ്റിവലിലാണ്. പല്ലാവൂർ അപ്പുമാരാർക്ക് വീരശൃംഖല നൽകുന്ന ചടങ്ങ് കഴിഞ്ഞ് പല്ലാവൂരിന്റെ തായമ്പക. ആ തായമ്പകയുടെ കൊട്ടിക്കലാശത്തിനു ശേഷം കാണികളുടെ മുൻ നിരയിലിരുന്നിരുന്ന സാക്കീർ ഹുസൈൻ സ്റ്റേജിലേക്ക് കയറിവന്ന് പല്ലാവൂരിന്റെ കാൽക്കലൊരു സാഷ്ടാംഗനമസ്കാരം നടത്തിയപ്പോൾ തുടങ്ങിയതാണ് ആ മനുഷ്യനോടുള്ള സ്നേഹം. തന്റെ കലയോടൊപ്പം മറ്റുള്ള കലകളെയും കലാകാരന്മാരെയും അതെ പോലെ സ്നേഹിച്ച ഒരു കലാകാരനപ്പുറമുള്ള മനുഷ്യസ്നേഹി. അത് പിന്നീട് ഹോർണിമൻ സർക്കിളിൽ പനമണ്ണ ശശിയെ നമസ്കരിച്ചും തുടർന്നു.

ഏറ്റവുമൊടുവിൽ കണ്ടത് 2023 ഡിസംബർ 13-നായിരുന്നു. അതും മറ്റൊരു കേളി ഫെസ്റ്റിവലിൽ തന്നെ. സാക്കിർ ഹുസൈന് കേളി ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി ആദരിക്കുന്ന ചടങ്ങായിരുന്നു അത്. അതിന് ശേഷം അദ്ദേഹത്തിന്റെ തബലവാദനവും. അവിടെ വെച്ച് അന്ന് കേരളത്തിന്റെ മേളപ്രമാണി പെരുവനം കുട്ടന്മാരാരെ അദ്ദേഹത്തിന്റെ എഴുപതാം പിറന്നാൾ ദിവസമായ അന്ന് പൊന്നാടയണിയിച്ച് ചേർത്ത് നിർത്തിയ രംഗം അതിന്റെ മറ്റൊരുദാഹരണം. അന്ന് ഒരിക്കൽ കൂടി ആ തബലയുടെ മാന്ത്രിക നാദം കേട്ടു, താളപ്പെരുക്കങ്ങളിലൂടെ കിളിനാദവും, ചിറകടികളും, ഹുങ്കാരവും, കാറ്റിന്റെ ശീൽക്കാര

## കവിത

# പുതുവർഷദർശനം



പി. കേശവൻ നമ്പൂതിരി

നിലയ്ക്കാതൊഴുകുന്ന
കാലത്തെ ഖണ്ഡങ്ങളായ്
മുറിച്ചു മുമ്പും പിമ്പും
നിശ്ചയിയ്ക്കുന്നൂ നമ്മൾ
മുമ്പിലൊട്ടുമേ കാഴ്ച-
യില്ല, അല്പാല്പം കാണാം
പിന്നിലേ,യ്ക്കെന്നാൽ മുന്നി-
ലേയ്ക്കു മാത്രമീ യാത്ര
അങ്ങനെയിരുട്ടിലേ-
യ്ക്കടി വെയ്ക്കുന്നൂ സുഖ
സഞ്ചാര പ്രതീക്ഷയാ-
മൊരു നൂൽക്കിരണത്തിൽ

പുതിയ ദിനങ്ങളും
പുതിയ മാസങ്ങളും
പുതുവത്സരങ്ങളും
അങ്ങനെയുണ്ടാവുന്നു
പുതുസങ്കല്പങ്ങളി-
ലൂന്നി,ക്കാലിടറാതെ
ഉദയാസ്തമനങ്ങൾ-
ക്കൊപ്പം നാം ചരിയ്ക്കുന്നു
ആരറിയുന്നൂ ദേശ
കാല വിസ്തൃതിയിലൂ-
ടാരചിയ്ക്കുമീ വഴി-
യാത്രതൻ പരമാർത്ഥം. ●

---

## സന്ദീപ് ബലരാമൻ CA ഫൈനൽ പരീക്ഷയിൽ വിജയി



ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ് (ICAI) 2024 നവംബറിൽ നടത്തിയ ഫൈനൽ പരീക്ഷയിൽ സന്ദീപ് ബലരാമൻ വിജയിയായി.

കൂറ്റനാട് വട്ടേനാട്ട് പിഷാരത്ത് ബലരാമന്റെയും ഇരിഞ്ഞാലക്കുട വടക്കേ പിഷാരത്ത് മായയുടെയും മകനാണ് സന്ദീപ്.

സന്ദീപിന് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

---

വും കേട്ടറിഞ്ഞു. തബലവാദനത്തിലെ കാർണിവൽ ആവോളം നേരിട്ടാസ്വദിച്ചു.

അദ്ദേഹത്തിന്റെ സഹജീവികളോടും സഹപ്രവർത്തകരോടുമുള്ള പെരുമാറ്റത്തിന്റെ ഉദാഹരണം വൈറലായ ഒരു വീഡിയോയിലൂടെ നാമൊക്കെ കണ്ടതാണ്. എന്തിനും ഏതിനും ക്ഷോഭിക്കുകയും മറ്റുള്ളവരോടു തട്ടിക്കയറുകയും ചെയ്യുന്ന നമ്മളോരോരുത്തരും കണ്ടു പഠിക്കേണ്ട പാഠം. തബലയിൽ അദ്ദേഹം സുസ്മേരവദനനായി തന്റെ വിരൽക്കുതിരകളെപ്പായിച്ച് മഴയെ പെയ്യിക്കുകയാണ്. അപ്പോഴാണ് തബലക്ക് മുകളിലുള്ള മൈക്കുകളിലൊന്ന് ചെരിഞ്ഞു താഴുന്നത് കാണുന്നത്. ഒട്ടും ക്ഷുഭിതനാവാതെ അദ്ദേഹം തന്റെ തബലയിലെ വാദനം വലത്തേ കയ്യിലൊതുക്കി ഇടം കൈകൊണ്ട് സൗമ്യമായി മൈക്കിനെ പിടിച്ചുയർത്തുന്നതും വീണ്ടും അത് താഴോട്ടു ചെരിയുമ്പോൾ അതിലും ലാഘവത്തോടെ വീണ്ടും ഉയർത്തുന്നതുമായ ആ ഒരു രംഗം മതി അദ്ദേഹത്തിലെ മനുഷ്യസ്നേഹിയെ അറിയാൻ, ചേർത്തു പിടിക്കാൻ. ഒരു പക്ഷെ കുട്ടിക്കാലത്ത് വാഹ് ഉസ്താദ് എന്ന പരസ്യത്തിലെ അദ്ദേഹത്തിന്റെ പ്രകടനത്തെക്കാൾ ഇന്നിപ്പോൾ ഞാനിഷ്ടപ്പെടുന്നത് അദ്ദേഹത്തിന്റെ വൈറലായ ആ വിഡിയോയാണ്. നൂറ്റാണ്ടിന്റെ തബല മാന്ത്രികനും വിട. പ്രണാമം! ●

## പ്രാർത്ഥന

# ഗുരുവായൂർ ഏകാദശി ദർശനം
# പുണ്യദർശനം



**പത്മിനി രാമകൃഷ്ണൻ**
വെളപ്പായ പിഷാരം, തൃശൂർ



**ഗു**രുവായൂരേകാദശി നാളിൽ ഞാൻ കണ്ണനെ
കാണാനായ് ഗുരുവായൂരെത്തിയല്ലോ
ഉത്സവ നഗരിയിലെത്തി ഞാൻ ചെമ്പൈ-
സംഗീത കച്ചേരി കേട്ടുവല്ലോ
ആയിരമായിരം ഭക്തജനത്തിന്റെ
വരിയിലും നിന്നു ഞാൻ ഭക്തിയോടെ.
കണ്ണനെ കാണണം കൺ നിറയെ കാണണം
ശുദ്ധമനസ്സോടെ നിന്നു ഞാനും. (2)
കണ്ണൻ മനസ്സിൽ കളിയാടും
പോലുള്ളോരനുഭൂതിയിൽ ഞാൻ മതിമറന്നു.
യമുനയിലോളങ്ങൾ നീങ്ങുന്ന പോലെ ഞാൻ
തിരു മുന്നിലെത്തി-തൊഴുതു നിന്നു. (2)
കയ്യിൽ കരുതിയ കദളിപ്പഴങ്ങളും
പട്ടുകോണവും ചെന്താമരയും
ഭക്തിപുരസ്സരം നടയിൽ ഞാൻ വെച്ചല്ലോ
കണ്ണാ നിനക്കുള്ളതാണിതെല്ലാം (2)
മുഴുക്കാപ്പു ചാർത്തിയ പൂമേനി കണ്ടു ഞാൻ
തൃക്കയ്യിൽ വെണ്ണയും പൂങ്കുഴലും
മന്ദഹാസം തൂകി മയിൽപീലിയും ചൂടി
ഓരോ മനസ്സിനേം സ്വന്തമാക്കി
നീ യോരോ മനസ്സിനേം കീഴടക്കി.
വനമാല ചാർത്തിയ കൈശോര വേഷവും
കണ്ടു ഞാനെന്നുണ്ണിക്കണ്ണനേയും
പർവ്വതം പോലുള്ള ദുഃഖങ്ങളൊക്കെയും
കണ്ണാ നിൻ തിരുമുന്നിലർപ്പിച്ചല്ലോ (2)
കണ്ണാ നിൻ കൃപയാലേ ആ ദുഃഖമെല്ലാമേ
മഞ്ഞുപോൽ ഉരുകിപ്പോയി, എന്റെ കണ്ണാ- (2)
തൃപ്പാദം തൊട്ടു ഞാൻ വന്ദിച്ച നേരത്താ
മാന്ത്രികച്ചെപ്പ് തുറന്നപോലെ
അനുഗ്രഹാശിസ്സുകൾ വർഷിച്ചല്ലോ കണ്ണാ
തൃപ്തനായി ഞാനും മടങ്ങിയല്ലോ
ഒരു നോക്കുകൂടിയെൻ കണ്ണനെ ദർശിച്ചാ
തിരുമേനി ഹൃത്തിൽ ഞാൻ കുടിയിരുത്തീ-
കണ്ണാ നീയല്ലാതെ മറ്റൊരാശ്രയവു
മില്ലെന്നു നോക്കി പറഞ്ഞുവല്ലോ-
തിരുനാമം ചൊല്ലി ഞാൻ യാത്ര തുടരുന്നു
കണ്ണാ നീ കനിയണേ എന്നുമെന്നും
കൃഷ്ണാ ഗുരുവായൂരപ്പാ ഭഗവാനേ
കൃഷ്ണാ ഗുരുവായൂരപ്പാ ഹരേ (2)

# വിവാഹമംഗളാശംസകൾ



വരുൺ വാസുദേവൻ  കാവ്യശ്രീ

വല്ലച്ചിറ പിഷാരത്ത് ഡോ. തുളസിയുടെയും വട്ടേനാട്ട് മഠത്തിൽ പിഷാരത്ത് ഡോ. വാസുദേവന്റെയും മകൻ **വരുൺ വാസുദേവനും** കോഴിക്കോട് പന്തീരാങ്കാവ് മഞ്ജീരത്തിൽ രാജഗോപാലൻ മുല്ലശ്ശേരിയുടെയും എം.പി. വിജയലക്ഷ്മിയുടെയും മകൾ **കാവ്യശ്രീയും** തമ്മിലുള്ള വിവാഹം കോഴിക്കോട് പന്തീരാങ്കാവ് റിഥം ഇവൻറ് ഗലേറിയയിൽ വെച്ച് ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിൽ 22-12-2024നു സമംഗളം നടന്നു.



വരുൺ വാസുദേവനും കാവ്യശ്രീയും
ഇരുവരുടെയും മാതാപിതാക്കളോടൊപ്പം.

# വിവാഹമംഗളാശംസകൾ

## വരുൺ വാസുദേവൻ ♥ കാവ്യശ്രീ



വരുൺ വാസുദേവനും കാവ്യശ്രീയും
വരുണിന്റെ സഹോദരിക്കും ഭർത്താവിനും മകനുമൊപ്പം.

കഥ

# The Lost Key





**Harsha Ramachandran**

On a warm, sunny day with the soothing sound of rustling trees, Emily savoured her favourite tiramisu, each bite bursting with a hundred flavours in her mouth. She could taste the rich coffee and feel the soft, spongy texture of the cake. Enjoying her treat, she sat near an ancient oak tree, her favourite hangout spot since childhood in her quiet town surrounded by hills and forests. The tree felt like an old friend.

While enjoying her treat, she noticed something unusual and shiny near the oak tree. Curiosity piqued, she approached it and discovered a small silver key engraved with twisting vines. Looking around, she found no one nearby, so she decided to investigate further. As she was about to leave, she spotted a rusted piece of paper near where the key was buried. The note was old, smelling of soil and decay. Opening it, she saw faint writing, some parts torn and faded.

She managed to read: "Beware, one must not find more about it as it is..." but she also found something interesting on the note there was a date written 29th October 1997.

Intrigued and a bit unsettled, Emily left for home as it was getting dark. That night, she couldn't sleep, her mind swirling with thoughts about the key.

Eventually, she dozed off, only to be awakened by her mom the next morning. As she went downstairs to collect the newspaper, the headline caught her eye:

"Famous author and novelist John Maclary dies a mysterious death." Emily, a fan of John's work, was shocked.

Reading further, she discovered John had received several threats, and some speculated his death was the work of a psychopath, mimicking a murder from his books. Emily felt a connection between the key, the note, and John's death.

The news mentioned twisted vines, similar to the key's engraving. Determined to uncover the truth, she started her investigation.

Emily noted down her suspects: John's secretary, his wife Sarah, and his best friend Jake Andrew Watsson. According to police information:

* The secretary was on vacation.

* Sarah had been shopping with friends and returned to find John dead.

* Jake had visited John that day and reported his death to the police.

Using her connection through her uncle Sam, who published John's books, Emily decided to visit these people under the pretence of offering condolences. At John's house, she spoke with Sarah, who seemed genuinely shocked but had nothing new to add. Emily's suspicion grew when she saw Sarah talking normally with Jake.

Meeting Jake at a fan event, their conversation revealed little, but Jake mentioned a garage John frequented before abruptly leaving. The secretary, too, seemed evasive but mentioned the same garage. Emily asked a friend to locate this mysterious garage.

While going through John's books, Emily noticed similarities between his stories and real-life events. One book mentioned a secret garage with a twisted vine symbol, where the protagonist (Who john believed was himself) kept his secrets. Emily realized the key might open this garage. Emily's hands trembled as she turned the key in the rusty lock of the garage door. The door creaked open, revealing a dimly lit space filled with dusty shelves and boxes. As she stepped inside, her eyes adjusted to the gloom, and she began to explore. Among the clutter, she found a journal with a leather cover, the initials "J.M." embossed on it.

She opened the journal and began to read, her eyes widening with every page. It wasn't just John's personal diary; it was a chronicle of his dark thoughts and obsessions. The entries revealed that John was haunted by a recurring nightmare about a forest with twisted vines, a place where he believed he had buried a terrible secret. Emily's heart raced as she realized the twisted vines on the key weren't just a decorative engraving-they were a clue to John's disturbed mind.

As she read further, Emily discovered that John had been experimenting with dangerous drugs to explore his nightmares more deeply. He had been convinced that these dreams held the key to unlocking a hidden truth about his past. The journal hinted at a traumatic event from John's childhood, something he had repressed but was desperately trying to remember.

Suddenly, Emily's eyes fell upon a final entry, dated just a few days before John's death:

"October 26, 1997: The visions are becoming clearer. The twisted vines lead me to a place I dare not go, but I must. I fear what I will find, but the truth must be uncovered. The key is ready. I must face my demons."

Emily felt a chill run down her spine. She now understood that John's death wasn't just a murder-it was the end of his unraveling sanity and his desperate quest for truth. But who had taken advantage of his fragile state?

Emily's thoughts were interrupted by the sound of footsteps behind her. She turned to see Jake standing in the doorway, his face a mask of concern and guilt.

"Jake," Emily said, her voice trembling, "what are you doing here?"

Jake sighed, stepping into the garage. "I knew you'd find this place eventually. I followed you because I needed to make sure you were safe."

Emily's mind raced. "Safe from what? What really happened to John?"

Jake looked away ,pain etched on his face. "John and I had been friends for years. I knew about his nightmares, his experiments. But I didn't realize how far he'd gone until it was too late. That night, I found him here, delirious and raving. He was holding the key, talking about unlocking the truth. He was completely out of his mind."

Jake's voice broke. "I tried to calm him down, but he attacked me. In the struggle, he fell and hit his head. I panicked and staged it to look like a murder. I couldn't let people know what had really happened. I thought I was protecting his legacy."

Emily's heart ached for John and for Jake. The twisted vines had led to a tragic end, one rooted in the depths of John's tortured psyche.

But then, a chilling thought struck Emily. She pulled out the rusted note she

had found with the key and re-read it. "Beware, one must not find more about it as it is ..."

"Jake," she said slowly, "do you know what this means?"

Jake's eyes widened in shock as he read the note. "No, I didn't leave this."

Suddenly, the pieces clicked together. John had received threat calls, his death mimicked his fictional murders, and now this note? There was someone else involved, someone who had manipulated John's fragile mind and had been pulling the strings all along.

Emily turned to Jake. "John wasn't just unraveling on his own. Someone was pushing him, using his fears against him. And that person is still out there."

As the realization dawned on them, a shadowy figure emerged from the darkness

of the garage, clapping slowly. It was Sarah with, a sinister smile on her face.

"Very clever, Emily,".But you shouldn't have come here. Now, you know toomuch."

Emily and Jake braced themselves as Sarah stepped closer, the truth finally revealed.

The game was far from over, and the real nightmare had just begun. ●

## സ്വാതി എച്ച്. പിഷാരോടി CA ഫൈനൽ പരീക്ഷ ജയിച്ചു



**ഇ**ന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ് (ICAI) 2024 നവംബറിൽ നടത്തിയ ഫൈനൽ പരീക്ഷയിൽ സ്വാതി എച്ച്. പിഷാരോടി വിജയിയായി.

അലനല്ലൂർ പിഷാരത്ത് ഹരികൃഷ്ണന്റെയും കണ്ണനൂർ പിഷാരത്ത് സുമയുടെയും പുത്രിയാണ് സ്വാതി.

സ്വാതിക്ക് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

## സദനം രാമകൃഷ്ണനും രഞ്ജിനിക്കും കളിയരങ്ങ് കഥകളി പുരസ്കാരങ്ങൾ



**പ**റവൂർ കളിയരങ്ങിന്റെ ഈ വർഷത്തെ കഥകളി പുരസ്കാരങ്ങൾ സദനം രാമകൃഷ്ണനും അഡ്വ. രഞ്ജിനി സുരേഷിനും ലഭിച്ചിരിക്കുന്നു.

ചെണ്ടയിലെ ഡോ. വി. അപ്പുക്കുട്ടമേനോൻ സ്മാരക പുരസ്കാരം സദനം രാമകൃഷ്ണനും കഥകളി വേഷത്തിനുള്ള ചെറുവല്യാകുളങ്ങര ശ്രീദേവി വാരസ്യാർ സ്മാരക പുരസ്കാരം അഡ്വ. രഞ്ജിനി സുരേഷിനും ആണ് ലഭിച്ചിരിക്കുന്നത്. 7777 രൂപയും ഫലകവും പൊന്നാടയുമടങ്ങിയതാണ് പുരസ്കാരം.

കളിയരങ്ങിന്റെ പതിമൂന്നാം വാർഷികത്തിൽ 2025 ജനുവരി 5 നു വെളുത്താട്ട് ക്ഷേത്രം ഹാളിൽ വെച്ച് നടക്കുന്ന ചടങ്ങിൽ വെച്ച് പുരസ്കാരങ്ങൾ നൽകും.

രാമകൃഷ്ണനും രഞ്ജിനിക്കും പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!



അഡ്വ. ഹരിപ്രിയ എം. പിഷാരോടി

# തുള്ളൽ കലയിലെ സ്ത്രീ സാന്നിദ്ധ്യം

**തു**ള്ളൽ രംഗത്തെ വളർന്നു വരുന്ന പ്രതിഭയാണ് കൃഷ്ണപുരത്ത് ഹരിപ്രിയ.

പ്രശസ്ത തുള്ളൽ കലാകാരൻ കൃഷ്ണപുരത്ത് മുരളിയുടേയും ആലത്തൂർ പിഷാരത്ത് ജയശ്രീയുടെയും മകൾ. മുത്തശ്ശനും സുപ്രസിദ്ധ ഓട്ടൻ തുള്ളൽ കലാകാരൻ, പഞ്ചവാദ്യത്തിലെ മദ്ദള വാദകൻ, ഗ്രന്ഥകാരൻ, കലാനിരൂപകൻ, വാഗ്മി എന്നീ നിലകളിൽ പ്രശസ്തനും ആദരണീയനുമായ കോങ്ങാട് അച്ചുതപിഷരോടിയാണ് അദ്യ ഗുരുനാഥൻ. 2011-ൽ മുത്തശ്ശന്റെ ശിക്ഷണത്തിൽ അരങ്ങേറ്റം കുറിച്ചു. പിന്നീട് അച്ഛനിൽ നിന്നും തുള്ളൽ പഠനം തുടർന്ന് മുന്നണിയിലും




പിന്നണി പാട്ടിലും സജീവമായി തുള്ളൽ രംഗത്ത് പ്രവർത്തിക്കുന്ന ഹരിപ്രിയ ഈ ചെറുപ്രായത്തിൽ തന്നെ മുന്നൂറോളം വേദികളിൽ തുള്ളൽ അവതരിപ്പിച്ചിട്ടുണ്ട്.

സംഗീതത്തിലും അഭിരുചി പുലർത്തുന്ന ഹരിപ്രിയ കലാമണ്ഡലത്തിൽ നിന്നും കർണ്ണാടക സംഗീതത്തിൽ ഡിപ്ലോമ നേടിയിട്ടുണ്ട്. അഷ്ടപദി ഹൃദിസ്ഥമായ ഈ കലാകാരി കഥകളി സംഗീതത്തിൽ പ്രശസ്ത കഥകളി സംഗീതജ്ഞൻ പാലനാട് ദിവാകരൻ നമ്പൂതിരിയുടേയും പാലനാട് ദീപയുടേയും ശിക്ഷണത്തിൽ കഥകളി സംഗീതം അഭ്യസിച്ച് അരങ്ങേറ്റവും നടത്തിയിട്ടുണ്ട്.

കലാരംഗത്തെ മികവിനൊപ്പം പഠനത്തിലും മിടുക്കിയായ ഹരിപ്രിയ BBA L.L.B (HONS) ബിരുദം കരസ്ഥമാക്കി ഒരു വർഷമായി TATA AIG ലീഗൽ ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്യുന്നു. അനുജത്തി ശ്രുതകീർത്തിയും തുള്ളൽ കലാകാരിയും നിയമവിദ്യാർത്ഥിനിയുമാണ്.

ഇതു വരെയുള്ള എല്ലാ വേദികളിലും ഓട്ടൻ തുള്ളൽ അവതരിപ്പിച്ച് പാടവമുള്ള ഹരിപ്രിയ മുംബൈ ശാഖ ശീതങ്കൻ തുള്ളൽ നഗരത്തിലെ പുതു തലമുറക്ക് പരിചയപ്പെടുത്തണമെന്ന ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ സന്തോഷത്തോടെ ശീതങ്കൻ തുള്ളൽ അവതരിപ്പിക്കാനും തയ്യാറായി.

തുള്ളൽ കലയുടെ ഉപജ്ഞതാവായ കുഞ്ചൻ നമ്പ്യാരാണ് തുള്ളൽ കലയിലെ മൂന്ന് രൂപങ്ങളായ ശീതങ്കൻ, ഓട്ടൻ, പറയൻ എന്നീ രൂപങ്ങളും ആദ്യമായി ചിട്ടപ്പെടുത്തിയത്. മിഴാവ് വാദകനായിരുന്ന കുഞ്ചൻ നമ്പ്യാർ ചാക്യാർ കൂത്തിനിടെ ഉറങ്ങിയെന്നും ഇത് കണ്ട ചാക്യാർ വേദിയിൽ വെച്ച് അദ്ദേഹത്തെ അപഹസിച്ചുവെന്നും ചാക്യാരോടുള്ള പ്രതികാരസൂചകമായി ഒറ്റ രാത്രി കൊണ്ട് പുതിയ ഒരു കലാരൂപത്തിന് ജന്മം നൽകി പിറ്റേ ദിവസം അവതരിപ്പിച്ചുവെന്നുമാണ് തു

# സ്മിത പിഷാരടി ഇനി സിനിമയിൽ

**ബാംഗ്ലൂ**രിലെ അറിയപ്പെടുന്ന നൃത്ത അദ്ധ്യാപികയും നൃത്ത സംവിധായികയുമായ ശ്രീമതി സ്മിത പിഷാരടി ആദ്യമായി അഭിനയിക്കുന്ന 'വെളിച്ചം തേടി' എന്ന ചലച്ചിത്രം തിരുവനന്തപുരത്ത് നടന്നു കൊണ്ടിരിക്കുന്ന ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള (IFFK) യിൽ പ്രദർശിപ്പിച്ചു. ഒന്നര മണിക്കൂർ നീണ്ടു നിൽക്കുന്ന ഈ ചിത്രം മേളയിൽ വളരെയേറെ ശ്രദ്ധയും അഭിനന്ദനങ്ങളും പിടിച്ചു പറ്റി. സ്മിതക്ക് ചെറുതെങ്കിലും ഏറെ പ്രാധാന്യമുള്ള വേഷമാണ് 'വെളിച്ചം തേടി'യിൽ. ശ്രീ. കെ. റിനോഷൻ ആണ് ചിത്രം സംവിധാനം ചെയ്തിട്ടുള്ളത്. മറ്റു അഭിനേതാക്കൾ നൊയ്ല ഫ്രാൻസി, നിധിൻ പോപ്പി, പൂജ ശ്രേനൻ, സ്നിഗ്ദ്ധ നായർ, മണികണ്ഠൻ കെ., രക്ഷിത് പവാർ, ശരൺ.

സ്മിത പിഷാരടിയെയും അവരുടെ നർത്തന പ്രതിഭയെയും വിപുലമായി നമ്മൾ അറിയുന്നത് തൃശ്ശൂരിൽ വെച്ച് നടന്ന പഞ്ചാരിയിൽ സിനിമാതാരം കൂടിയായ കുമാരി ശ്രവണയും സ്മിതയും ചേർന്ന് അവതരിപ്പിച്ച തികച്ചും വ്യത്യസ്തവും മനോഹരവുമായ നൃത്താവിഷ്ക്കാരത്തിലൂടെയാണ്. അതിന്റെ കൊറിയോഗ്രാഫിയും സ്മിതയായിരുന്നു. പഞ്ചാരിയുടെ പ്രൊമോയിലും സ്മിത ഉണ്ടായിരുന്നു.



പുതുമനശ്ശേരി പിഷാരത്ത് ശ്രീ. മുരളി പിഷാരടിയും തേനൂർ പിഷാരത്ത് ശ്രീമതി കൃഷ്ണകുമാരിയുമാണ് മാതാപിതാക്കൾ. ഭർത്താവ് വൈദീശ്വരൻ. മക്കൾ വേദാന്ത്, വിശാഖ.

ശ്രീമതി സ്മിത പിഷാരടി ഇനിയുമിനിയും വളരെ ശ്രദ്ധേയമായ വേഷങ്ങളോടെ മലയാള, മലയാളേതര സിനിമാരംഗത്ത് നിറഞ്ഞു നിൽക്കാൻ പിഷാരോടി സമാജവും തുളസീദളവും, വെബ് സൈറ്റും ആശംസിക്കുന്നു.

ള്ളലിന്റെ ഐതിഹ്യം. അന്ന് അദ്ദേഹം ആദ്യമായി അവതരിപ്പിച്ചത് ശീതങ്കൻ തുള്ളൽ ആയിരുന്നുവത്രേ. അദ്ദേഹം ചിട്ടപ്പെടുത്തിയ ആദ്യത്തെ കഥ കല്യാണസൗഗന്ധികം ആയിരുന്നു.

തുള്ളൽക്കാരൻ മുഖത്ത് മഞ്ഞ നിറത്തിലുള്ള പൊടി തേച്ച് മിനുക്കി തലയിൽ കറുത്ത തുണി കൊണ്ട് കെട്ടി പുരികവും എഴുതി പൊട്ട് തൊട്ട് കുരുത്തോല കൊണ്ടുണ്ടാക്കിയ മെയ്യാഭരണങ്ങളും ധരിച്ചാൽ ശീതങ്കൻ തുള്ളലിന്റെ വേഷമായി. കാലിലെ കെച്ചമണിയും ഓട്ടൻതുള്ളലിന്റേതു പോലെ തന്നെ. മുഖത്ത് മഞ്ഞതേച്ച് മിനുക്കാതെയും ചില ദിക്കുകളിൽ ശീതങ്കൻ തുള്ളൽ അവതരിപ്പിച്ച് കാണുന്നു. ശീതങ്കൻ തുള്ളലിൽ കൂടുതലായി ഉപയോഗിച്ച് വരുന്ന വൃത്തമാണ് കാകളി.

ഹരിപ്രിയ മുംബൈ ശാഖയിലെ പ്രകടനത്തിന് തിരഞ്ഞെടുത്തതും കല്യാണസൗഗന്ധികമായിരുന്നു. ഒന്നര മണിക്കൂർ നീണ്ടു നിന്ന ഹരിപ്രിയയുടെ പ്രകടനം സശ്രദ്ധം വീക്ഷിച്ച മുംബയിലെ നഗരസദസ്സ് വേണ്ടുവോളം പ്രോത്സാഹനം നൽകിയാണ് അവരെ യാത്രയാക്കിയത്.

തുള്ളൽ കലാരൂപത്തെ ഒരു മിമിക്രിയായി കരുതി അവതരിപ്പിക്കുന്നതിൽ വൈമുഖ്യമുള്ള ഹരിപ്രിയ ഈ മഹത്തായ കലയെ തനത് രൂപത്തിൽ അടുത്ത തലമുറയിലേക്ക് പകർന്നു നൽകുവാൻ തന്നെക്കൊണ്ടാവുന്നത് ചെയ്യണം എന്ന ആഗ്രഹം കൂടി വ്യക്തമാക്കുന്നു. ഇനിയും ഈ കലാരംഗത്ത് നല്ലരീതിയിൽ മുന്നേറി കൂടുതൽ ഉയരങ്ങളിലേക്കെത്തുവാനുള്ള ശ്രമങ്ങളിലാണ് ഹരിപ്രിയ.

ഹരിപ്രിയക്ക് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും ആശംസകളും അഭിനന്ദനങ്ങളും അറിയിക്കുന്നു.

ഹരിപ്രിയയുടെ
ശീതങ്കൻ തുള്ളൽ വീഡിയോ
കാണുവാൻ QR കോഡ്
സ്കാൻ ചെയ്യുക

POEM

# The Kitchen Drama



Aswathi A.S.

**B**ake us a cake,
For we feel so hungry.
Clean the house and the furniture,
For the home looks dirty and messy.
Clean the laundry and clean the floor,
Dust the wardrobe,
Teach the kids,
Give them a shower,
This never-ending kitchen drama,
Begins with the whistle of the rooster,
And ends with the owl’s hoot.
Can she rest at night?
No, never at all.
At night, a slave to satisfy her partner’s desires,
Compelled to obey his instructions.
Her weariness not an excuse at all.
No fame, No recognition,
Just commandments and denial.
This toil will persist,
Until the funeral bell rings,
The last call from nature,
Her chores remain an unending list.

## വിനായക് എ. പിഷാരടിക്ക് കരാട്ടെ ബ്ലാക്ക് ബൽറ്റ്



**ഹാ**ൻഷി ഷാജു പോൾ നാഷണൽ ചീഫ് ആയിട്ടുള്ള, 7 ജില്ലകളിൽ വ്യാപിച്ചു കിടക്കുന്ന അക്കാദമിയുടെ സെൻസെയ് അഭിലാഷ് വി.എം. ജില്ലാ ചാർജ്ജ് വഹിക്കുന്ന കോട്ടയം ജില്ലയിൽ നിന്നും പെരുമ്പാവൂരിൽ വെച്ച് നടന്ന 7 ദിവസത്തെ ഷാവോലിൻ ഇന്റർനാഷണൽ മാർഷ്യൽ ആർട്സ് അസ്സോസിയേഷൻ അക്കാദമിയുടെ കരാട്ടെ ബ്ലാക്ക് ബൽറ്റ് ഗ്രേഡിങ്ങ് ടെസ്റ്റിൽ വിനായക് എ. പിഷാരടി ബ്ലാക്ക് ബൽറ്റ് നേടി. കോട്ടയം ശാഖയിലെ വെന്നിമല ശ്രീശൈലത്തിൽ അജിത്കുമാറിന്റെയും പൊന്നാനി കിഴക്കേപ്പാട്ട് പിഷാരത്ത് കവിതയുടെയും മകനാണ് വിനായക്.

വിനായകിന് പിഷാരോടി സമാജത്തിന്റെയും തുളസീദളത്തിന്റെയും വെബ്സൈറ്റ് ടീമിന്റെയും ആശംസകൾ.

# വിവാഹമംഗളാശംസകൾ



**മയങ്ക്** **ചൈതന്യ**

തിരുനാരായണപുരത്ത് പിഷാരത്ത് രവീന്ദ്രന്റെയും വാടാനാംകുറുശ്ശി നടുവിൽ പിഷാരത്ത് ജ്യോതിയുടെയും (ഗോകുലം, മതുപ്പുള്ളി പിഷാരം, പെരിങ്ങോട്, പാലക്കാട് ജില്ല) മകൾ **ചൈതന്യയും** മഹാരാഷ്ട്ര ഉൽവെയിലെ സുരേഖ – ഭരത് ഗോടെച്ച ദമ്പതിമാരുടെ മകൻ **മയങ്കും** തമ്മിലുള്ള വിവാഹം 07 – 12 – 2024നു നവി മുംബൈ കോപ്പർ ഖൈർനെ ലോഹാന സമാജ് ഹാളിൽ വെച്ച് ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിൽ സമംഗളം നടന്നു.

# 50-ാം വിവാഹവാർഷികം

# ആശംസകൾ





തിരുമിറ്റക്കോട് പിഷാരത്ത്

**ഉണ്ണികൃഷ്ണ പിഷാരോടിയും**

ചെറുകുന്ന് തെക്കെ വീട്ടിൽ പിഷാരത്ത്

**ശാരദ പിഷാരസ്യാരും**

50-ാം വിവാഹവാർഷികദിനം
2024 നവംബർ 10ന് സീ ബ്രീസ് സൊസൈറ്റി,
നെരുളിലെ കമ്മ്യൂണിറ്റി ഹാളിൽ വെച്ച്
ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിൽ
ആഘോഷിച്ചു.

കഥ

# റസ്ക്കിൻ ബോണ്ടിന്റെ സാഹസം



മീര വിളയിൽ

**പു**തിയ സൈക്കിളുമായി ലോകം ചുറ്റാൻ ഇറങ്ങിയത് കൈയോടെ പിടികൂടിയത്തിന്റെ വിഷമത്തിൽ ഇരിക്കുകയായിരുന്ന കിച്ചാപ്പിയെ അമ്മൂമ്മ പതിയെ അടുത്ത് വിളിച്ചു. ഓലക്കൊടി കൈയിൽ കൊടുത്തു അടുപ്പ് കത്തിക്കാൻ ശിക്ഷണം നൽകി. പുതിയ വസ്തു കൈയിൽ കിട്ടി തിരിച്ചും മറിച്ചും നോക്കി അവൻ അതു ആട്ടാൻ നോക്കി. അപ്പോഴാണ് അമ്മൂമ്മ വളരെ വൈദഗ്ദ്യത്തോടെ ഗ്യാസ് അടുപ്പ് കത്തിക്കുന്നത് അവൻ ശ്രദ്ധിച്ചത്. 'കിടിം.... കൊള്ളാലോ....' ടിക്ക് ശബ്ദത്തിൽ തീ വരുന്നു. അമ്മൂമ്മ ആ തീയിൽ നിന്നും ഓലക്കൊടി കത്തിച്ചു അടുപ്പിലേക്കു വെച്ചു. അവനും ഉത്സാഹിച്ചു ഓരോ കൊള്ളികൾ ആയി വെക്കാൻ തുടങ്ങി. അങ്ങനെ വളരെ കഷ്ടപ്പെട്ട് വെള്ളം തിളപ്പിച്ച കിച്ചാപ്പിയെ അമ്മൂമ്മ വെണ്ണ കൂട്ടിയ ചോറുരുള്ള കൊടുത്തു സന്തോഷിപ്പിച്ചു.

അങ്ങനെ ഇരിക്കയാണ് 'ഉണ്ണിക്കണ്ണന്റെ ലീലാവിലാസം മാത്രമാണ് ലോകം' എന്നു പറഞ്ഞു അമ്മൂമ്മ അമ്പലം വെച്ചുപിടിച്ചത്. മുത്തശ്ശനെ വീട്ടുകാവൽ ഏല്പിച്ചു, മുത്തശ്ശനെ നോക്കാൻ കിച്ചാപ്പിയേയും ഏല്പിച്ചു അമ്മൂമ്മ രാവിലെ ഭക്തി പ്രസ്ഥാനത്തിലേക്കു പ്രയാണം ആരംഭിച്ചു. അങ്ങനെ വീട്ടിൽ ഇരുന്നു മാഷാ ആൻഡ് ബീർ കാണുന്ന കിച്ചാപ്പിക്കു പെട്ടന്ന് വിശക്കാൻ തുടങ്ങി. മുന്നിൽ ഇരുന്ന കാലി പലഹാരം പാത്രം അവനെ നോക്കി കളിയാക്കി ചിരിച്ചു. അപ്പോഴാണ് റസ്കിൻ ബോണ്ടിനു ആശയം ഉദിച്ചത് 'ഗ്യാസ് കത്തിച്ചു ഫ്രിഡ്ജിൽ ഇരിക്കുന്ന ഫ്രഞ്ച് ഫ്രെയ്സ് വറക്കാം' എന്ന്. വീടിനു മുന്നിലിരുന്നു മാതൃഭൂമി വായിക്കുന്ന മുത്തശ്ശൻ പുറത്താണ് എന്നു ഉറപ്പുവരുത്തി കതകു കുറ്റിയിട്ടു കിച്ചാപ്പി അടുക്കള ലക്ഷ്യമാക്കി നടന്നു. വളരെ ശ്രദ്ധയോടെ ഒച്ചയുണ്ടാക്കാതെ ഓരോ കാൽവെപ്പുകളും അവൻ വെച്ചു. (ടോം പൂച്ചയെ വെല്ലുന്ന തരത്തിൽ) ചീനച്ചട്ടിയെടുത്തു അടുപ്പിൽ വെച്ചു തീ കത്തിച്ചു. കസേര വെച്ചു ഏന്തി വലിഞ്ഞു ഭിത്തിയിൽ ഇരുന്ന എണ്ണക്കുപ്പി കൈക്കലാക്കി പൈപ്പ് തുറക്കുന്ന പോലെ എണ്ണ ഒഴിച്ചു. ഫ്രിഡ്ജിൽ ഇരുന്ന ഫ്രഞ്ച് ഫ്രൈസ് ഒരുവിധത്തിൽ അതിലേക്കു ഇട്ടു. (എണ്ണ ചൂടാകണം എന്ന ക്ലാസ്സ് അവനു മിസ്സ് ആയിരുന്നു) എണ്ണയിൽ ഇട്ട സാധനം അതുപോലെ കോരിയെടുത്തപ്പോൾ എന്തോ അബദ്ധം പിണഞ്ഞു എന്നു അവനു മനസിലായി. ഫ്രഞ്ച് ഫ്രൈസ് അവൻ ഇട്ടതു പോലെ തണുത്തു ഇരിക്കുന്നു. തോൽക്കാൻ തയ്യാറല്ലാത്ത ചന്തു കത്തിയെടുത്തു മുറിക്കാൻ ഒരു ശ്രമം നടത്തി.

പക്ഷെ, സംഗതി അവിടെ പാളിപോയി. കത്തി കൊണ്ടത് വിരലിൽ ആയി. ചോര ഒലിക്കുന്ന കൈയുമായി വാതിൽ തുറന്നപ്പോൾ ആണ് മുത്തശ്ശൻ കഥ അറിയുന്നത്. ചീത്ത പേടിച്ചു നിൽക്കുന്ന കിച്ചാപ്പിയെ 'കഴിഞ്ഞോ ഇന്നത്തെ കലാപരിപാടി' എന്ന മട്ടിൽ മുത്തശ്ശൻ ഒന്ന് നോക്കി. കണ്ണിൽ നിന്നാണോ കൈയിൽ നിന്നാണോ ഒഴുക്ക് കൂടുതൽ എന്നു മനസിലാക്കാൻ പറ്റാതെ മുത്തശ്ശൻ നിന്നു. കൈ കഴുകി കഴിഞ്ഞപ്പോൾ ബാൻഡേജ് തിരഞ്ഞു ക്ഷമക്കെട്ട് രണ്ടു പേരും കൂടി അതു വാങ്ങാൻ അമീന്റെ കട ലക്ഷ്യമിട്ടു വണ്ടി പിടിച്ചു. മിന്നാരത്തിലെ ജഗതിയെ പോലെ 'ആ നിലവിളി ശബ്ദം ഇടു' എന്നു അലറി കൊണ്ടു കിച്ചാപ്പി ബൈക്കിന്റെ പുറകിൽ ഇരുന്നു. അമീന്റെ പീടികയിൽ പോയി ബാൻഡേജ് വെച്ചു കഴിഞ്ഞപ്പോഴാണ് കിച്ചാപ്പിക്കു ബോധം വീണത് (മുത്തശ്ശനു പോയതും) ബ്രെഡ്, ചീസ്, ഡയറി മിൽക്ക് ..... നീണ്ടു പോയ ലിസ്റ്റ് പിടിക്കാൻ ആളെ നിർത്തേണ്ടി വരും എന്ന അവസ്ഥ. ഒരു രൂപയുടെ ബാൻഡേജിന് മുത്തശ്ശനു അഞ്ഞൂറ് രൂപ കൊടുക്കേണ്ടി വന്നു. എല്ലാം കഴിഞ്ഞു സിപ് അപ്പ് വായിലിട്ടു ഞാൻ ഒന്നും അറിഞ്ഞില്ലേ എന്ന മട്ടിൽ കിച്ചാപ്പി വീട്ടിലേക്കു വെച്ചു പിടിച്ചു....

*വാൽകഷ്ണം* ഉണ്ണിക്കണ്ണനെ കാണാൻ പോയ യാശോദാമ്മ ഉരലിൽ കെട്ടാൻ ഉള്ള കയർ അന്വേഷിച്ചു നടക്കുകയാണ്.

-ശുഭം-

അനുസ്മരണം



# നഷ്ട വാത്സല്യം

ആശ മണിപ്രസാദ്

**ക**ണ്ണൂർ ജില്ലയിൽ, ചെറുകുന്ന് എന്ന ഒരു കൊച്ചു ഗ്രാമത്തിലാണ് എന്റെ തറവാട്. ചെറുപ്പകാലങ്ങളിൽ വിഷു വിളക്ക് ഉത്സവത്തിന് ഞാനവിടെ ചെല്ലാറുണ്ട്. എന്റെ അമ്മമ്മയാണ് എന്നെ ചെറുകുന്നിലേക്ക് കൊണ്ടുപോകാറുണ്ടായിരുന്നത്. പിന്നീട് കാലപ്രവാഹത്തിൽ ഞാൻ വിവാഹിതയായി. അപ്രതീക്ഷിതമെന്ന് പറയട്ടെ; ചെറുകുന്നിൽ വാഴുന്ന ശ്രീ അന്നപൂർണ്ണേശ്വരി ദേവിയുടെ കടാക്ഷത്താൽ ഞാൻ ചെറുകുന്നിലേയ്ക്ക് തന്നെയാണ് വിവാഹിതയായി പോയത്.

മംഗല്യവതികളായ എല്ലാ സ്ത്രീകൾക്കും ഉണ്ടാകുന്ന ഉത്കണ്ഠ എനിക്കുമുണ്ടായിരുന്നു - ഭർതൃമാതാവ് എങ്ങനെയായിരിക്കും എന്ന് ! വളരെ ഭയഭക്തിയോടെയും ബഹുമാനത്തോടെയും ഞാൻ അമ്മയുടെ അരികിൽ ചെന്നു. കല്യാണ നിശ്ചയത്തിന് അമ്മ എന്റെ വീട്ടിൽ വന്നിരിന്നു. അന്ന് അമ്മ എന്നോട് ആദ്യമായി ചോദിച്ച ചോദ്യം ഇതായിരുന്നു - മണിയനെ നിനക്ക് ഇഷ്ടമായോ എന്ന്. ആ ചോദ്യത്തിന് പുഞ്ചിരിയോടെ ഞാൻ മറുപടി നൽകിയപ്പോൾ അമ്മയുടെ കണ്ണുകളിൽ കണ്ട സന്തോഷം ഞാൻ ഇപ്പോഴും ഓർക്കുന്നു. പിന്നീട് വിവാഹ ശേഷം അമ്മയുടെ പെരുമാറ്റവും എന്നോടുള്ള സമീപനവും എന്റെ ഉള്ളിലുണ്ടായിരുന്ന ഉത്കണ്ഠയെയും പേടിസ്വപ്നങ്ങളെയും അകറ്റി. അന്നപൂർണ്ണേശ്വരി ദേവി എന്നെ അറിഞ്ഞു കടാക്ഷിച്ചു. മാതൃത്വത്തിന് തുല്യമായ വാത്സല്യം ഞാൻ അമ്മയിൽ നിന്ന് ആസ്വദിച്ചു തുടങ്ങി. ഇത്രയുമായപ്പോൾ ഭയഭക്തിയിലെ ഭയം എന്നെ വിട്ട് നീങ്ങി. സ്നേഹവും, ഭക്തിയും, ബഹുമാനവുമായി മാറി ഞങ്ങളുടെ ബന്ധം. ദിവസങ്ങളും ,മാസങ്ങളും നീങ്ങിയതോടെ, അമ്മക്ക് സ്വന്തം മകനോടുള്ള സ്നേഹത്തിലുപരി എന്നോടാണ് സ്നേഹം എന്ന് അധികം താമസിയാതെ തന്നെ എനിക്ക് മനസ്സിലായി. ജീവനു തല്യം സ്നേഹിക്കുന്ന അമ്മയെ ഞാൻ കണ്ടുതുടങ്ങി. ഇവിടെ ഞാൻ സുരക്ഷിതയാണെന്ന് എനിക്ക് ഉറപ്പായി.



മാസങ്ങൾ നീളവെ, ഞങ്ങൾ പരസ്പരം സുഖ ദുഃഖങ്ങൾ പങ്കിട്ടുതുടങ്ങി. അങ്ങനെയിരിക്കെ നാളുകൾക്ക് ശേഷം ഞാൻ മനസ്സിലാക്കി, ഞാനുമൊരു അമ്മയാകാൻ പോകുന്നു എന്ന സത്യം. ഈ കാലയളവിൽ അമ്മയുടെ വാക്കുകളിൽ നിന്ന് പഠിച്ചതാണ് മാസഭേദം എന്ന വാക്ക്. ഇതിന്റെ പൊരുൾ ആദ്യം എനിക്ക് മനസ്സിലായില്ല. പിന്നീട് അമ്മ തന്നെ അതിന്റെ അർത്ഥം മനസ്സിലാക്കി തന്നു. ഒരു അമ്മയാകാൻ പോകുന്നതിനാണ് അങ്ങനെ പറയുന്നത് എന്ന്.

ഇങ്ങനെ എത്രയോ പദങ്ങളും ഉപമകളും ഞാൻ അമ്മയിൽ നിന്ന് പഠിച്ചു. കണ്ണൂർ ഭാഗത്ത്, അതായത് വടക്കൻ കേരളത്തിൽ ഇങ്ങന പലതിനും വ്യത്യസ്തമായ പ്രയോഗങ്ങളാണ്. ഈ പ്രയോഗങ്ങൾ അമ്മയിൽ നിന്ന് പെട്ടെന്നു തന്നെ ഞാനും ഗ്രഹിച്ചു. മാസഭേദമായ പെണ്ണുങ്ങൾ അടിച്ചു വാരുന്നത് നല്ലതാണ് എന്ന് പറഞ്ഞ് അമ്മ എന്നോട് അതു ചെയ്യാൻ പറഞ്ഞപ്പോൾ ചൂല് എവിടെ ആണ് എന്ന എന്റെ ചോദ്യത്തിന് അമ്മയുടെ മറുപടി ഇതായിരുന്നു - മാച്ചി അതാ അവിടെ അടുക്കളയുടെ പുറകു വശത്ത് ഉണ്ട് എന്ന്. മാച്ചി എന്നുവച്ചാൽ ചൂലാണ്. പിന്നെ അടിച്ചു വാരി കഴിഞ്ഞപ്പോഴോ അമ്മയുടെ പറച്ചിൽ - 'ആ കാട്ടം കോരിയിൽ വാരിയിട്ട് അപ്രത്തേയ്ക്ക് ചാടിക്കോ' എന്ന്. ഭാഗ്യത്തിന് ഞാൻ ചാടിയില്ല എന്നേയുള്ളൂ.

അമ്മ ഉദ്ദേശിച്ചത് , അടിച്ചു വാരിയ കച്ചറ ചൂലിന്റെ കൂടെ ഉള്ള ചെറിയ മുറത്തിൽ വാരിയിട്ട് അപ്പുറത്തേയ്ക്ക് കളഞ്ഞേ എന്നാണ് എന്ന് അൽപം വൈകിയാണ് എനിക്ക് മനസ്സിലായത്. പിന്നീട് ഒരു ദിവസം ഉച്ചയൂണിന് ഞാൻ കാബേജ് തോരൻ ഉണ്ടാക്കി. അതുകണ്ട് അമ്മ ചിരിച്ചു കൊണ്ട് ചോദിച്ചു - ഇതെന്താണ് തോരൻ ചിരിച്ചോണ്ടു ള്ളത് എന്ന്. എന്റെ പാചകം രുചിച്ചു നോക്കാതെ തന്നെ നന്നായിട്ടുണ്ട് എന്ന് പറയുകയാണ് എന്നാണ് ഞാൻ കരുതിയത്. അമ്മ അതിലേക്ക് കുറച്ചു മഞ്ഞപ്പൊടി വിതറിയപ്പോഴാണ് എനിക്ക് മനസ്സിലായത് കാബേജ് തോരനിൽ ഞാൻ മഞ്ഞപ്പൊടി ഇടാഞ്ഞതിനാണ് അമ്മ അങ്ങനെ ഒരു ഉപമ പറഞ്ഞത് എന്ന്! അതുപോലെ, പിട്ട് വെള്ളായി (കരയുക), ആ പരിപ്പ് ഇവിടെ വേവില്ല (ആ അടവ് ഇവിടെ ഫലിക്കില്ല) എന്നിങ്ങനെയുള്ള പല ഉപമകൾ വളരെ മനോഹരം തന്നെ.

അങ്ങനെ മാസങ്ങൾ കടന്നു പോയി ഞാൻ പ്രസവിക്കാനുമായി. മുംബൈയിലായിരുന്നു എന്റെ പ്രസവം. ഒരു ദിവസം പരിശോധനക്ക് അമ്മയും ഞാനും ചെന്നപ്പോൾ ഡോക്ടർ പറഞ്ഞു; ഇന്ന് ഇപ്പോൾ തന്നെ പ്രസവം ഉണ്ടാകും എന്ന്. അമ്മയുടെ നെഞ്ചിടിക്കാൻ തുടങ്ങി. ഞാൻ എന്തെങ്കിലും അമ്മയോട് പറയുന്നതിന് മുമ്പേ നഴ്സുമാർ എന്നെ ലേബർ റൂമിലേക്ക് കൊണ്ടുപോയി. അതിൽ ഒരു നഴ്സ് അമ്മയോട് ഹിന്ദിയിൽ ചോദിച്ചു - ഞാൻ ആരാണെന്നും, കൂടെ മാറ്റാരും ഇല്ലേ എന്നും, എന്റെ ഭർത്താവിന്റെ നമ്പർ ഉണ്ടോ എന്നൊക്കെ ....

ഭാഷ വശമില്ലാത്തതിനാൽ അമ്മക്ക് ഒന്നും മനസ്സിലായില്ല. പക്ഷെ അമ്മ ഏകദേശം ഗ്രഹിച്ചെടുത്തു കൊണ്ട് എന്റെ ബാഗ് അവർക്ക് നൽകി. അതിൽ നിന്നും നഴ്സുമാർ ഭർത്താവിന്റെ നമ്പർ കണ്ടെത്തി. അൽപ സമയത്തിനുള്ളിൽ ഞാൻ പ്രസവിക്കുകയും അമ്മയുടെ പരിഭ്രമം കണ്ടിട്ട് കുഞ്ഞിനെ അവർ ആദ്യം അമ്മയുടെ കൈകളിൽ നൽകി. പിന്നീടാണ് കുഞ്ഞിനെ എന്നെ കാണിച്ചത്. കൂട്ടത്തിൽ ഉണ്ടായിരുന്ന ഒരു മലയാളി നഴ്സ് വെപ്രാളം കണ്ടിട്ട് ചോദിച്ചു - ഞാൻ അമ്മയുടെ മകളാണോ എന്ന്. മോന്റെയോളാണ് എന്ന് അമ്മ മറുപടി പറഞ്ഞു. അങ്ങനെ കുഞ്ഞിനെ ആദ്യമായി അമ്മയുടെ കരങ്ങളിൽ നൽകിയത് ഈശ്വരാനുഗ്രഹമായി ഞാൻ കരുതുന്നു.

സുഖദുഃഖങ്ങൾ പങ്കിട്ടു വർഷങ്ങൾ കടന്നു പോയി. നാട്ടിൽ അമ്മ ഒറ്റയ്ക്ക് താമസമായി. ഞങ്ങൾ മുംബൈയിലും. പിന്നീട് വർഷത്തിൽ ഒരിക്കൽ മാത്രമായി ഞങ്ങളുടെ കൂടിക്കാഴ്ച. അങ്ങനെയിരിക്കവേ, 2024 മെയ് മാസം 25 ന് അമ്മയ്ക്ക് ഒരു വീഴ്ച സംഭവിച്ചു. വലതു വശത്തെ അരക്കെട്ടിന്റെ എല്ല് പൊട്ടി. ബന്ധുക്കളും, അയൽവാസികളും ചേർന്ന് അമ്മയെ ആശുപത്രിയിൽ എത്തിച്ചു. വീട്ടിൽ അമ്മ ഒറ്റയ്ക്ക് ആയതിനാൽ ഭാഗ്യത്തിന് അന്ന് അവിടെ വന്നിരുന്ന വീട് വൃത്തിയാക്കുന്ന ചേച്ചിയാണ് അമ്മ വീണത് കണ്ടത്. ചേച്ചി ഉടൻ തന്നെ അടുത്തുള്ളവരെ അറിയിക്കുകയും ചെയ്തു. അമ്മ വീണ വിവരം അറിഞ്ഞ് അടുത്ത ദിവസം തന്നെ ഞാൻ നാട്ടിൽ എത്തി. അമ്മയ്ക്ക് ഓപ്പറേഷൻ വേണം എന്ന് ഡോക്ടർ പറഞ്ഞു. അതിനു വേണ്ട എല്ലാ ഒരുക്കങ്ങളും ചെയ്തു. ഓപ്പറേഷൻ കഴിഞ്ഞു. കുഴപ്പമൊന്നുമില്ല എന്ന് ഡോക്ടർ പറഞ്ഞപ്പോഴാണ് എന്റെ ശ്വാസം നേരെയായത്. ആശുപത്രിയിലെ ശുശ്രൂഷയ്ക്ക് ശേഷം അമ്മയെ വീട്ടിൽ എത്തിച്ചു. വീട്ടിൽ വേണ്ട എല്ലാ പരിചരണവും ആരംഭിച്ചു. ഓപ്പറേഷൻ കഴിഞ്ഞ് ഒന്നര മാസത്തിന് ശേഷം അമ്മയ്ക്ക് പതുക്കെ നടക്കാൻ സാധിക്കുമെന്ന് ഡോക്ടർ പറഞ്ഞതോടെ എനിക്കാശ്വാസമായി. നാളുകൾ നീങ്ങവെ, പോസ്റ്റ് ഓപ്പറേറ്റീവ് ഡെല്ലീര്യത്തിന്റെ ലക്ഷണങ്ങൾ അമ്മയിൽ കണ്ടു തുടങ്ങി. അമ്മ അർത്ഥമില്ലാതെ സംസാരിക്കാനും, ബഹളമുണ്ടാക്കാനുമൊക്കെ തുടങ്ങി. ആരെയും തിരിച്ചറിയാൻ സാധിക്കാതെയായി. പക്ഷേ അമ്മയെ പരിചരിച്ചു കൊണ്ട് തിരിച്ച് പഴയ മട്ടിലേയ്ക് കൊണ്ടുവരാൻ കഴിയും എന്ന പൂർണ്ണ വിശ്വാസം എനിക്കുണ്ടായിരുന്നു. ഒറ്റയ്ക്ക് എനിക്ക് അമ്മയെ പരിചരിക്കാൻ ബുദ്ധിമുട്ട് വന്നപ്പോൾ ഒരു ഹോം നഴ്സിനെ ഏർപ്പാടാക്കി. പക്ഷെ അമ്മ ആരോടും സഹകരിക്കാതെയായപ്പോൾ മല്ലിക മുതൽ സരളവരെ പത്തു പന്ത്രണ്ടു ഹോം നർസുമാർ മാറി മാറി വന്നു. അതിനിടയിൽ ഫിസിയോതെറാപ്പി ചെയ്ത് അമ്മയെ നടത്തിക്കാനുള്ള ശ്രമങ്ങളും ആരംഭിച്ചു. മാന്യനായ ഒരു ചെറുപ്പക്കാരൻ തെറപ്പിസ്റ്റ് സുന്ദരി എന്ന് അമ്മയെ വിളിച്ചു കൊണ്ട് എല്ലാ ദിവസവും വീട്ടിൽ വന്ന് അമ്മയെ നടത്തിക്കാൻ തുടങ്ങി. ആദ്യമൊക്കെ അമ്മ കുറച്ചു സഹകരിച്ചെങ്കിലും ദിവസങ്ങൾ കൂടുംതോറും അമ്മ നടക്കാൻ സഹകരിക്കാതെയായി. പതിയെ പതിയെ ആഹാരം കഴിക്കാതെ വന്നു. മാനസികമായും ശാരീരികമായും അമ്മ തളർന്നു. നാൾക്കു നാൾ അവശയായി.

ഇതിനിടയിൽ അമ്മയുടെ മൂത്ത മകനായ ഹരിയേട്ടൻ വീട്ടിൽ വന്നു. മുംബൈയിൽ മണിയേട്ടനും മോളും മാത്രം ആയതിനാൽ ഹരിയേട്ടൻ

# പ്രതികരണം


**തു**ളസീദളം. ഡിസംബർ ലക്കത്തിൽ 'മതുപ്പുള്ളി പിഷാരടിമാർ' എന്ന 'പൈതൃക പഴമ'യിൽ വന്നു പെട്ട 2 പിശകുകൾ ചൂണ്ടിക്കാണിക്കുന്നു: (1) രണ്ടാമത്തെ പുറത്തിൽ വന്ന ഫോട്ടോ ഗോവിന്ദ പിഷാരടിയുടെയല്ല; കൃഷ്ണ പിഷാരടിയുടേതാണ് (1892–1972). (2) ഗോപാല പിഷാരടിയുടെ (1904–1996) ഫോട്ടോ വന്നിട്ടുമില്ല. തിരുത്ത് പ്രസിദ്ധീകരിക്കാൻ താത്പര്യം.

SURIAN N.P. (Mob: 7025838262)

## തിരുത്ത്

**തു**ളസീദളം ഡിസംബർ ലക്കത്തിൽ പ്രസിദ്ധീകരിച്ച പൈതൃകപ്പഴമ - മതുപ്പുള്ളി പിഷാരടിമാരിൽ രണ്ടു തെറ്റുകൾ വന്നു ചേർന്നിട്ടുണ്ട്. (1) പേജ് 14 ൽ ചേർത്ത ഫോട്ടോ കൃഷ്ണ പിഷാരടിയുടേതാണ് (1892–1972). (2) ഗോപാല പിഷാരടിയുടെ (1904–1996) ഫോട്ടോ ചേർക്കുവാൻ വിട്ടുപോയി. ഇത്തരമൊരു തെറ്റ് സംഭവിച്ചതിൽ ഖേദിക്കുന്നു.

-എഡിറ്റർ



**കൃഷ്ണ പിഷാരടി**
(1892–1972)



**ഗോപാല പിഷാരടി**
(1904–1996)

---

കുറച്ചു ദിവസം അമ്മയെ നോക്കാം എന്ന് പറഞ്ഞപ്പോൾ ഞാൻ മുംബൈയിലേക്ക് തിരിച്ചു. കുറച്ചു ദിവസങ്ങൾ കഴിഞ്ഞ് വീണ്ടും ചെറുകുന്നിലേയ്ക്ക് തിരിച്ചു പോകാം എന്ന ഉദ്ദേശത്തിൽ.

വിധിയെ മാറ്റി നിർത്താൻ നമുക്ക് സാധിക്കില്ലല്ലോ! അമ്മ വളരെ അവശയായി. 2024 ഒക്ടോബർ 15ന് രാവിലെ പത്തുമണിയോടെ അതു സംഭവിച്ചു. അമ്മയുടെ ശ്വാസം നിലച്ചു. മൂത്തമകൻ അരികിൽ ഉണ്ടായിരുന്നു. ഒരു തുള്ളി വെള്ളം നൽകാൻ ഹരിയേട്ടന് സാധിച്ചു. ആരെയും അധികം ബുദ്ധിമുട്ടിക്കാതെ അമ്മ വിടവാങ്ങി.

ഒരു വീഴ്ച അമ്മയുടെ ജീവൻ കൊണ്ടു പോയി എന്നത് അവിശ്വസനീയമായി തോന്നാം. എല്ലാ ശ്രമങ്ങളെയും പരാജയപ്പെടുത്തി അമ്മ നമ്മെ വിട്ടുപിരിഞ്ഞു. മാസങ്ങളോളം അമ്മയെ ശുശ്രൂഷിക്കാനുള്ള ഭാഗ്യം എനിക്ക് ലഭിച്ചെങ്കിലും അവസാന നിമിഷം ഒരു തുള്ളി വെള്ളം നൽകാൻ കഴിയാതെ പോയത് ഒരു തീരാ ദുഃഖമായി. കുറെ നല്ല ഓർമ്മകൾ സമ്മാനിച്ചാണ് അമ്മ ഓർമ്മയായത്. ബന്ധുക്കൾക്കും, അയൽ വാസികൾക്കും, സുഹൃത്തുക്കൾക്കും അമ്മ ഒരു വലിയ നഷ്ടം തന്നെ ആണ്. ഒരിക്കൽ പോലും അമ്മ എന്നോട് മുഖം കറുപ്പിക്കുകയോ, മറുവാക്ക് പറയുകയോ ചെയ്തിട്ടില്ല. ഞാർ അമ്മയോടും..... ചെറുകുന്നിലെ ഭഗവതി മുമ്പിലും, വഴിലും (പിന്നിലും) ഉണ്ട് എന്ന് അമ്മ ജീവിച്ചിരിക്കുമ്പോൾ പറയുമായിരുന്നു. അമ്മയുടെ ആ വിശ്വാസം ഫലിച്ചു.

ഇനി ഒരിക്കലും ജീവതത്തിലേക്ക് അമ്മ തിരിച്ചു വരില്ല എന്ന സത്യം അറിയുമെങ്കിലും, എന്നെ സംബന്ധിച്ച് അമ്മ എല്ലാവരുടെയും മനസ്സുകളിൽ ജീവച്ചിരുപ്പുണ്ട്. അമ്മയ്ക്ക് എന്നെ കണ്ടുകൊണ്ടു വിട വാങ്ങാൻ സാധിക്കില്ല എന്നതുകൊണ്ടാവാം അമ്മയുടെ അവസാന ഘട്ടത്തിൽ ഞാൻ അമ്മയുടെ അരികിൽ ഇല്ലാതെ പോയത് എന്ന് സമാധാനിക്കുന്നു. പക്ഷെ അതൊരു സമാധാനം മാത്രമാണ്. മനസ്സിന്റെ ഉള്ളിൽ നഷ്ടപ്പെട്ട വാത്സല്യം അഗ്നിയായി ജ്വലിക്കുന്നു. അമ്മ ഉറങ്ങുകയാണ്. ഒരിക്കലും ഉണരാൻ സാധിക്കാതെ ഗാഢ നിദ്രയിലാണ്.... അമ്മയുടെ ആത്മാവിന് നിത്യശാന്തിക്കായി പ്രാർത്ഥിച്ചു കൊണ്ട് ബന്ധുമിത്രാദികൾ കൂടെ ഉണ്ട്.

വേർപാടിന്റെ വേദനയോടെ, കണ്ണീരോടെ, കത്തിജ്ജ്വലിക്കുന്ന മനസ്സോടെ അമ്മയുടെ മരുമകൾ (മകൾ)

ആശ മണിപ്രസാദ്.



# വിവാഹമംഗളാശംസകൾ

## വരുൺ വാസുദേവൻ
## കാവ്യശ്രീ

വരുൺ വാസുദേവനും കാവ്യശ്രീയും വരുണിന്റെ കുടുംബാംഗങ്ങളോടും ബന്ധുക്കളോടുമൊപ്പം.



# വിവാഹമംഗളാശംസകൾ



## ആതിര    വിഷ്ണു

കോഴിക്കോട് തിരുവണ്ണൂരിലെ നന്ദനത്തിൽ ടി.പി. ഗീതയുടെയും എ.പി. മുരളീകൃഷ്ണന്റെയും മകൻ **വിഷ്ണു ടി.പി.യും** (തൃപ്പുറ്റ പിഷാരത്ത് രാധാപ്രഭാകരന്റെയും തെക്കേപ്പാട്ട് പിഷാരത്ത് പ്രഭാകരന്റെയും, പരേതരായ ആനായത്ത് കാട്ടുതൃക്കോവിൽ കൃഷ്ണപിഷാരോടിയുടെയും ആമയൂർ പിഷാരത്ത് ശ്രീദേവിയുടെയും പേരക്കുട്ടി) ഒറ്റപ്പാലത്ത് എസ്.ആർ.കെ. നഗറിലെ കൃഷ്ണശോഭയിൽ ശോഭാ ഉണ്ണികൃഷ്ണന്റെയും ഉണ്ണികൃഷ്ണൻ അനിയത്തിന്റെയും മകൾ **ആതിര ഉണ്ണികൃഷ്ണനും** പറളിക്കു സമീപം എടത്തറയിലെ കോട്ടയിൽ കൺവെൻഷൻ സെന്ററിൽ വെച്ച് വിവാഹിതരായി.



HAPPY BIRTHDAY

ഒന്നാം പിറന്നാൾ ആഘോഷിക്കുന്ന
ധ്വനിക്കും (നവം 18)
അഞ്ചാം പിറന്നാൾ
ആഘോഷിക്കുന്ന പാർത്ഥനും
(ജനു 1)
ജന്മദിനാശംസകൾ

അച്ഛച്ഛൻ അച്ഛമ്മ
മുത്തശ്ശൻ അമ്മമ്മ

# THALIYOGAM

## MATRIMONY GROUP

**FOR ALL AMBALAVASI / BRAHMIN / KSHATHRIYA / SAMANTHA / NAIR COMMUNITIES**

**TO JOIN IN THALIYOGAM**

**PLEASE CONTACT**

**MOHANAN R V - 93239 89944 / 77219 89944**

# ആദരാഞ്ജലികൾ



## കാട്ടുകാമ്പാൽ പിഷാരത്ത്

# രാധാകൃഷ്ണ പിഷാരോടി (78)

മരണം: 23 – 12 – 2024

**സന്തപ്ത കുടുംബാംഗങ്ങൾ:**

ഭാര്യ: പൊന്നാനി കിഴക്കെപൊട്ടുപിഷാരത്ത് സാവിത്രി പിഷാരസ്യാർ

മക്കൾ: സുധ, സിന്ധു

മരുമക്കൾ: കൃഷ്ണനുണ്ണി, രമേഷ്

പേരക്കുട്ടികൾ: വൃന്ദ രോഹിത്, ശ്വേത ഗൗരവ്, ശ്രീകുട്ടി, കണ്ണൻ

ചെറുകഥ

# വഴിത്തിരിവുകൾ



പ്രസന്നലക്ഷ്മി

'**മോ**നെ അപ്പൂ, ഇന്ന് നീ കോളേജിൽ പോവേണ്ട.. നമുക്കൊരു സ്ഥലം വരെ പോകണം. ചോദ്യങ്ങളൊന്നും വേണ്ട'...

ഇന്നേ വരെ കർക്കശത്തോടെ ഒരു വാക്കു പോലും തന്റെ നേരെ പറയാത്ത അച്ഛൻ വളരെ വികാരധീനനായിരിക്കുന്നു. എന്ത് പറ്റി ആവോ.. അമ്മ ഇല്ലാതെ തന്നെ വളർത്തി പഠിപ്പിച്ചു. ഒന്നിനും കുറവില്ലാതെ നോക്കി. അധികം സംസാരിക്കാൻ താല്പര്യമില്ലെങ്കിലും തന്നെ മുഷിപ്പിക്കില്ല എന്ന് മാത്രം.

അവൻ ഓർത്തു പോയി.. കൈയിൽ ഒരു ന്യൂസ് പേപ്പർ അച്ഛൻ അനാവശ്യമായി കരുതിയത് എന്ത് കൊണ്ടാണാവോ.. ശരി പോകാം.. അച്ഛന്റെ പിന്നാലെ നടന്നപ്പോ അവൻ ഏറെ സംസാരിക്കാൻ തുടങ്ങിയപ്പോൾ അയാൾ തടയുകയായിരുന്നു.

ഇന്നലെ വൈകുന്നേരം ടാക്സി സ്റ്റാൻഡിൽ വെച്ച് മാൻസിങ് ഭയ്യ പറഞ്ഞത് കേട്ടപ്പോൾ തുടങ്ങിയ വെപ്രാളം ഇപ്പോൾ ഇരട്ടിയാകുന്നതുപോലെ തോന്നി. അതു അവൾ തന്നെ ആകുമോ.. സർക്കാർ ആശുപത്രിമോർച്ചറിയിൽ... അയാൾ നിർവികാരനായി...

എത്ര കാലത്തെ പ്രണയം കഴിഞ്ഞാണ് അവളെ സ്വന്തമാക്കിയത്.. പിന്നെ നേരെ ബോംബെക്ക്.. ഇവിടെ വന്നു ടാക്സി ഡ്രൈവർ ആയി.. സ്വന്തമായി ടാക്സി കിട്ടിയ അന്നാണ് മോനെ പ്രസവിച്ചത്.. പിന്നെ സന്തോഷം നിറഞ്ഞ ജീവിതം... ഞെരുക്കങ്ങൾ ഉണ്ടെങ്കിലും അവന്റെ നിറഞ്ഞ ചിരികൾ കണ്ടുകൊണ്ട് കുടുംബം മുന്നോട്ട് പോയി.. ഒരു ദിവസം ജോലി കഴിഞ്ഞു വീട്ടിൽ എത്തിയപ്പോ കുട്ടിയുടെ നിർത്താതെയുള്ള കരച്ചിൽ കേട്ടു.. ഓടിച്ചെന്നപ്പോൾ വീട്ടിൽ അവളുണ്ടായിരുന്നില്ല... നാലുപാടും നോക്കി കണ്ടില്ല.. പരിഭവങ്ങളും പരാതികളുമുണ്ടെങ്കിലും അവൾ തനിക്കു ദേവി ആയിരുന്നു.. അവളുടെ ലോകം വേറെ ആയിരുന്നു. ഡിജെ പാർട്ടി, സോഷ്യൽ സർവീസ്, പർച്ചെസിങ്ങ്, വിലകൂടിയ ആഭരണങ്ങൾ, കാർ, ബംഗ്ലാവ്.. എന്നും നേരം വൈകിയുള്ള വരവ്. കുട്ടിയായാൽ ശരിയാകും എന്ന് വിചാരിച്ചു. പക്ഷേ കുട്ടിയെ അയൽവാസിയുടെ കൈയിൽ ഏല്പിച്ചു പോകുവാൻ തുടങ്ങി..

നിറങ്ങൾ മത്തുപിടിപ്പിക്കുന്നലോകം അവൾക്ക് ഹരമായി. ഒടുക്കം അവളുടെ കൈപ്പടയിലുള്ള ഒരു കത്ത് കണ്ടു. 'ഞാൻ ഈ നരകം വിട്ടു പോകുന്നു'. കുട്ടിയെ മാറോടു ചേർത്ത് ഏറെ കരഞ്ഞെങ്കിലും പിന്നെ എടുത്ത തീരുമാനം, അതിവിടെ വരെ എത്തിച്ചു...

ടാക്സി ആശുപത്രിയിൽ എത്തിയപ്പോൾ അയാൾ വീണ്ടും വികാരം പൂണ്ടു.. അവിടെയുള്ള ജോലിക്കാരൻ മോർച്ചറിയിൽ അജ്ഞാത ശവത്തെ കാണിക്കുമ്പോൾ മകന്റെ മുഖത്തെ പരിഭ്രമം വ്യക്തമായി കണ്ടു.. 'പേടിക്കേണ്ട.. ഇത് മോന്റെ അമ്മ തന്നെയാണ്.. ഞാൻ മരിച്ചു എന്ന് പറഞ്ഞു പോയ അമ്മ എന്റെ മനസ്സിൽ നിന്നു മാത്രമേ മരിച്ചു പോയിരുന്നുള്ളു.. ഇപ്പൊ ഉള്ളത് യാഥാർഥ്യവും.. നിന്റെ ജീവിതത്തിൽ ഇതൊരു വഴിത്തിരിവാകട്ടെ..

സ്നേഹിക്കാൻ, സ്നേഹിക്കപ്പെടാൻ, സ്നേഹം തിരിച്ചറിയാൻ, നിന്റെ ഇനിയുള്ള ജീവിതം മുന്നോട്ടു പോകാൻ, ഈ സത്യം നീ മനസ്സിലാക്കണം.. അച്ഛന്റെ ഉള്ളിലുള്ള കനലുകൾ അമ്മയുടെ ശരീരത്തോടൊപ്പം വെണ്ണീറായി..

ഉപാധികളില്ലാത്ത സ്നേഹം വെണ്ണീറിനു തുല്യം. ആ ദേഹം ഏറ്റുവാങ്ങാൻ അച്ഛൻ കൈ നീട്ടിയപ്പോൾ അച്ഛനെ ചേർത്തുപിടിച്ച രണ്ട് കൈകൾ കൂടി ഉണ്ടായിരുന്നു... ●

യാത്ര ഭാഗം 6

# രജ്പുത്താന



**മുരളി ആനായത്ത്**
ഫോൺ: 9495708403

**ആ**ഹാരം കഴിഞ്ഞ് ഞങ്ങൾ രണ്ട് ജീപ്പുകൾ വാടകക്കെടുത്ത് മലയുടെ ഉയരക്കാഴ്ചകളിലേക്ക് കയറി. ആദ്യമായി പോയത് അചലേശ്വർ മഹാദേവക്ഷേത്രം കാണാനായിരുന്നു. ആദിയിൽ അർഭുതാചലത്തിന് ഒരു ഇളക്കം നേരിട്ടപ്പോൾ ശിവഭഗവാൻ കൈലാസത്തിലിരുന്നുകൊണ്ട് ഇടതുപാദം നീട്ടി തള്ളവിരൽ കൊണ്ട് അമർത്തി ഇളക്കം നിർത്തിയെന്നാണ് കഥ. അതുകൊണ്ട് ഈ ക്ഷേത്രത്തിൽ ശിവലിംഗമോ, ശിവന്റെ വിഗ്രഹമോ ഇല്ല. ഇടതുപാദത്തിന്റെ അടയാളവും തള്ളവിരൽഅമർന്നിടത്ത് ഒരു ദ്വാരവും ചേർന്നയിടമാണ് ശ്രീകോവിലിനകത്ത് പൂജിയ്ക്കപ്പെടുന്നത്. ആ ദ്വാരം പാതാളം വരെ നീണ്ടുകിടക്കുന്നുണ്ട് എന്നാണ് വിശ്വാസം. ഈ ഐതിഹ്യത്തിൽ അത്ര വിശ്വാസം തോന്നാത്ത ഒരു രാജാവ് പരീക്ഷിക്കുന്നതിന് വേണ്ടി ദ്വാരത്തിലൂടെ ആറുമാസം തുടർച്ചയായി വെള്ളമൊഴിപ്പിച്ചു നോക്കിയിട്ടും അതു നിറഞ്ഞില്ലത്രേ. എന്നു മാത്രമല്ല അദ്ദേഹത്തിന് മഹേശ്വരന്റെ ശാപം കിട്ടുകയും ചെയ്തു, എന്നൊരു കഥയും കേട്ടു. ശ്രീകോവിലിനു പുറത്ത് പഞ്ചലോഹത്തിൽ തീർത്ത ഒരു വലിയ നന്ദി പ്രതിമയുമുണ്ട്. ഇതിന് 4300 കിലോഗ്രാം ഭാരമുണ്ടത്രെ. ഇതിൽ ഏകദേശം 950 കിലോഗ്രാം സ്വർണ്ണമുണ്ടെന്നു പറയപ്പെടുന്നു. ഇനി ഇത്രയും വലിയ ഒരു പഞ്ചലോഹ നന്ദി പ്രതിമ നേപ്പാളിലെ പശുപതിനാഥ ക്ഷേത്രത്തിലേ ഉള്ളൂ എന്നാരോ പറയുന്നകേട്ടു. ഈ നന്ദി പ്രതിമയുടെ പുറകിൽ എന്തോ ആയുധം കൊണ്ട് വെട്ടേറ്റ പാടുണ്ട്. പണ്ട് അഹമ്മദാബാദിൽനിന്നു വന്ന ഇസ്ലാമിക അക്രമകാരികൾ നിധി തേടി വെട്ടി നോക്കിയതാണ് എന്നു പറയപ്പെടുന്നു. ഈ നന്ദി പ്രതിമ വെറും പിച്ചളകൊണ്ടുള്ളതാണ് പഞ്ചലോഹമല്ല എന്ന് അവിടെ ദർശനത്തിനു വന്ന ഏതോ ഒരാൾ എന്നോട് പറഞ്ഞു. ആർക്കറിയാം വാസ്തവം!?

പിന്നീട് ഞങ്ങൾ ഇത്തിരി ദൂരം കൂടി പോയി റോഡരുകിൽ വണ്ടികൾ നിർത്തിയിറങ്ങി. ഷൂട്ടിങ് പോയിന്റ് എന്നു പറയുന്ന സ്ഥലമാണത്രെ ഇത്. പ്രശസ്തമായ ഹിന്ദി സിനിമ 'ഖയാമത് സെ ഖയാമത് തക്'ലെ പല രംഗങ്ങളും ചിത്രീകരിച്ചത് ഇവിടെയും ചുറ്റുപാടുകളിലും വെച്ചാണത്രെ. അമീർഖാനും ജൂഹി ചൗളയും ചേർന്നഭിനയിച്ച ഗാനരംഗത്തെക്കുറിച്ച് ജീപ് ഡ്രൈവർ ആവേശത്തോടെ പറയുന്നത് കേട്ടു. ഹിന്ദി സിനിമകളൊന്നും കണ്ടിട്ടില്ലാത്തതുകൊണ്ട് അതൊന്നും എന്നെ കാര്യമായി സ്പർശിച്ചില്ല. ഞങ്ങളെല്ലാവരും ഇറങ്ങി ചുറ്റുമുള്ള ഉൾക്കുളിരേകുന്ന പ്രകൃതിയെ കൺകളാലാവോളം കോരിക്കുടിച്ചു. കുറച്ചു ഫോട്ടോകളൊക്കെ എടുത്തു. പത്തുപതിനഞ്ചു നിമിഷത്തിനകം എല്ലാവരും ജീപ്പിൽ കയറി വീണ്ടും ഉയരത്തിലേക്ക് യാത്ര തുടർന്നു. കയറിപ്പോകുമ്പോൾ ഭാരതീയ വായുസേനയുടേത് എന്നടയാളപ്പെടുത്തിയ ഭൂമി ഒരുപാടു കാണാം. അകലെ ഉയരത്തിൽ കെട്ടിടവും, ടവറും, ഏരിയലുകളും, എല്ലാം കാണുന്നുണ്ടായിരുന്നു. റഡാറുകളൊക്കെയുണ്ടാവണം. ഈ ക്ഷേത്രമുള്ളതുകൊണ്ട് മാത്രമാണ് നമുക്ക് ഈവഴി തുറന്നു കിട്ടുന്നതും യാത്ര ചെയ്യാൻ കഴിയുന്നതും അല്ലെങ്കിൽ ഇവിടം അതീവ സുരക്ഷാ വലയത്തിനുള്ളിലാവുമായിരുന്നു, എന്ന് ഗോപാൽജി പറഞ്ഞിരുന്നു.

***ഗുരുശിഖർ***: ഗുരുശിഖരം മൗണ്ട് ആബുവിലെ മാത്രമല്ല ആരവല്ലി പർവ്വത നിരകളിലെ തന്നെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയാണത്രേ. ഇതിന്റെ ഉയരം 1772 മീറ്ററാണ്. ടൗണിൽ നിന്ന് പത്തുപതിനാറ് കിലോമീറ്റർ ദൂരമുണ്ടിവിടേക്ക്. ഗുരു ദത്താത്രേയന്റെ ക്ഷേത്രമുള്ളതുകൊണ്ടാണ് ഇവിടം ഗുരുശിഖരം എന്നറിയപ്പെടുന്നത്. ദത്താത്രേയൻ വിഷ്ണുവിന്റെ അംശാവതാരമാണെന്നാണ് കഥ. ആ കഥ പറയാം.

മാണ്ഡവ്യൻ എന്ന ബ്രാഹ്മണൻ തപസ്സുമായി ആശ്രമത്തിൽ മൗനവ്രതം ആചരിച്ച് വസിക്കുന്ന കാലം. ചില തസ്കരന്മാർ രാജാവിന്റെ ഒരുപാട് ധനം അപഹരിച്ച് ആ വഴി ഓടിവന്നു. രാജഭ

ടന്മാർ പിന്തുടരുന്നുണ്ട് എന്ന് അറിഞ്ഞ അവർ ധനം മുഴുവനും മാണ്ഡവ്യന്റെ ആശ്രമത്തിൽ വെച്ച് കടന്നു കളഞ്ഞു. പുറകെതന്നെ വന്ന രാജകിങ്കരന്മാർ മാണ്ഡവ്യനോട് വിവരങ്ങൾ ചോദിച്ചു. മൗനവ്രതമായതുകൊണ്ട് അദ്ദേഹം ഒന്നും മിണ്ടിയില്ല. അവർ ആശ്രമത്തിൽ കയറി നോക്കിയപ്പോൾ കള്ളന്മാർ വെച്ചു പോയ തൊണ്ടിമുതൽ മുഴുവനും കണ്ടു. മാണ്ഡവ്യനെ തൊണ്ടിമുതലുമായി അവർ പിടിച്ചുകൊണ്ടുപോയി, രാജസമക്ഷത്തിങ്കൽ ഹാജരാക്കി. മൗനം ഭഞ്ജിക്കാൻ വിസമ്മതിച്ച അദ്ദേഹത്തെ കള്ളനാണെന്ന് തെറ്റി ധരിച്ച രാജാവ് ശൂലത്തിൽ തറയ്ക്കാൻ വിധിച്ചു. രാജഭടന്മാർ അദ്ദേഹത്തെ അതിനുള്ള സ്ഥലത്തേക്ക് കൊണ്ടുപോയി ശൂലത്തിൽ തറച്ചു. ആ സമയത്ത് പതിവ്രതാരത്നമായ ശീലാവതി രോഗിയായ ഉഗ്രശ്രവസ്സ് എന്ന ഭർത്താവിനെയും ചുമന്നുകൊണ്ട് അതിലേ കടന്നുപോയി. ഭർത്താവിന്റെ വേശ്യാസംഗ തൃഷ്ണ ശമിപ്പിക്കാൻ വേശ്യാഗൃഹത്തിലേക്കുള്ള യാത്രയായിരുന്നു അത്. ഉഗ്രശ്രവസ്സ് ശൂലത്തിൽ തറഞ്ഞുകിടക്കുന്ന മാണ്ഡവ്യനെ പുച്ഛിച്ചു. കുപിതനായ മാണ്ഡവ്യൻ അടുത്ത സൂര്യോദയത്തിൽ ഉഗ്രശ്രവസ്സിന്റെ തല പൊട്ടിച്ചിതറി മരിക്കാനിടവരട്ടെ എന്ന് ശപിച്ചു. വിഷണ്ണയായ ശീലാവതി നാളെ സൂര്യനുദിക്കാതെ പോട്ടെ എന്ന് പ്രതിശാപവും ഉച്ചരിച്ചു. പിറ്റേന്ന് സൂര്യൻ ഉദിച്ചില്ല! ലോകകാര്യങ്ങളൊക്കെ താളം തെറ്റി. ദേവകൾ എല്ലാവരും ചേർന്ന് ബ്രഹ്മാവിനെ ശരണം പ്രാപിച്ചു. അവരെല്ലാവരും ചേർന്ന് ശിവഭഗവാന്റെ അരികിലും പിന്നെ വിഷ്ണുവിന്നരികിലുമെത്തി. ത്രിമൂർത്തികൾ വേണ്ടതുചെയ്യാമെന്ന് പറഞ്ഞ് ദേവകളെ സമാധാനപ്പെടുത്തി, പിന്നീട് അവർ അത്രി മഹർഷിയുടെ ആശ്രമത്തിൽ പോയി, അദ്ദേഹത്തിന്റെ പത്നി അനസൂയയുടെ സഹായം അഭ്യർത്ഥിച്ചു. അനസൂയയും ത്രിമൂർത്തികളോടൊപ്പം ശീലാവതിയെച്ചെന്നു കണ്ടു. അനസൂയ ശീലാവതിയെ അനുനയിപ്പിച്ച് ഭർത്താവ് മരിക്കാതിരുന്നാൽ ശാപം തിരിച്ചെടുക്കാം എന്ന് സമ്മതിപ്പിച്ചു. ത്രിമൂർത്തികൾ ഉഗ്രശ്രവസ്സിനെ മരണത്തിൽനിന്ന് രക്ഷപ്പെടുത്തുകയും ശീലാവതി തന്റെ ശാപം പിൻവലിക്കുകയും ചെയ്തു. ലോകക്രമം പുനസ്ഥാപിക്കപ്പെട്ടപ്പോൾ ത്രിമൂർത്തികൾ അനസൂയയിൽ സംപ്രീതരായി എന്തു വരമാണ് വേണ്ടത് എന്നു ചോദിച്ചു. ത്രിമൂർത്തികളും തനിക്ക് മക്കളായി പിറക്കണം എന്നാണ് അനസൂയ ആഗ്രഹം പ്രകടിപ്പിച്ചത്. അങ്ങനെയാവട്ടെയെന്ന് അനുഗ്രഹിച്ച് ത്രിമൂർത്തികൾ മറഞ്ഞു. പിന്നെ വിഷ്ണു അനസൂയയിൽ പിറന്നു. അതാണ് ദത്താത്രേയൻ! ദത്തം എന്നുവെച്ചാൽ 'നല്കപ്പെട്ടത്', ആത്രേയൻ എന്നുവെച്ചാൽ അത്രിയുടെ പുത്രൻ ഇതു രണ്ടും ചേർന്നാണ് ആ കുട്ടിയ്ക്ക് ദത്താത്രേയൻ എന്ന പേരുവന്നത്. അതു പോലെ ശിവൻ ദുർവാസാവായും, ബ്രഹ്മാവ് ചന്ദ്രനായും പിറന്നുവെന്നാണ് കഥ. ദത്താത്രേയൻ ചെറുപ്പം മുതലേ തപസ്സു ചെയ്ത് ബ്രഹ്മജ്ഞാനം സിദ്ധിച്ച മഹർഷിയായി. ഗുരു ദത്താത്രേയനായി.



എന്നാൽ കഥ ഇങ്ങനെയായിരിയ്ക്കെ, ഗുരുശിഖരത്തിലെ ദത്താത്രേയമന്ദിരത്തിന്റെ കവാടത്തിനുമുകളിലായി ചുമരിൽ മൂന്നുതലയും, ആറു കൈകളുമുള്ള ഒരു രൂപം ചിത്രീകരിച്ചു കണ്ടു. ജീപ്പിലെ ഡ്രൈവർ അതാണ് ദത്താത്രേയന്റെ രൂപം എന്നു പറഞ്ഞു. അയാൾക്കത് ഇംഗ്ലീഷിൽ വിശദീകരിയ്ക്കാനോ, എനിക്കത് ഹിന്ദിയിൽചോദിച്ചു മനസ്സിലാക്കാനോ ആയില്ല. എന്തായാലും അതിന്റെ പുറകെ അന്വേഷിച്ചു പോയപ്പോൾ, വെട്ടം മാണിയുടെ പുരാണിക് എൻസൈക്ലോപിഡിയയിൽനിന്ന് രസകരമായ മറ്റൊരു കഥ കിട്ടി. അതിങ്ങനെയാണ്. ഒരുനാൾ ദേവർഷി നാരദർ പാർവതീദേവിയുടെ അരികിലെത്തി കുശലപ്രശ്നങ്ങൾക്കിടെ മൂന്നു ലോകങ്ങളിലും വെച്ച് ഏറ്റവും ശ്രേഷ്ഠയായ തരുണീരത്നം അത്രി മഹർഷിയുടെ പത്നി അനസൂയയാണെന്ന് പറഞ്ഞു. പാർവതീ ദേവിക്ക് അതത്ര രുചിച്ചില്ല. ദേവർഷി യാത്രപറഞ്ഞിറങ്ങിയതും, പാർവതി ശിവഭഗവാനോട് അനസൂയയെ പരീക്ഷിക്കണം എന്ന് അഭ്യർത്ഥിച്ചു. നാരദർ പിന്നെ നേരേ ബ്രഹ്മലോകത്തെത്തി. ബ്രഹ്മാവിന്റെ പത്നി സരസ്വതീ ദേവിയോടും ഈതേ കാര്യം പറഞ്ഞു. അവർക്കും അ

തിഷ്ടപ്പെട്ടില്ല. അവരും ബ്രഹ്മദേവനോട് അനസൂയയെ പരീക്ഷിയ്കണം എന്ന് അപേക്ഷിച്ചു. അതിനു ശേഷം നാരദർ വൈകുണ്ഠത്തിലെത്തി ലക്ഷ്മീദേവിയോടും അനസൂയയുടെ ശ്രേഷ്ഠതയെക്കുറിച്ച് പറഞ്ഞു. ലക്ഷ്മീദേവിക്കും അതു സുഖിച്ചില്ല. അവരും വിഷ്ണു ഭഗവാനോട് അനസൂയയെ ഒന്നു പരീക്ഷിയ്ക്കണേ എന്ന് ആവശ്യപ്പെട്ടു. അനസൂയയെ പരീക്ഷിക്കാനായി പുറപ്പെട്ട ത്രിമൂർത്തികൾ വഴിയിൽ കണ്ടുമുട്ടി. ഒരേകാര്യത്തിനായിട്ടാണ് മൂവരുമിറങ്ങിയിട്ടുള്ളതെന്ന് അവരന്യോന്യം പറഞ്ഞറിഞ്ഞു. അവർ കൂടിയാലോചിച്ച് ഭിക്ഷയാചിക്കുന്ന ബ്രാഹ്മണരുടെ വേഷത്തിൽ അത്രിമഹർഷിയുടെ ആശ്രമത്തിൽ ചെന്നു ചേർന്നു. മൂന്നു പേർക്കും ഓരോപിടി ധാന്യവുമായി അനസൂയ വന്നപ്പോൾ, തങ്ങൾക്ക് ധാന്യം പോര പാകംചെയ്ത ഭക്ഷണംതന്നെ വേണം എന്ന് ശഠിച്ചു. എന്നാൽ അടുത്തുള്ള അരുവിയിൽ പോയി കുളിച്ചു വരൂ അപ്പൊഴേക്കും ഭക്ഷണം തയ്യാറാക്കാം എന്നു പറഞ്ഞ് അവരെ കുളിക്കാനയച്ചു.

കുളി കഴിഞ്ഞു വന്ന അവർ ഭക്ഷണത്തിനായി നിരന്നിരുന്നു. അവർക്കിപ്പോൾ പുതിയ ഒരു ശാഠ്യം, അനസൂയ പൂർണ്ണനഗ്നയായി നിന്ന് ആഹാരം വിളമ്പണം. അപ്പോൾ ആ പതിവ്രതാരത്നം ഒരു കൈക്കുമ്പിൾ ജലമെടുത്ത് തന്റെ ഭർതൃപാദങ്ങൾ കഴുകി അതേ ജലം കൊണ്ടുവന്ന് ബ്രാഹ്മണരുടെ മേൽ തളിച്ചു. മൂവരും ആകൃതിയിലും പ്രകൃതിയിലും ഒരേപോലുള്ള തീരെച്ചെറിയ ശിശുക്കളായി മാറി! അനസൂയ മൂന്നു പേർക്കും മുലയൂട്ടി തൊട്ടിലിൽ കിടത്തി ഉറക്കി. അവർക്ക് സ്വരൂപം വീണ്ടെടുക്കാനുള്ള ശക്തി നഷ്ടപ്പെട്ടിരുന്നു. കുറേനാൾകഴിഞ്ഞ് ഭർത്താക്കന്മാരെ കാണാതെ ലക്ഷ്മിയും, പാർവ്വതിയും, സരസ്വതിയും കൂടി അത്രിമഹർഷിയുടെ ആശ്രമത്തിലേയ്ക്ക് പുറപ്പെട്ടു. നാരദർ വഴി പറഞ്ഞുകൊടുത്തു. അങ്ങനെ അവരവിടെ ചെന്നു ചേർന്നു. തങ്ങളുടെ ഭർത്താക്കന്മാരെ വിട്ടുതരണമെന്ന് പറഞ്ഞു. ഓരോരുത്തരോടും അവരവരുടെ ഭർത്താക്കന്മാരെ എടുത്തു കൊള്ളാൻ അനസൂയ അനുവദിച്ചു. ആകൃതിയിലും പ്രകൃതിയിലും ഒരു പോലിരിക്കുന്ന ശിശുക്കളിൽ ഏതാണ് തങ്ങളുടെ ഭർത്താവ് എന്നറിയാൻകഴിയാതെ ലക്ഷ്മി ശിവനെയെടുത്തു. ലക്ഷ്മിക്ക് തെറ്റ്പറ്റിയത് കണ്ട ദേവകൾ ചിരിച്ചു. ഒടുവിൽ മൂവരും ചേർന്ന് അനസൂയയോട് ഭർത്താക്കന്മാരെ തിരിച്ചു തരാനായി യാചിച്ചു. ഇത്രകാലം ഈ മൂന്നു ശിശുക്കളെയും പാലൂട്ടി വളർത്തിയ തനിക്കും ഇവരിൽ അവകാശമുണ്ടെന്ന് അനസൂയ വാദിച്ചു. ആ വാദം അംഗീകരിക്കപ്പെട്ടു. മൂന്നു തലയും ആറു കൈകളുമുള്ള ഒരു ശിശുവായി അനസൂയയുടെ പുത്രനായിരുന്നുകൊള്ളാമെന്ന് ത്രിമൂർത്തികൾ സമ്മതിച്ചു. ഉടനെ അനസൂയ ഒരു കൈക്കുമ്പിൾ ജലമെടുത്ത് തന്റെ ഭർതൃപാദങ്ങൾ കഴുകി അതേ ജലം കൊണ്ടുവന്ന് ശിശുക്കളുടെ മേൽ തളിച്ചു. മൂന്നു പേർക്കും പൂർവ രൂപം തിരിച്ച് കിട്ടി. അവർ പോകും മുമ്പ് മൂന്നു തലയും ആറു കൈകളുമുള്ള ഒരു ശിശുവിനെ അനസൂയയ്ക്ക് കൊടുത്തു. ശിശുവിന്റെ വലത്തെ തല ശിവന്റെയും, ഇടത്തേത് ബ്രഹ്മാവിന്റെയും നടുവിലെ തല വിഷ്ണുവിന്റെയും ആണത്രേ. ആ കുഞ്ഞാണ് ദത്താത്രേയൻ. അതാണ് ഈ ക്ഷേത്രച്ചുമരിൽ ചിത്രീകരിയ്ക്കപ്പെട്ട രൂപം! എന്തെന്തു കഥകൾ!

താരതമ്യേന ചെറിയ ക്ഷേത്രമാണ് ദത്താത്രേയന്റേത്. ക്ഷേത്രദർശനം കഴിഞ്ഞ് ചുറ്റും നോക്കി. താഴ്‌വാരങ്ങളും, സമതലങ്ങളും, ചില ഗ്രാമങ്ങളും, നോക്കെത്താദൂരത്തോളം നീളെ നീല മലനിരകളും ഒക്കെയായി കണ്ണിണക്കാനന്ദംപകരും കാഴ്ചകൾ! കണ്ണുകൾ പറിച്ചെടുക്കാനാവാത്ത വിധം കാന്തിക പ്രഭാവമുള്ള ഈ കാഴ്ചകൾ പകർന്നേകിയ അനുഭൂതി വിശേഷവും, ഉൾക്കുളിരും ഞങ്ങൾ എല്ലാവരും ആവോളം നുകർന്നു.

ഇതിനടുത്തായി കേന്ദ്ര സർക്കാറിനു കീഴിലുള്ള ഒരു വാനനിരീക്ഷണ കേന്ദ്രമുണ്ട്. കോവിഡ് മഹാമാരിയെത്തുടർന്ന് സഞ്ചാരികൾക്ക് അവിടേക്കുള്ള പ്രവേശനം നിഷേധിച്ചിരിക്കുകയാണ് എന്ന് ഗൈഡ്. അഹമ്മദബാദിലുള്ള ഫിസിക്കൽ റിസർച്ച് ലബോറട്ടറിയുടെ കീഴിലാണത്രെ ഈ സ്ഥാപനവും പ്രവർത്തിക്കുന്നത്.

അർബുദാദേവി ക്ഷേത്രം കാണാനാണ് ഞങ്ങൾ പിന്നീട് പോയത്. ആധാർ ദേവി അഥവാ അർബുദാദേവി ഈ പർവ്വതത്തിന്റെ ദേവതയാണത്രെ. ഒരു പാട് പടവുകൾകയറിപ്പോയാണ് ദേവീദർശനം. ചിലരൊക്കെ സ്വല്പം ക്ഷീണിച്ചെങ്കിലും ഞങ്ങളെല്ലാവരും കയറി ദേവീദർശന സായൂജ്യം നേടി. കുന്നിൻമുകളിലെ പാറയിൽ കൊത്തിയുണ്ടാക്കിയ ചെറിയ ക്ഷേത്രം. കത്യായനീദേവിയുടെ അവതാരമാണ് ഈ ആധാർദേവിയെന്ന് പറയപ്പെടുന്നു. ആധാർദേവി യുണീക് ഐഡന്റിഫിക്കേഷൻ വകുപ്പിന്റെ പരദേവതയാണെന്നും ഉള്ളിൽ ഒരു കുസൃതി തോന്നി. ധാരാളം ഹിന്ദു തീർത്ഥാടകർ സന്ദർശിക്കുന്ന ഒരു ക്ഷേത്രമാണത്രെ ഇത്. മുകളിൽ നിന്നുള്ള ദൂരക്കാഴ്ച അതിമനോഹരമാണ്. ഞങ്ങൾ തിരിച്ചിറങ്ങി.

(തുടരും...)

# ആദരാഞ്ജലികൾ



## മുണ്ടൂർ അനുപുരത്ത് പിഷാരത്ത്
## രാമനുണ്ണി

ജനനം: 01 – 10 – 1936　　　മരണം: 11 – 12 – 2024



**സ്നേഹസ്മരണകളോടെ:**

ഭാര്യ: പഴയന്നൂർ തെക്കൂട്ട് പിഷാരത്ത് കോമളം

| മക്കൾ | മരുമക്കൾ | പേരക്കുട്ടികൾ |
|---|---|---|
| നന്ദകുമാർ | സന്ധ്യ | രാം നാരായണൻ |
| ശ്രീകുമാർ | വാണി | സൃഷ്ടി, റോഹൻ |
| ഹരികുമാർ | പ്രിയ | റെയാൻഷ് |

# ആദരാഞ്ജലികൾ



## ഉള്ളന്നൂർ പിഷാരത്ത്

# കമലം കരുണാകരൻ

ഭർത്താവ്: മഞ്ജീരി പിഷാരത്ത് പരേതനായ കരുണാകര പിഷാരോടി

ചരമം: 04 – 12 – 2024

**സ്നേഹസ്മരണകളോടെ:**

മക്കൾ: ഇന്ദിര, മഞ്ജുള, ഗീത, കൃഷ്ണകുമാർ

മരുമക്കൾ: പരേതനായ വി.പി. ഗോപിനാഥ്, എസ്.എം. സതീശൻ, വിജയ്കുമാർ നായർ, ബിന്ദു

ഭക്തി

# അജഗരമോക്ഷം



**എ. തുളസി**
പടിഞ്ഞാറെപിഷാരം, തൃപ്രയാർ

**ദേ**വകീവസുദേവന്മാരുടെ എട്ടാമത്തെ പുത്രനായി ഭഗവാൻ കൃഷ്ണൻ ജനിച്ചു. അമ്മാമനായ കംസന്റെ കൊട്ടാരത്തിലെ കാരാഗൃഹത്തിൽ നിന്നും ഭഗവാനെ വസുദേവർ നന്ദഗോപരുടെയും യശോദയുടെയും അടുക്കലെത്തിച്ചു. കണ്ണൻ ദേവകിയുടെയും വസുദേവരുടെയും പുത്രനായി ജനിച്ചുവെങ്കിലും നന്ദഗോപരുടെയും യശോദയുടെയും പുത്രനായി വളർന്നു.

ഒരിക്കൽ നന്ദഗോപരുടെ നേതൃത്വത്തിൽ ഗോപന്മാർ മഥുരാനഗരത്തിനു സമീപമുള്ള അംബികാവനമെന്ന തീർത്ഥസ്ഥലത്ത് എത്തിച്ചേർന്നു. സരസ്വതീ നദിയിൽ കുളിച്ച് ശ്രീപാർവ്വതീപരമേശ്വരന്മാരെ പൂജിച്ചു. ബ്രാഹ്മണർക്ക് അന്നം, വസ്ത്രം, സ്വർണ്ണം, പശുക്കൾ എന്നിവ ദാനം ചെയ്തു.

അവർ സരസ്വതീനദീതീരത്ത് വ്രതശുദ്ധിയോടെ ഉപവാസം അനുഷ്ഠിച്ചു താമസിച്ചു. രാത്രിയായപ്പോൾ ഒരു പെരുമ്പാമ്പ് നന്ദഗോപരെ ചുറ്റിവരിഞ്ഞു വിഴുങ്ങാൻ ശ്രമിച്ചു. നന്ദഗോപർ ഉറക്കെ നിലവിളിച്ചു. നിലവിളികേട്ട് ഗോപന്മാർ വടിയും കല്ലുമായി വന്ന് പാമ്പിനെ വക വരുത്തുവാൻ ഒരുമ്പെട്ടു. ഒരു ഫലവും ഉണ്ടായില്ല. കത്തുന്ന തീക്കൊള്ളി കൊണ്ട് കുത്തി. എന്നിട്ടും പാമ്പ് പിടിവിട്ടില്ല.

"ഉണ്ണീ... മകനേ... കൃഷ്ണാ... അച്ഛനെ രക്ഷിക്കൂ" എന്ന് ഉച്ചത്തിൽ വിളിച്ചു കരഞ്ഞു. കണ്ണൻ വേഗം അച്ഛന്റെ അടുത്തുവന്ന് സർപ്പത്തിന്റെ വാലിൽ ശക്തിയായി ചവിട്ടി.

അത്ഭുതം തന്നെ! പെരുമ്പാമ്പ് രൂപം മാറി ഒരു ഗന്ധർവ്വനായിത്തീർന്നു. ദിവ്യതേജസ്സോടെ തിളങ്ങുന്ന ഗന്ധർവ്വനോട് ഭഗവാൻ കാര്യം അന്വേഷിച്ചു.

"സുദർശനൻ എന്നു പേരായ ഗന്ധർവ്വനാണ് ഞാൻ. ഐശ്വര്യ സമൃദ്ധിയിൽ മതിമറന്ന ഞാൻ വിമാനത്തിലേറെ ചുറ്റി നടന്നു. അങ്ങനെ അഹങ്കാരത്തോടെ നടക്കുമ്പോൾ അംഗിരസകുലത്തിലെ മഹർഷീശ്വരന്മാർ എന്റെ അടുത്തെത്തി. സൗന്ദര്യത്തിൽ അഹങ്കരിച്ചിരുന്ന ഞാൻ അവരെ വിരൂപന്മാർ എന്നു പറഞ്ഞ് കളിയാക്കി ചിരിച്ചു. പാപിയായ എന്നെ അവർ ശപിച്ചു."

"സൗന്ദര്യത്തിൽ മതിമറന്നു അഹങ്കരിക്കുന്ന നീ ഒരു പെരുമ്പാമ്പായി മണ്ണിൽ പതിക്കട്ടെ...."

ശാപമോക്ഷത്തിനായി കരഞ്ഞ എന്നോട്, "ദ്വാപരയുഗത്തിൽ വിഷ്ണു ഭഗവാന്റെ അവതാരമായ ശ്രീകൃഷ്ണന്റെ പാദസ്പർശത്താൽ നിനക്ക് ശാപമോക്ഷം ലഭിക്കും" എന്നു പറഞ്ഞു. അപ്രകാരം ഭഗവാന്റെ സ്പർശനത്താൽ പാപമുക്തി നേടി.

'അനുഗ്രഹിച്ചാലും...' എന്ന് പറഞ്ഞ് സുദർശനൻ ഭഗവാനെ നമസ്കരിച്ചു.

ശ്രീകൃഷ്ണമാഹാത്മ്യം കണ്ടും കേട്ടും ആശ്ചര്യപ്പെട്ട് ഗോപന്മാർ തിരിച്ചുപോയി.

ഹരേ കൃഷ്ണ! ഹരി ഓം

## രാധിക മോഹൻദാസിന് ഡോക്ടറേറ്റ്



**മ**ഹാദേവമംഗലം പിഷാരത്ത് മോഹൻദാസിന്റെയും മണക്കുളങ്ങര പിഷാരത്ത് ഇന്ദിരയുടെയും മകൾ രാധിക മോഹൻദാസിനു "The neural mechanisms of food reward in Drosophila melanogaster" എന്ന വിഷയത്തിൽ പൂണെ യൂണിവേഴ്സിറ്റിയിൽ നിന്നും Doctor of Philosophy in faculty of science & technology യിൽ  ഗവേഷണ ബിരുദം (Ph.D Degree) ലഭിച്ചു.

ഡോ. രാധിക മോഹൻദാസിന് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

# Mumbai Annual Celebrations

**Jaideep. R. Pisharody**




I am Jaideep. R. Pisharody, son of Ravi Pisharody and Smitha from Palakkad. I have graduated from Yuvakshetra Institute of Management Studies, Palakkad."I came to the City of Dreams-Mumbai last year, to pursue MBA in Finance. "Now, it has been a year since my coming to Mumbai and I came to know about the Mumbai Sakha's Annual Day Celebrations from my grand uncle, K.P. Narayanan (our own Kuttamman). He said that the programme would happen on 8th December 2024 (Sunday) at Goregaon Ayyappa Temple Hall, Goregaon West, Mumbai. As I enjoy singing and listening to music, I showed my interest in participating in the programme and he introduced me to Mrs. Vatsala Krishnakumar and Mrs. Sandhya Ramesh, Cultural Wing members of Mumbai Sakha.

In turn, Sandhya and I planned for a duet song Oru Kathilola Njan Kandeela from the film Vettam and enrolled the entry forms as also a solo program.

On that day, when I reached the venue, I was nervous after seeing new faces. I was scheduled to begin the programme by a prayer to Lord Ganesha. My nervousness vanished as soon as I started singing. Thereafter, after few programs, also given an opportunity to sing a duet song.

The organizers and the crowd were quite encouraging, so I felt as if I have always been a part of this branch of Pisharody Samajam.

This was a whole day programme, but there was not a moment of boredom. It was very well scheduled & organised and all the programmes-dance, music, songs- were well performed. I was happy to see every member of the Samajam in performing and encouraging each other.

The one noteworthy performance was by Adv. Krishnapurath Haripriya, who performed Sheethangan Thullal. It was my first time of witnessing this art form, apart from Ottan Thullal. She was amazingly portraying the story of Kadaleevanam through her performance. It was a One-and-a-half-hour programme, and I was thrilled to witness it happening. Kudos to the committee members for arranging Sheethangan Thullal, which was unknown to me even though I was coming from Kerala. I was told, Mumbai Sakha arranges a special program every year, particularly Kerala temple art forms to familiarise these art forms to the younger generation in the city, who never had a chance to see such art forms.

Many thanks to Mr. V.P. Murali, Mr. V.P. Sasi, Mr. Sasikumar T.P., Mr. Ravi Pisharody, Mrs. Vatsala Krishnakumar and Mrs. Sandhya Ramesh for their ceaseless support and guidance throughout the programme. My gratitude towards all the Samajam members for making me a part of this spectacular event. I am looking forward to more such events in the upcoming days.

# വൈവാഹികം

ല ബു

| | | | |
|---|---|---|---|
| ചമ ശി | രഭൃ ബു | മാ | ല |
| | ഗ്രഹനില അകത്ത് | | | ച ശി
| ഗു | അംശകം പുറത്ത് | | കു |
| | | | സ |

മസ മാ (ഇടത്), ച ശി, ഗു (വലത്)

ഭൃ കു ര

Seeking alliance from parents of Pisharody girls for a 27-years-old Pisharody boy (B.E. Graduate, 176 cm, 74 kg), currently working as a Senior Mechanical Engineer in a reputed MNC in Mumbai.

**Contact: +91 9072485306**

ജനന തിയ്യതി: 03-05-1997
നക്ഷത്രം: പൂരോരുട്ടാതി
സമയം: 10:12 AM, ഒറ്റപ്പാലം
ശിഷ്ടദശ: 03-11-15-36 ഗുരുദശ.

---

രകു ബു സ ഗുമ

| | | | |
|---|---|---|---|
| ല | മ | | |
| ഗുശി മാ | ഗ്രഹനില അകത്ത് | | |
| | അംശകം പുറത്ത് | | കുസ |
| | ച | | രബു ശു |

ച ശുമാ (ഇടത്)

ശി ല

Proposals invited for a Warrier girl, 26 years, MBBS, doing PG in General Medicine from similar or well educated Ambalavasi boys.

**Contact No: 7356607403**

ജനന തിയ്യതി: 27-09-1998
നക്ഷത്രം: തൃക്കേട്ട

---

| | | | |
|---|---|---|---|
| മശി | കുബു | ചര | ശു |
| മാ | ഗ്രഹനില അകത്ത് | | |
| | അംശകം പുറത്ത് | | |
| ലഗു | | | സ |

ചമാ രശി (ഇടത്), സ (വലത്)

ലബു ശുഗു മ കു

Proposals are invited from parents of educated Pisharody boys for a Pisharody girl aged 28 years, height 163 cm, MBA, M.Sc. Finance, Currently working in Finance in PSU sector in the UK. Interest parents may please contact

**Contact No: +91 9846141427**

ജനന തിയ്യതി: 17 മെയ് 1996 വെള്ളി
സമയം: 10:35 PM
സ്ഥലം: ഗുരുവായൂർ
ശിഷ്ടദശ: രവി 1 വർഷം, 10 മാസം, 19 ദിവസം.



# ദർശിതക്ക് അഭിനന്ദനങ്ങൾ

ദർശിത പി.പി. മെൽബൺ യൂണിവേഴ്സിറ്റിയിൽ നിന്നും എനർജി സിസ്റ്റംസ് എന്ന വിഷയത്തിൽ മാസ്റ്റേഴ്സ് ഡിഗ്രി കരസ്ഥമാക്കി.

ആമയൂർ പിഷാരത്ത് വേണുഗോപാലന്റെയും പെരിന്തൽമണ്ണ പുത്തൂർ പിഷാരത്ത് ദേവകിയുടെയും പുത്രിയാണ് ദർശിത. ഭർത്താവ്: കുണ്ടൂർ പിഷാരത്ത് അനിൽകുമാർ രാമനാഥൻ.

ദർശിതക്ക് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

# ശാഖാവാർത്തകൾ

## മുംബൈ ശാഖ വാർഷികാഘോഷം

ശാഖയുടെ വാർഷികാഘോഷം ഗോരേഗാവ് ബംഗുർ നഗർ അയ്യപ്പ ക്ഷേത്ര ഓഡിറ്റോറിയത്തിൽ വെച്ച് 2024 ഡിസംബർ 8 ഞായറാഴ്ച രാവിലെ 9 മുതൽ വൈകീട്ട് 5 മണി വരെ വിവിധ കലാപരിപാടികളോടെ നടത്തി. മുഖ്യാതിഥി കേന്ദ്ര വൈസ് പ്രസിഡണ്ട് ശ്രീ. കെ.പി. മുരളി, ശാഖാ പ്രസിഡണ്ട് ശ്രീ. എ.പി. രഘുപതി, ജോഗേശ്വരി-ഭയന്തർ ഏരിയയിലെ മുതിർന്ന അംഗങ്ങളായ ശ്രീ. ടി.പി. ചന്ദ്രൻ, ശ്രീമതി ഭാരതി വാസുദേവൻ, ശ്രീമതി നിർമ്മല രാമചന്ദ്രൻ എന്നിവർ ചേർന്ന് ശ്രീമതി സന്ധ്യ രമേശിന്റെ വിഘ്നേശ്വര സ്തുതിയുടെ അകമ്പടിയോടെ ഭദ്രദീപം തെളിയിച്ചു.

ശാഖാ പ്രസിഡണ്ട് ശ്രീ. എ.പി. രഘുപതി സമാജാംഗങ്ങളെയും കേന്ദ്ര പ്രതിനിധികളെയും വിവിധ ശാഖാ പ്രതിനിധികളെയും സ്വാഗതം ചെയ്തുകൊണ്ട് ഇത്തരം കൂട്ടായ്മകൾ നില നിർത്തിക്കൊണ്ട് പോകേണ്ടതിന്റെ ചുമതല പുതിയ തലമുറക്കാണെന്നും അവർ സമാജത്തിന്റെ സജീവ പ്രവർത്തനങ്ങളിലേക്ക് കൂടി മുന്നോട്ട് വരണമെന്നും പ്രത്യേകം അഭ്യർത്ഥിച്ചു. തുടർന്ന് സ്റ്റേജിന്റെ നിയന്ത്രണം ശ്രീ. സി.പി. പ്രദീപ് കുമാർ, ശ്രീ. അഭിനവ് പിഷാരോടി, ശ്രീമതിമാർ വത്സല കൃഷ്ണകുമാർ, സന്ധ്യ രമേഷ് എന്നിവർ ഏറ്റെടുത്തു.

പാലക്കാട് ശാഖാംഗമായ ജയദീപ് പിഷാരോടിയുടെ പമ്പാ ഗണപതി എന്ന് തുടങ്ങുന്ന, വളരെ നല്ല രീതിയിൽ ആലപിച്ച വിഘ്നേശ്വര സ്തുതി ഗാനത്തോടെയാണ് കലാപരിപാടികൾക്ക് തുടക്കമായത്.

പിന്നീട് ഇടവേള വരെ താഴെപ്പറയുന്ന വിവിധ കലാപരിപാടികൾ അരങ്ങേറി.

ഭക്തിഗാനമാല - ശ്രീമതിമാർ സന്ധ്യ രമേഷ്, വത്സല കൃഷ്ണകുമാർ, ദിവ്യ അജയ്, അഞ്ജന വിനോദ്. കൈകൊട്ടിക്കളി - ശ്രീമതിമാർ രാജേശ്വരി മുരളീധരൻ, മിനി ശശിധരൻ, വിജയലക്ഷ്മി രവി, ശുഭ ശശികുമാർ, സിന്ധു രമേഷ്, സുമ ഗോപിനാഥ്, ഷൈനി രാധാകൃഷ്ണൻ, രാജേശ്വരി പ്രമോദ്, രഞ്ജു നന്ദകുമാർ, സഞ്ജന ഗോപിനാഥ്. ഹിന്ദി ഗാനാലാപനം - റോഷ്നി ഷാരോടി, ഭരതനാട്യം - നിത്യ രാജീവ്, മലയാള ഗാനം - അരവിന്ദ് കുട്ടികൃഷ്ണൻ, പശ്ചാത്യ നൃത്യം - അനഘ മണിപ്രസാദ്, അക്ഷര പ്രകാശ്, അനുഷ ഉണ്ണികൃഷ്ണൻ, ഹിന്ദി ഗാനാലാപനം - നാരായണൻ ഷാരോടി, സിനിമാഗാന നൃത്തം - സന്ധ്യ രമേഷ്, വത്സല കൃഷ്ണകുമാർ, വിദ്യ വിവേക്, ദിവ്യ അജയ്, ഗീത വിനോദ്, സീമ ദിനേശ്, രമേഷ് ബാലകൃഷ്ണൻ, മലയാള കവിതാലാപനം - മായ ശ്രീഹരി, ഭരതനാട്യം - ആര്യ ശശികുമാർ, ഹിന്ദി ഗാനാലാപനം - അനുഭവ് ദിനേശ് പിഷാരോടി, ഗാനാലാപനം - വത്സല കൃഷ്ണകുമാർ, കഥാപ്രസംഗം - സന്ധ്യ രമേഷ്, യുഗ്മഗാനം രാജശ്രീ കുട്ടികൃഷ്ണൻ & അരവിന്ദ് കുട്ടികൃഷ്ണൻ,



യുഗ്മഗാനം - ജയ്ദീപ് & സന്ധ്യ രമേഷ്, സിനിമാഗാന നൃത്തം - ജയ ഭരതൻ, മലയാള ഗാനം - രാജേശ്വരി പ്രമോദ്, സിനിമാഗാന നൃത്തം - അനുശ്രീ അരുൺ, മൃദംഗം തനിയാവർത്തനം - അങ്കിത് & അർച്ചിത്, സിനിമാഗാന നൃത്തം - അനഘ രഞ്ജിത്ത്, മലയാള ഗാനം - ജനക് മോഹൻ പിഷാരോടി, ഭരതനാട്യം - ആര്യ അനിൽകുമാർ പിഷാരോടി, ഹിന്ദി ഗാനാലാപനം - രാഹുൽ ഷാരോടി, മൃദംഗം തനിയാവർത്തനം - ടി.വി. മണി പ്രസാദ്, മലയാള ഗാനം - ശ്രീജ രഞ്ജിത്ത്, ഹിന്ദി ഗാനാലാപനം - നന്ദകുമാർ കൃഷ്ണൻ.

ഏകദേശം 4 മാസം നീണ്ടു നിന്ന പരിശീലനത്തിനൊടുവിൽ ഗുരുവായൂരിൽ നവംബർ 6നു കൈകൊട്ടിക്കളി അവതരിപ്പിച്ച ശാഖയിലെ വനിതാ അംഗങ്ങളെ ശാഖ തദവസരത്തിൽ ഓണപ്പുടവ നൽകി ആദരിച്ചു. ഓണപ്പുടവ നൽകിക്കൊണ്ട് കേന്ദ്ര വൈസ് പ്രസിഡണ്ടും കലാസാഗർ അവാർഡ് ജേതാവുമായ കെ.പി. മുരളി മാറുന്ന കാലഘട്ടത്തിലും കൈകൊട്ടിക്കളിയുടെ തനത് രൂപം കാത്ത് സൂക്ഷിക്കാനും അതിന്റെ പൂർണ്ണതയോടെ രംഗത്തവതരിപ്പിക്കാനുമുള്ള മുംബൈ ശാഖയുടെ ശ്രമങ്ങളെ ശ്ലാഘിച്ചു.

ഉച്ചഭക്ഷണ ശേഷം വിവിധ വിദ്യാഭ്യാസ അവാർഡുകൾ ചടങ്ങിൽ മുഖ്യാതിഥിയായെത്തിയ കേന്ദ്ര ജന. സെക്രട്ടറി ശ്രീ. ഗോപകുമാർ, പ്രസിഡണ്ട് ശ്രീ. എ.പി. രഘുപതി, വിവിധ സ്പോൺസർമാർ എന്നിവർ ചേർന്ന് നൽകി.

**SSC**

Lakshmikutty Pisharasiar Memorial Award - First Prize - Hariprasad Suresh Pisharody

Samajam Second Prize - Nitya Rajiv

Samajam Thir Prize -Adwait N Pisharody

TPK Pisharody Memorial Award for 1st in English - Nitya Rajiv

Kannambra Rama Pisharody Memorial Award for 1st in Maths -Nitya Rajiv

Thankam Pisharody Memorial Award - 1st in Science - Nitya Rajiv

**H.S.C.**

K.P. Gopalan Memorial Award - 1st in Science - Anirudh Ajai Pisharody

A.P. Malathy Pisharasar Memorial Award - 1st in Commerce - Arjun Radhakrishnan

P. Radhakrishnan Memorial Award - 1st in English - Anjana Krishnadasan

Malathy Venugopalan Memorial Award - 1st in Ele. Maintenance - Anikait Girish Nair

Samajam Award - Pranav Ramesh

**CS**

Vismaya Pisharody - Company Secretaryship

അവാർഡ് വിതരണ ശേഷം വിദ്യാഭ്യാസ അവാർഡുകൾക്ക് അപേക്ഷിക്കുന്ന കുട്ടികളുടെ എണ്ണത്തിലുള്ള കുറവ് വലിയ ആശങ്കയാണെന്ന് സെക്രട്ടറി സദസ്സിനെ അറിയിച്ചു. അവാർഡ് തുകയുടെ മൂല്യത്തിനപ്പുറം ഇത് കുട്ടികൾക്ക് ലഭിക്കാവുന്ന വലിയൊരംഗീകാരമാണെന്നുള്ള വസ്തുത വരും വർഷങ്ങളിലെങ്കിലും അംഗങ്ങൾ ഓർക്കേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

സെക്രട്ടറി മണി പ്രസാദ് കേന്ദ്ര പ്രസിഡണ്ട് ശ്രീ. ആർ. ഹരികൃഷ്ണ പിഷാരോടിയുടെ പ്രത്യേക സന്ദേശം അംഗങ്ങളെ വായിച്ചറിയിച്ചു. കൂടാതെ നേരിട്ടും, കേന്ദ്ര നിർവ്വാഹക സമിതി ഗ്രൂപ്പുകളിലൂടെയും ആശംസകൾ അറിയിച്ച എല്ലാ ശാഖാ ഭാരവാഹികളുടെ ആശംസകളും അറിയിച്ചു. കൂടാതെ ഇരിഞ്ഞാലക്കുട ശാഖാ പ്രതിനിധി ശ്രീ മുരളി പിഷാരോടി നേരിട്ടെത്തി വാർഷികാഘോഷത്തിൽ പങ്കെടുത്തു.

തുടർന്ന് അംഗങ്ങളെ അഭിസംബോധന ചെയ്ത ജന. സെക്രട്ടറി ശ്രീ. കെ.പി. ഗോപകുമാറും അവാർഡുകൾക്ക് അപേക്ഷ നൽകുന്ന കാര്യത്തിൽ അംഗങ്ങളുടെ പൊതുവായ അവഗണനയെക്കുറിച്ചു പരാമർശിച്ചു. അദ്ദേഹം മുംബൈ ശാഖയുടെ വാർഷികാഘോഷത്തിൽ എത്താൻ കഴിഞ്ഞതിലും ഇത്രയും ചിട്ടയോടെയും ഭംഗിയോടെയും നടത്തുന്ന നല്ല കലാപരിപാടികൾക്ക് സാക്ഷ്യം വഹിക്കാൻ സാധിച്ചതിലും ഉള്ള അതിയായ സന്തോഷം രേഖപ്പെടുത്തി. പലപ്പോഴും പരിപാടികളിലെ മലയാളിത്തം കണ്ട് താൻ എത്തിച്ചേർന്നത് മുംബൈയിൽ തന്നെയാണോ എന്ന സംശയം പോലും തോന്നിയെന്ന് അത്ഭുതം കൂറി. ഈയിടെ പുതുതായി രൂപീകരിച്ച തുളസീദളം കലാസാംസ്കാരിക സമിതിയെക്കുറിച്ചും അതിന്റെ ലക്ഷ്യങ്ങളെക്കുറിച്ചും വിശദീകരിച്ചു. കൂടാതെ സമാജത്തിന്റെ വിവിധ ഘടകങ്ങളുടെ പ്രവർത്തന

ങ്ങളെ കുറിച്ചും ശാഖാ പ്രവർത്തനങ്ങളെപ്പറ്റിയും പ്രത്യേകിച്ച് മുംബൈ ശാഖയുടെ മികവുറ്റ പ്രവർത്തനങ്ങളെക്കുറിച്ചും കേന്ദ്രവുമായുള്ള സഹകരണത്തെക്കുറിച്ചും പ്രത്യേക പരാമർശം നടത്തി.

അടുത്തതായി നഗരതലമുറക്ക് ക്ഷേത്രകലകളെ പരിചയപ്പെടുത്തുന്നതിലെ ഈ വർഷത്തെ പരിപാടി, ശീതങ്കൻ തുള്ളൽ അരങ്ങേറി. പ്രശസ്ത തുള്ളൽ കുടുംബത്തിലെ ഇളമുറക്കാരി കൃഷ്ണപുരത്ത് ഹരിപ്രിയ അവതരിപ്പിച്ച കല്യാണ സൗഗന്ധികം ശീതങ്കൻ തുള്ളൽ ഏകദേശം ഒരു മണിക്കൂറോളം കാണികൾ അറിഞ്ഞാസ്വദിച്ചു. പിന്നണിയിൽ പിതാവ് കൃഷ്ണപുരത്ത് മുരളിയും കലാമണ്ഡലം പ്രിയേഷും സുധിൻ രാജീവും അകമ്പടിയായി. തുടർന്ന് കുമാരി ഹരിപ്രിയയെയും മറ്റു കലാകാരന്മാരെയും ശാഖ ആദരിച്ചു.

വീണ്ടും അരങ്ങിൽ മായ ശ്രീഹരിയുടെ നേതൃത്വത്തിൽ നാടൻ പാട്ടും, പ്രണവ്, അർജ്ജുൻ, അദ്വൈദ് എന്നിവരുടെ സിനിമാറ്റിക് നൃത്തവും അരങ്ങേറി.

കൽവ-ഘാട്കോപ്പർ വിഭാഗക്കാരുടെ "റിയൽ റിയാലിറ്റി ഷോ" എന്ന ഒരു സ്കിറ്റോടെയാണ് പരിപാടികൾക്ക് തിരശ്ശീല വീണത്.

പങ്കെടുത്ത 20 വയസ്സിൽ താഴെയുള്ള കലാകാരന്മാർക്ക് സമ്മാനങ്ങൾ നൽകി. സെക്രട്ടറി മണി പ്രസാദ് ഏവർക്കും നന്ദി പ്രകാശിപ്പിച്ചു.തുടർന്ന് ദേശീയഗാനാലാപനത്തോടെ 5 മണിക്ക് പരിപാടികൾ സമാപിച്ചു.

വാർഷികാഘോഷത്തിന്റെ
കൂടുതൽ
ചിത്രങ്ങൾ കാണുവാൻ
QR കോഡ്
സ്കാൻ ചെയ്യുക

## എറണാകുളം

ശാഖയുടെ 2024 നവംബർ മാസയോഗം 10-11-2024നു 8PMന് ഓൺലൈൻ ആയി പ്രസിഡണ്ട് ശ്രീ. ദിനേശ് പിഷാരോടിയുടെ അദ്ധ്യക്ഷതയിൽ നടന്നു. ശാഖ രക്ഷാധികാരി ശ്രീ. കെ.എൻ. ഋഷികേശ് ഏവരെയും സ്വാഗതം ചെയ്തു. കഴിഞ്ഞ കാലയളവിൽ സമുദായത്തിൽ നമ്മെ വിട്ടുപോയവർക്ക് അനുശോചനം രേഖപ്പെടുത്തി.

ശാഖ അംഗമായ ശ്രീമതി സൗമ്യ ബാലഗോപാലിന് ലഭിച്ച വിവിധ പുരസ്കാര നേട്ടങ്ങളിൽ ശാഖയുടെ അഭിനന്ദനങ്ങൾ അറിയിച്ചു. ഇത് മറ്റു കുട്ടികൾക്ക് പ്രചോദനവും മാതൃകാപരവുമാണെന്നും അറിയിച്ചു.

സെക്രട്ടറി ഒക്ടോബർ മാസത്തെ റിപ്പോർട്ട് വായിച്ചു പാസ്സാക്കി. ഗുരുവായൂർ ഗസ്റ്റ് ഹൗസിൽ ശാഖയ്ക്കുള്ള ഫ്രീ റൂം ഫെസിലിറ്റി ഒരാൾ ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും. താല്പര്യമുള്ളവർ സെക്രട്ടറിയുമായി ബന്ധപ്പെടുന്ന മുറക്ക് ലഭ്യമാക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു. ശ്രീമതി ഉഷ നാരായണൻ ഇനിയും യോഗം കൂടാത്ത ഏരിയയിലും ഭവനങ്ങളിലും യോഗങ്ങൾ കൂടുവാൻ ശ്രമിക്കണമെന്ന് അഭിപ്രായപ്പെട്ടു. യോഗത്തിൽ അംഗങ്ങളുടെ എണ്ണത്തിൽ തീരെ കുറവ് വരുന്നതായി കാണുന്നു. ഓൺലൈൻ യോഗമായിട്ടു കൂടി 15 പേര് മാത്രമാണ് പങ്കെടുത്തതെന്നും, എത്രയും വേഗം ഗൃഹസന്ദർശനം നടത്തിയാലേ, അംഗങ്ങളുമായി ബന്ധം നിലനിർത്തിക്കൊണ്ടു പോകാൻ സാധിക്കൂവെന്നും അഭിപ്രായപ്പെട്ടു. കുറഞ്ഞത് വർഷത്തിലൊരിക്കലെങ്കിലും ഇത് നടത്തേണ്ടതാണെന്നും രക്ഷാധികാരിയും അഭിപ്രായപ്പെട്ടു. തുടർന്ന് ക്ഷേമനിധി നറുക്കെടുത്തതിന് ശേഷം കമ്മിറ്റി അംഗം ശ്രീ. സന്തോഷ് കൃഷ്ണന്റെ നന്ദി പ്രകടനത്തോടെ യോഗം പര്യവസാനിച്ചു.

***With best compliments from :***

**P. KARUNAKARAN**

**Forging & Process Aids**

No. 27, Kalyani Industrial Estate,
Vanagaram Road, Athipet,
CHENNAI - 600 058

Phone : (Factory) 044-26245992, Fax: 044-26245993
E-mail: steelforgings@hotmail.com
Phone : (Residence): 044-26161519, Mob: +919962581210

# സ്മരണാഞ്ജലി



# കെ. ആർ. കൃഷ്ണദാസ്

മരണം: 15 – 01 – 2013

**ദുഃഖാർത്തരായ ഭാര്യയും മറ്റ് കുടുംബാംഗങ്ങളും**

മഹാ നഷ്ടത്തിന്റെ പന്ത്രണ്ട് ദു:ഖ വർഷങ്ങൾ...
പക്ഷെ സമയമാപിനിയുടെ
ചലനങ്ങൾ അറിഞ്ഞതേയില്ല
കാരണം എന്നും
കരുത്തും ആത്മവിശ്വാസവും പകർന്ന ഈ ചിരി
എല്ലാ സങ്കടങ്ങളെയും അകറ്റി നിർത്തിയിരുന്നല്ലോ.

# സ്മരണാഞ്ജലികൾ

## ഒന്നാം ചരമവാർഷികം

## (14.01.2025)



## കോഴിക്കോട് ഗോവിന്ദപുരം പിഷാരത്ത്

# നന്ദകുമാർ പിഷാരോടി

(Retd. Canara Bank Staff)

ജനനം: 20 – 04 – 1960 മരണം: 14 – 01 – 2024

### സ്നേഹസ്മരണകളോടെ....

ഭാര്യ: അഞ്ചേരി പിഷാരത്ത് ഉഷ

മക്കൾ: ശ്രീദേവി, ശ്രുതി

മരുമക്കൾ: മണികണ്ഠൻ കെ. പി. അജയ്കൃഷ്ണൻ ഇ. ആർ.

പേരക്കുട്ടികൾ: ആഷിക്, ഗായത്രി, വേദശ്രീ, വൈശ്വിക്.

## ചൊവ്വര

ശാഖയുടെ ഡിസംബർ മാസ യോഗം 08-12-24 ഞായറാഴ്ച 3.30 PMന് എടനാട് പിഷാരം ശ്രീ. കെ. ഹരിയുടെ വസതിയിൽ പ്രസിഡണ്ട് ശ്രീ. കെ. വേണുഗോപാലിന്റെ അദ്ധ്യക്ഷതയിൽ മാസ്റ്റർ വൈശാഖ് രാജന്റെ ഈശ്വര പ്രാർത്ഥന, ശ്രീ കെ. പി. രവിയുടെ നാരായണീയ പാരായണം എന്നിവയോടെ ആരംഭിച്ചു. അന്തരിച്ച ശ്രീമതി കമലം പിഷാരസ്യാർ (ശാഖ അംഗം ശ്രീ. എസ്.എം. സതീശന്റെ ഭാര്യാ മാതാവ്) മറ്റ് സമുദായ അംഗങ്ങൾ എന്നിവരുടെ സ്മരണയിൽ യോഗം അനുശോചനം രേഖപ്പെടുത്തി. ഗൃഹനാഥൻ ശ്രീ. ഹരി സന്നിഹിതരായ എല്ലാ സ്വജനങ്ങളെയും യോഗത്തിലേക്കു സ്വാഗതം ചെയ്തു. അദ്ധ്യക്ഷ പ്രസംഗത്തിൽ കഴിഞ്ഞ കേന്ദ്ര യോഗത്തെ പറ്റിയും സമാജത്തിന്റെ വിവിധ വിഭാഗങ്ങളെയും കുറിച്ചുള്ള കാര്യങ്ങൾ അദ്ദേഹം സംസാരിച്ചു. കഴിഞ്ഞ മാസത്തെ യോഗ റിപ്പോർട്ട് ശ്രീ. വിജയനും കണക്കുകൾ ശ്രീ. മധുവും വായിച്ചത് യോഗം പാസ്സാക്കി.

കഴിഞ്ഞ മാസം ശ്രീ. ഇ. ബാലകൃഷ്ണൻ പിഷാരോടിയുടെ ചികിത്സ സഹായത്തിനുള്ള അപേക്ഷ പരിഗണിച്ചു ശാഖയിൽ നിന്നും സഹായം നൽകുവാൻ തീരുമാനിക്കുകയും അതനുസരിച്ചു നെടുവന്നൂർ ശ്രീമതി ശാരദ പിഷാരസ്യാർ, ആലങ്ങാട് ശ്രീ. നാരായണ പിഷാരടി, തൃശൂർ ശ്രീമതി ശ്രീരേഖ എന്നിവരുടെ സ്മരണക്കുള്ള മൊത്തം തുക 10,000/- രൂപ അയച്ചു കൊടുത്തു. കൂടാതെ ശാഖയിലെ ഒരു അംഗം 10,000/- രൂപ നേരിട്ട് അയച്ചു കൊടുത്തതായും അറിയിച്ചു. ഗസ്റ്റ് ഹൗസ് മെംബർഷിപ്പ് കാർഡ് നഷ്ടപ്പെട്ടവർ സമാജത്തെ അറിയിച്ചാൽ വേണ്ട നടപടികൾ സ്വീകരിക്കുമെന്ന് ഗസ്റ്റ് ഹൗസ് സെക്രട്ടറി രവി കെ.പി. അറിയിച്ചു. ക്ഷേമനിധി നറുക്കെടുപ്പു നടത്തി. ശ്രീ. ദിവാകര പിഷാരടിയുടെ നന്ദി പ്രകടനത്തോടെ യോഗം സമാപിച്ചു.

## ആലത്തൂർ

ശാഖയുടെ ഡിസംബർ മാസ യോഗം 14-12-24നു 3 PMനു Online ആയി ചേർന്നു. ശാഖാ പ്രസിഡണ്ട് ശ്രീ. പി. ശശി അദ്ധ്യക്ഷത വഹിച്ചു. ശ്രീ. അച്ചുതൻകുട്ടി (സുന്ദരേട്ടൻ) പ്രാർത്ഥന ചൊല്ലി. സെക്രട്ടറി ആനന്ദകുമാർ സ്വാഗതം ആശംസിച്ചു.

ശാഖയുടെ വാർഷികം നടത്തേണ്ടതിനെക്കുറിച്ചുള്ള ചർച്ചയിൽ 2025 ഫെബ്രുവരി 15 ശനിയാഴ്ച കുത്തനൂർ ദക്ഷിണാമൂർത്തി പിഷാരത്ത് വച്ച് വിപുലമായ രീതിയിൽ തന്നെ നടത്തുവാൻ തീരുമാനിച്ചു. കേന്ദ്ര പ്രവർത്തനങ്ങളെ കുറിച്ചും "ജ്യോതിർഗമയ" പരിപാടികളെക്കുറിച്ചും സെക്രട്ടറി അംഗങ്ങളെ ബോധ്യപ്പെടുത്തി. കൂടുതൽ ചർച്ചാ വിഷയങ്ങൾ ഒന്നുമില്ലാത്തതിനാൽ രതി ചന്ദ്രന്റെ നന്ദി പ്രകടനത്തോടെ യോഗം പര്യവസാനിച്ചു.

## പാലക്കാട്

ശാഖയുടെ ഡിസംബർ മാസയോഗം 15-12-24 ന് ശ്രീ. എ.പി സതീഷ് കുമാറിന്റെ ഭവനം, ശ്രീകൗസ്തുഭത്തിൽ വച്ച് നടത്തി. ഗൃഹനാഥയുടെ ഈശ്വര പ്രാർത്ഥനക്ക് ശേഷം ശ്രീ. എ.പി. സതീഷ്കുമാർ എല്ലാവരെയും സ്വാഗതം ചെയ്തു. ഈ കാലയളവിൽ നമ്മെ വിട്ടുപിരിഞ്ഞവർക്ക് അനുശോചനം രേഖപ്പെടുത്തി. പുരാണപാരായണത്തിൽ ശ്രീമതിമാർ ഓമന മോഹനൻ, ഇന്ദിര, ശോഭന, ശാന്ത എന്നിവർ ചേർന്ന് നാരായണീയം പാരായണം നടത്തി. പ്രസിഡണ്ട് ശ്രീ. എ.പി. ഉണ്ണികൃഷ്ണൻ തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ ജനുവരി മാസം 12ന് നടത്താനിരിക്കുന്ന വാർഷികത്തിന്റെ ഒരുക്കങ്ങളെ കുറിച്ചും ക്ഷേമനിധിയെക്കുറിച്ചും വിശദമായി ചർച്ച ചെയ്യേണ്ടതുണ്ടെന്ന് അറിയിച്ചു. സെക്രട്ടറി ജനുവരി 12ന് നടത്താനിരിക്കുന്ന വാർഷികത്തിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ചും ഇനിയും ചെയ്യാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചും വിശദമായി ചർച്ച ചെയ്തു. എല്ലാവരും അഭിപ്രായങ്ങൾ പറഞ്ഞു. യോഗം നടത്താനിരിക്കുന്ന ഹാൾ സ്പോൺസർ ചെയ്തതായി ശ്രീ. പി.പി. നാരായണൻ അറിയിച്ചു. ഏവരും അദ്ദേഹത്തിന്റെ സന്മനസ്സിനെ അഭിനന്ദിച്ചു. പിന്നീടും ചിലർ സ്പോൺസർഷിപ്പുകൾ ചെയ്തതായി അറിയിച്ചു. കൂടാതെ പലരും വാർഷികത്തിന്റെ ചിലവിലേക്കായി സംഖ്യകൾ സംഭാവനയായി നൽകി. കോട്ടായി ഭാഗത്ത് കൂടി പിരിച്ചു കിട്ടിയാൽ വരിസംഖ്യകൾ മുഴുവനും പിരിച്ചിരിക്കുമെന്നതിനാൽ കേന്ദ്രത്തിന്റെ വിഹിതങ്ങൾ ഉടനെ തന്നെ അടയ്ക്കുന്നതായിരിക്കും എന്ന് സെക്രട്ടറി അറിയിച്ചു. ക്ഷേമനിധിയുടെ പൂർണ്ണരൂപം ചർച്ച ചെയ്ത് ജനുവരിയിൽ ആരംഭിക്കാം എന്നും നിശ്ചയിച്ചു. ശാഖയിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു മെമ്പർക്ക് 5000 രൂപയുടെ ധനസഹായം ചെയ്യാമെന്ന് യോഗത്തിൽ തീരുമാനിച്ചു. വിദ്യാഭ്യാസ അവാർഡുകൾ കിട്ടിയ കുട്ടികളെ അനുമോദിക്കാനും 80 വയസ്സ് തികഞ്ഞവരെ

ആദരിക്കാനും തീരുമാനിച്ചു. വാർഷികം ജനുവരി മാസത്തിലേക്ക് നീട്ടാൻ ഉണ്ടായ സാഹചര്യവും ചർച്ച ചെയ്തു. ശ്രീ. എം.പി. രാമചന്ദ്രൻ സുഭാഷിതം പരിപാടിയിൽ സംസ്കൃത ശ്ലോകങ്ങൾ ചൊല്ലി അർത്ഥം വിവരിച്ചു. അടുത്ത യോഗത്തിൽ രാമഭദ്രൻ സനാതന ധർമ്മത്തിലെ പൂജാവിധികളെ കുറിച്ച് വിശദമായി പറയാമെന്ന് പറഞ്ഞു. വൈസ് പ്രസിഡണ്ട് ശ്രീ. ടി.പി. ഉണ്ണികൃഷ്ണൻ നന്ദി പ്രകടനം നടത്തി. യോഗം ആറുമണിക്ക് സമംഗളം പര്യാവസാനിച്ചു.

## കൊടകര

ശാഖയുടെ ഡിസംബർ മാസ യോഗം 15-12-2024 നു 3 PM മണിക്ക് ഗോവിന്ദപുരം പിഷാരത്ത് ശ്രീ. ഉണ്ണികൃഷ്ണന്റെ ഭവനത്തിൽ വെച്ച് ചേർന്നു. മുൻ പ്രസിഡണ്ട് സി.പി. രാമചന്ദ്ര പിഷാരോടി അദ്ധ്യക്ഷത വഹിച്ചു. സീത നാരായണന്റെ പ്രാർത്ഥനയോടെ യോഗനടപടികൾ ആരംഭിച്ചു. നമ്മെ വിട്ടുപിരിഞ്ഞവർക്ക് അനുശോചനം രേഖപ്പെടുത്തി. ഗൃഹനാഥൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ശാഖയുടെ പ്രസിഡണ്ടായും സെക്രട്ടറിയായും ദീർഘകാലം പ്രവർത്തിച്ചിരുന്ന ടി.വി. നാരായണ പിഷാരോടിയെ ആദരിച്ചു. അദ്ദേഹം ശാഖയിലെ ദീർഘകാല പ്രവർത്തന അനുഭവങ്ങളെ കുറിച്ച് സംസാരിച്ച് ആദരവിന് നന്ദി അറിയിച്ചു. ശ്രീ. കെ.പി. രവീന്ദ്രൻ, കെ.പി. മോഹനൻ എന്നിവർ നാരായണ പിഷാരടിയുടെ കൂടെ പ്രവർത്തിച്ചപ്പോൾ ഉണ്ടായ അനുഭവങ്ങളെക്കുറിച്ച് സംസാരിച്ചു. പല്ലാവൂർ തൃപ്പേക്കുളം ഗുരുദക്ഷിണ അവാർഡ് നേടിയ തിമില കലാകാരൻ കാവശ്ശേരി കുട്ടികൃഷ്ണനെ അനുമോദിച്ചു. അദ്ദേഹവും അനുമോദനത്തിന് നന്ദി അറിയിച്ചു.

സി.പി. രാമചന്ദ്രപിഷാരടി അദ്ധ്യക്ഷപ്രസംഗം നടത്തുകയും കേന്ദ്രതീരുമാനങ്ങൾ വിവരിക്കുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയതു. സെക്രട്ടറി രമ്യാ രാധാകൃഷ്ണൻ അവതരിപ്പിച്ച നവംബർ മാസ റിപ്പോർട്ടും ട്രഷറർ എം.പി. വിജയൻ അവതരിപ്പിച്ച കണക്കുകളും യോഗം അംഗീകരിച്ചു. വിവിധ വിഷയങ്ങളിലെ ചർച്ചകളിൽ എല്ലാ അംഗങ്ങളും സജീവമായി പങ്കെടുത്തു. വിവിധ കാരണങ്ങളാൽ ജനുവരിയിൽ നടത്താനിരുന്ന വിനോദയാത്രയുടെ ഒരുക്കം പൂർത്തീകരിച്ചിട്ടില്ല എന്നത് വിലയിരുത്തി ഉചിതമായ സമയം നിശ്ചയിച്ച് പിന്നീട് നടത്താൻ തീരുമാനിച്ചു. കേന്ദ്രത്തിന്റെ തീരുമാനങ്ങൾ പ്രസിഡണ്ടിന്റെ നിർദ്ദേശപ്രകാരം ട്രഷറർ യോഗത്തെ അറിയിക്കുകയും അംഗങ്ങൾ അവരുടെ അഭിപ്രായങ്ങൾ പങ്കുവെക്കുകയും ചെയ്തു. വരിസംഖ്യ നൽകാനുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കി പിരിച്ചെടുക്കാൻ ട്രഷററെ ചുമതലപ്പെടുത്തി. ഗൃഹനാഥ ജയയുടെ ചേച്ചിയുടെ മകൾ ശ്രീലക്ഷമി, ഭർതൃമാതാവ് മുത്തോലപുരം മുടക്കാരി പിഷാരത്ത് തുളസി എന്നിവരെ ഗൃഹനാഥൻ അംഗങ്ങൾക്ക് പരിചയപ്പെടുത്തി. ശ്രീമതി തുളസി കൊടകര ശാഖയുടെ യോഗത്തിൽ പങ്കെടുക്കാൻ പറ്റിയതിന്റെ സന്തോഷം എല്ലാവരുമായി പങ്കുവെച്ചു.

കെ.പി. മോഹനൻ യോഗത്തിന് എത്തിച്ചേർന്ന എല്ലാ അംഗങ്ങൾക്കും യോഗം നടത്താൻ സൗകര്യമൊരുക്കിത്തന്ന ഉണ്ണികൃഷ്ണപിഷാരോടിക്കും കുടുംബത്തിനും നന്ദി അറിയിച്ചു. കൂട്ടായ്മയുടെ പ്രതീകമായ ഫോട്ടോ സെക്ഷന് ശേഷം കൃത്യം 4. 45 നു യോഗം അവസാനിച്ചു.

## വടക്കാഞ്ചേരി

ശാഖയുടെ ഡിസംബർ മാസ യോഗം 15-12-2024ന് 11 AM നു വെങ്ങാനല്ലൂരിലുള്ള ശ്രീ. വി.പി. ഗോപിനാഥന്റെ വസതി, "കൗസ്തുഭ"ത്തിൽ വച്ച് നടത്തി. ശാഖാപ്രസിഡണ്ട് ശ്രീ. എം.പി. ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷൻ ആയിരുന്നു.

ഭദ്രദീപപ്രകാശനത്തിനുശേഷം കുമാരി അഖില, മാസ്റ്റർ അതുൽ കൃഷ്ണ, മാസ്റ്റർ പ്രണവ് മുരളി എന്നിവർ ചേർന്ന് പ്രാർത്ഥന ചൊല്ലി. ഗൃഹനാഥൻ ശ്രീ. വി.പി. ഗോപിനാഥൻ യോഗത്തിന് വന്നവർക്കെല്ലാം സ്വാഗതം ആശംസിച്ചു. സാവിത്രി പിഷാരസ്യാർ, പത്മിനി പിഷാരസ്യാർ, പ്രസന്ന പിഷാരസ്യാർ എന്നിവർ ചേർന്ന് പുരാണ പാരായണം നടത്തി. ഇക്കഴിഞ്ഞ കാലയളവിൽ അന്തരിച്ച സമുദായ അംഗങ്ങൾക്ക് അനുശോചനം രേഖപ്പെടുത്തി.

അദ്ധ്യക്ഷ പ്രസംഗത്തിൽ പുതിയ ഭരണസമിതി അധികാരത്തിൽ വന്നതിന് ശേഷം ഉണ്ടായ പല സംരംഭങ്ങളെക്കുറിച്ചും അവയുടെ പ്രവർത്തനക്ഷമതയെക്കുറിച്ചും സംസാരിക്കുകയും അതിനു വേണ്ട എല്ലാ പിന്തുണയും ശാഖാ അംഗങ്ങൾ നൽകണമെന്നും പറഞ്ഞു. ഹിന്ദു ക്ഷേത്ര ആചാരങ്ങൾക്കെതിരെ ഹൈക്കോടതി നിയമപ്രകാരം എടുത്ത തീരുമാനങ്ങൾക്ക് ഹിന്ദു സമൂഹം പ്രതികരിക്കണമെന്ന് അഭ്യർത്ഥിച്ചു. ശാഖയുടെ വിനോദയാത്ര എന്ന് വേണമെന്നും എവിടേക്ക് വേണമെന്നും ചർച്ചചെയ്ത് തീരുമാനിക്കണമെന്നും പ

റഞ്ഞു.

തുടർന്ന് നടന്ന ചർച്ചയിൽ ശാഖയുടെ വിനോദയാത്ര എവിടേക്ക് വേണമെന്ന് തീരുമാനിക്കുന്നതിന് വനിതാവിംഗിനെ ചുമതലപ്പെടുത്തി ഒരാഴ്ചയ്ക്കുള്ളിൽ പ്രതികരണം അറിയിക്കണം എന്ന് അഭ്യർത്ഥിച്ചു. വിനോദയാത്രയുടെ കോഡിനേറ്റർ ആയി വനിതാവിംഗ് പ്രസിഡണ്ട് ശ്രീമതി പത്മിനി ഗോപിനാഥനെ ചുമതലപ്പെടുത്തി. വരിസംഖ്യ, തുളസീദളം, ട്രസ്റ്റ് മെമ്പർഷിപ്പ് (2024-25) എന്നിവ കേന്ദ്രത്തിലേയ്ക്ക് കൊടുത്തതായി ട്രഷറർ പറഞ്ഞു. ശ്രീ. വി.പി. ജയന്റെ നന്ദിക്ക് ശേഷം യോഗം അവസാനിച്ചു.

## തൃശൂർ

ശാഖയുടെ ഡിസംബർ മാസ യോഗം 15-12-2024ന് വെളപ്പായ ശ്രീമതി പത്മിനിയുടെ ഭവനം പ്രശാന്തിയിൽ വെച്ച് പ്രസിഡണ്ട് ശ്രീ. വിനോദ് കൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ഗൃഹനാഥ ശ്രീമതി പത്മിനിയുടെ പ്രാർത്ഥനയോടെ ആരംഭിച്ചു. ശ്രീമതി ജയ ഗോപകുമാർ, ശ്രീമതി പത്മിനി, ശ്രീമതി ഗീത എന്നിവരുടെ നേതൃത്വത്തിൽ നാരായണീയം 7-ാമത് ദശകം എല്ലാവരും ചേർന്ന് ചൊല്ലി. അന്തരിച്ച മുളങ്കുന്നത്തുകാവ് കാവല്ലൂർ പിഷാരത്ത് തങ്കം പിഷാരസ്യർ അടക്കം ഈ ലോകം വിട്ടുപോയവർക്ക് അനുശോചനം രേഖപ്പെടുത്തി. ശ്രീമതി പത്മിനി ഏവർക്കും സ്വാഗതം ആശംസിച്ചു. സെക്രട്ടറിയുടെ അഭാവത്തിൽ ശ്രീ. എ.പി. ഗോപി കഴിഞ്ഞ മാസത്തെ റിപ്പോർട്ടും ട്രഷറർ ശ്രീ. ആർ.പി. രഘുനന്ദനൻ കണക്കും വായിച്ചത് കയ്യടികളോടെ പാസ്സാക്കി.

അദ്ധ്യക്ഷന്റെ വാക്കുകളിൽ ശ്രീ. വിനോദ് കൃഷ്ണൻ ഈയിടെ നടത്തിയ ചാരിറ്റി പ്രവർത്തനങ്ങളെ കുറിച്ച് സംസാരിച്ചു. ഇനിയുള്ളത് കഴകക്കാരെ ആദരിക്കുന്ന ചടങ്ങാണ്. അതുപോലെ സർഗ്ഗോത്സവം, വാർഷികം, വിനോദയാത്ര എന്നിവയെ പറ്റിയൊക്കെ തീരുമാനമെടുക്കേണ്ട സമയമായി. വൈസ് പ്രസിഡണ്ട് ശ്രീ. എ. രാമചന്ദ്രപിഷാരോടി തുളസീദളം കലാ സാംസ്ക്കാരിക സമിതിക്ക് കേരള സംഗീത നാടക അക്കാദമി രജിസ്ട്രേഷൻ ലഭിച്ച വിവരവും ഡിസംബർ 1ന് കലാ സമിതിയുടെ യോഗം ചേർന്ന് എടുത്തിട്ടുള്ള തീരുമാനങ്ങളും യോഗത്തിൽ വിശദീകരിച്ചു. ഇപ്പോഴത്തെ സമിതിയിൽ ശ്രീ. രാജൻ സിത്താര ഒഴികെ ബാക്കി എല്ലാവരും തൃശൂർ ശാഖയിൽ പെട്ടവരാണ്. ഇനി എല്ലാ ശാഖയിലുമുള്ള കലാ പ്രവർത്തകരോടൊപ്പം പൊതു ജനങ്ങളിൽ നിന്നും അംഗങ്ങളെയും ചേർക്കേണ്ടതുണ്ട്. ഇപ്പോഴത്തെ തീരുമാന പ്രകാരം ഒരാൾക്ക് മാസ വരി 10 രൂപയും ആജീവനാന്ത അംഗസംഖ്യ 500 രൂപയുമായി നിശ്ചയിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി യുവജന വിഭാഗം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അവരിൽ നിന്ന് തന്നെ പ്രസിഡണ്ട്, സെക്രട്ടറി, കമ്മിറ്റി അംഗങ്ങൾ എന്നിവരെയൊക്കെ തെരഞ്ഞെടുക്കും. കുട്ടികളുടെയും യുവജനങ്ങളുടെയും സംഘാടക ശക്തി കൂടി തിരിച്ചറിയാനും സാമൂഹ്യപരമായ കാര്യങ്ങളിൽ അറിവുണ്ടാകാനും ഒപ്പം അവരുടെ എല്ലാ കഴിവുകളും കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ ഇത് സഹായമാകും. ഭാവിയിൽ കേന്ദ്ര സംഗീത നാടക അക്കാദമി രജിസ്ട്രേഷൻ ലഭ്യമാക്കുക എന്നത് നമ്മുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. അധികം താമസിയാതെ തന്നെ സമിതിക്ക് നല്ല പരസ്യങ്ങളോടെ കേരള സംഗീത നാടക അക്കാദമിയിൽ വെച്ച് തന്നെ ഒരു കൾച്ചർ പ്രോഗ്രാം നടത്തേണ്ടതുണ്ട്. ടിക്കറ്റ് വെച്ചുള്ള പരിപാടികളും ആലോചിക്കാവുന്നതാണ്. അന്തരിച്ച ബാബു നാരായണന്റെ ആഗ്രഹമായിരുന്നു ഇങ്ങനെയൊരു സംഘടനയും പ്രോഗ്രാമും. ബാബു നാരായണന്റെ കുടുംബം അദ്ദേഹത്തിന്റെ സ്മരണക്കായി 75000 രൂപ സമിതിക്ക് നൽകാൻ സന്നദ്ധരായി മുന്നോട്ട് വന്നിട്ടുണ്ട്. അതോടൊപ്പം ഒരു സംഖ്യ കൂടി ചേർത്ത് ബാങ്കിൽ നിക്ഷേപിച്ച് അതിന്റെ വാർഷികപ്പലിശ കൊണ്ട് അദ്ദേഹത്തിന്റെ പേരിൽ സമൂഹത്തിലെ പ്രശസ്തരും പ്രഗത്ഭരുമായ കലാ പ്രതിഭകൾക്ക് പുരസ്ക്കാരം നൽകുന്നതാണ്. കഴകക്കാരെ ആദരിക്കാൻ തീരുമാനമെടുത്തതനുസരിച്ച് ഇതു വരെ 29 പേരുടെ ലിസ്റ്റ് ലഭിച്ചിട്ടുണ്ട്. ആസ്ഥാന മന്ദിരത്തിൽ ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി അവിടെ ഒരാൾ ഉണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ്. ഗുരുവായൂർ ഗസ്റ്റ് ഹൌസിൽ തൃശൂർ ശാഖ അംഗങ്ങൾക്ക് വർഷത്തിൽ അഞ്ചു ദിവസം അഞ്ചു മുറികൾ സൗജന്യമായി ലഭിക്കുന്നതാണ്. അത് വിനിയോഗിക്കാവുന്നതാണ് എന്നും പറഞ്ഞു.

തുളസീദളം കലാ സമിതി ഭരണ സമിതി അംഗങ്ങളുടെ പേരുകൾ സമിതി സെക്രട്ടറി ശ്രീ. ഗോപൻ പഴുവിൽ യോഗത്തെ അറിയിച്ചു. സമിതി സ്വതന്ത്ര സംഘടന ആയതിനാൽ സമാജവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന ചില സാങ്കേതിക ബുദ്ധിമുട്ടുകളെ പറ്റി ശ്രീ. ഗോപൻ പഴുവിൽ സംസാരിച്ചു.

ശാഖയുടെ നേതൃത്വത്തിൽ നടക്കുന്ന ഇപ്രാവശ്യത്തെ ജ്യോതിർഗമയ പ്രോഗ്രാമിനെ കുറിച്ച് തീരുമാനമെടുക്കേണ്ടതിനെ പറ്റി ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഗോപകുമാർ സംസാരിച്ചു. മുംബൈ ശാഖ വാർഷികത്തിൽ പങ്കെടുത്തതിന്റെ അനുഭവം ശ്രീ. ഗോപകുമാർ പങ്കുവെച്ചു. കൃത്യമായ ആസൂത്രണം, സമയ നിഷ്ഠ, അവതരിപ്പിച്ച പ്രോഗ്രാമുകളുടെ മികവ് എന്നിവയെല്ലാം അഭിനന്ദനീയമായിരുന്നു. കുമാരി ഹരിപ്രിയയുടെ ഓട്ടൻ തുള്ളൽ പ്രത്യേകം ശ്രദ്ധേയമായി. ശാഖ അംഗങ്ങൾ അവതരിപ്പിച്ച കഥാ പ്രസംഗം, നൃത്ത നൃത്യങ്ങൾ, സ്കിറ്റ് എന്നിവയെല്ലാം പ്രത്യേകം പരാമർശിക്കത്തക്കവിധം ഗംഭീരമായിയെന്നും അഭിപ്രായപ്പെട്ടു. ആസ്ഥാന മന്ദിരത്തിൽ ഇപ്പോൾ മരണാനന്തര പരിപാടികൾ അടക്കം ധാരാളം പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അതുകൊണ്ട് തന്നെ ചന്ദ്രേട്ടൻ സൂചിപ്പിച്ചത് പോലെ ചുമതലക്കായി ഉത്തരവാദപ്പെട്ട ഒരാളെ നിയമിക്കേണ്ടത് അത്യാവശ്യമാണ്. ഗുരുവായൂർ ഗസ്റ്റ് ഹൌസ് പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടന്നു വരുന്നു. വല്ലച്ചിറ സ്ഥലത്തിന്റെ കാര്യത്തിൽ യോജിച്ച തീരുമാനമെടുക്കേണ്ടതുണ്ടെന്നും പറഞ്ഞു.

തുളസീദളം കലാ സാംസ്ക്കാരിക സമിതിയിലേക്ക് തൃശൂർ ശാഖ ഒരു തുക സംഭാവന നൽകാൻ തീരുമാനിച്ചു.

2025 ലെ ആദ്യത്തെ ശാഖായോഗം ജനുവരി 19 ഞായറാഴ്ച്ച ശ്രീ. കലാനിലയം അനിൽകുമാറിന്റെ ഭവനം പൂങ്കുന്നത്ത് 4 മണിക്ക് S4, ഹരിത അപ്പാർട്ട്മെന്റിൽ വെച്ച് ചേരുവാൻ തീരുമാനിച്ചു. ഫോൺ നമ്പർ: 8129295721, 9947553974. എല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ചു.

ശ്രീമതി പത്മിനി വെളപ്പായ സ്വന്തം കവിത ഗുരുവായൂർ ഏകാദശി ദർശനം പുണ്യദർശനം യോഗത്തിൽ ചൊല്ലി. തുടർന്ന് നടന്ന ചർച്ചയിൽ ശ്രീ. ആർ.പി. രഘുനന്ദനൻ, ശ്രീ. ശ്രീധരൻ, ശ്രീ. എ.പി. ഗോപി എന്നിവർ പങ്കെടുത്തു. ശ്രീ. ആർ. പി. രഘുനന്ദനൻ നന്ദി പറഞ്ഞതോടെ 5.30 ന് യോഗം അവസാനിച്ചു.

## ഇരിങ്ങാലക്കുട

ശാഖയുടെ ഡിസംബർ മാസ കുടുംബയോഗം 22-12-24നു 4 PMനു ഇരിങ്ങാലക്കുട വടക്കേ പിഷാരത്ത് വി.പി. മുകുന്ദന്റെ വസതിയിൽ വെച്ച് പ്രസിഡണ്ട് ശ്രീമതി മായാ സുന്ദരേശ്വരന്റെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീമതി ദേവീ മുകുന്ദൻ ഈശ്വര പ്രാർത്ഥന ചൊല്ലി. കുടുംബനാഥൻ വി.പി. മുകുന്ദൻ എല്ലാ മെംബർമാരെയും, കുടുംബാംഗങ്ങളെയും സ്വാഗതം ചെയ്തു.

കഴിഞ്ഞ മാസക്കാലയളവിൽ അന്തരിച്ച സമുദായ അംഗങ്ങൾക്കു യോഗം ആദരാഞ്ജലികൾ അർപ്പിച്ചു. അദ്ധ്യക്ഷ ശ്രീമതി മായാ സുന്ദരേശ്വരൻ സമുദായ അംഗങ്ങൾക്ക് കിട്ടിയ പുരസ്കാരങ്ങൾക്കും, അവാർഡുകൾക്കും അഭിനന്ദനങ്ങൾ അറിയിച്ചു. 17-11-24 ന് കേന്ദ്ര കമ്മിറ്റിയിൽ നടന്ന കാര്യങ്ങളെപ്പറ്റി വിശദമായി സംസാരിച്ചു.

സെക്രട്ടറി സി.ജി. മോഹനൻ അവതരിപ്പിച്ച കഴിഞ്ഞ മാസ യോഗത്തിന്റെ മിനിട്ട്സ് യോഗം പാസ്സാക്കി. ട്രഷറർ കെ.പി. മോഹൻദാസ് അവതരിപ്പിച്ച വരവ്, ചിലവ് കണക്കുളും യോഗം പാസ്സാക്കി. തുളസീദളം കലാസമിതി രൂപീകരിച്ചതിന്റെയും മറ്റ് വിവരങ്ങൾ യോഗത്തിൽ സെക്രട്ടറി പങ്കുവെച്ചു. 2025 ലെ കേന്ദ്ര വാർഷികം നടത്തുവാൻ ഇരിങ്ങാലക്കുട ശാഖാ തയ്യാറായ വിവരം കേന്ദ്ര കമ്മിറ്റിയെ അറിയിച്ചതും അത് കേന്ദ്ര കമ്മിറ്റി അംഗീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മെയ് 25-ാം തിയ്യതി (ഞായറാഴ്ച) നടത്തുവാൻ യോഗത്തിൽ തീരുമാനമായി.

ശാഖയിലെ ചാരിറ്റി ചികിത്സാ സഹായ നിധിയിൽ നിന്നും ഇനിമുതൽ ഫണ്ട് ആവശ്യമുള്ള പക്ഷം ആ ശാഖകൾ അവരുടെ സമാജം ലെറ്റർ പാഡിൽ സഹായം ആവശ്യമുള്ള അംഗത്തിന്റെ പേര്, പൂർണ്ണ വിലാസം, ഫോൺ നമ്പർ എന്നിവ എഴുതി ശാഖാ സെക്രട്ടറി, പ്രസിഡണ്ട് എന്നിവർ ഒപ്പിട്ട് സീൽ വച്ച ലെറ്റർ, പുറമെ ചികിത്സ എടുക്കുന്ന വ്യക്തി ശാഖാ മെംബർ ആയിരിക്കണം, ചികിത്സ ചിലവിന്റെ ബില്ലിന്റെ കോപ്പി എന്നിവയും ചേർത്ത് ഇരിങ്ങാലക്കുട ശാഖാ സെക്രട്ടറിക്ക് കിട്ടിയാൽ മാത്രം ധനസഹായം ചെയ്താൽ മതിയെന്നും, കേന്ദ്ര കമ്മിറ്റിക്ക് സഹായം ആവശ്യപ്പെട്ട് ലെറ്റർ കൊടുത്താലും ആയതിന്റെ കോപ്പി ശാഖ സെക്രട്ടറിക്ക് അയച്ചു തന്നാൽ മാത്രം ഭാവിയിൽ ധനസഹായം ചെയ്താൽ മതിയെന്നും യോഗം തീരുമാനിച്ചു.

കേന്ദ്ര വാർഷികത്തിന്റെ ഭാവി പരിപാടികൾ തീരുമാനിക്കുവാൻ കേന്ദ്ര കമ്മിറ്റി പ്രസിഡണ്ട്, ജനറൽ സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി വിപുലമായ ഒരു ചർച്ച ജനുവരി മാസത്തിലെ കുടുംബ യോഗത്തിൽ വെച്ച് ആകാമെന്നു ധാരണയായി. ശാഖയുടെ നേതൃത്വത്തിൽ 21-12-2024 ന് നട

# ആദരാഞ്ജലികൾ

## കമലാവതി പിഷാരസ്യാർ

ഉള്ളന്നൂർ പിഷാരത്ത് കമലാവതി പിഷാരസ്യാർ (90) 04-12-2024നു ആലുവ കുട്ടമശ്ശേരിയിൽ നിര്യാതയായി. ഭർത്താവ്: ഇരിമ്പിളിയം മഞ്ജീരി പിഷാരത്ത് പരേതനായ കരുണാകര പിഷാരോടി. മക്കൾ: ഇന്ദിര, മഞ്ജുള, ഗീത, കൃഷ്ണകുമാർ. മരുമക്കൾ: പരേതനായ വി.പി. ഗോപിനാഥ്, ഡോ. സതീശൻ, വിജയ് കുമാർ നായർ, ബിന്ദു.

## ലീലാവതി പിഷാരസ്യാർ

പെരുമ്പിലാവ് പിഷാരത്ത് ലീലാവതി പിഷാരസ്യാർ (80) 08-12-2024നു കാനഡയിൽ നിര്യാതയായി. ഭർത്താവ്: വി.സി. പരമേശ്വരൻ നമ്പൂതിരി. മക്കൾ; ജയപ്രകാശ്, ശ്രീജിത്ത്. മരുമകൾ: ശ്രീജ

## തങ്കം പിഷാരസ്യാർ

മുളങ്കുന്നത്ത്കാവ് ശ്രീനിലയത്തിൽ കാവല്ലൂർ പിഷാരത്ത് തങ്കം പിഷാരസ്യാർ (82) 09-12-2024നു നിര്യാതയായി. ഭർത്താവ്: കുട്ടമശ്ശേരി പിഷാരത്ത് പരേതനായ ഗോവിന്ദ പിഷാരോടി. മക്കൾ: ശ്രീദേവി, ശ്രീകല, ശ്രീകുമാർ, ശ്രീകാന്ത്. മരുമക്കൾ: ശ്രീകുമാർ, പരേതനായ സത്യൻ, രാഖി, രമ്യ.

## കെ.പി. മുരളീധരൻ

കുത്തനൂർ പടിഞ്ഞാറേ പിഷാരത്ത് കെ.പി. മുരളീധരൻ (72) 10-12-2024നു മുംബൈ വസായിൽ നിര്യാതനായി. ഭാര്യ: രാധ. മക്കൾ: സുധീഷ്, സുനിത.

## കൃഷ്ണകുമാർ ടി.പി.

തലയിണക്കാട്ട് പിഷാരത്ത് കൃഷ്ണകുമാർ (61) 11-12-2024 നു നിര്യാതനായി. ഭാര്യ: പനങ്ങാങ്ങര പിഷാരത്ത് നാരായണിക്കുട്ടി (ജയ). മക്കൾ: ഹരിഗോവിന്ദൻ, ഹരിനാരായണൻ. മരുമകൾ: ശ്രേയ

---

ത്തിയ ഉല്ലാസയാത്രയിൽ (കുന്ദംകുളം, കൈപ്പറമ്പ് പൂത്തൂർ ഉള്ള ISKON ക്ഷേത്രം) ശ്രീകൃഷ്ണ ക്ഷേത്രം, വരിക്കശ്ശേരിമന, കോയമ്പത്തൂർ ഇഷ സെന്റർ എന്നിവ ഉൾപ്പെട്ടിരുന്നു. 25 പേർ അടങ്ങിയ സമാജം ഫാമിലി ടൂർ വളരെ ആനന്ദകരമായിരുന്നുവെന്നും, എല്ലാവരും ശരിക്കും പിക്നിക്ക് ആസ്വദിച്ചുവെന്നും യാത്രയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. ക്ഷേമ നിധി നടത്തി. യോഗത്തിന് വേണ്ട എല്ലാ വിധ സഹായങ്ങളും ചെയ്ത് തന്ന വി.പി. മുകുന്ദനും, ദേവി മുകുന്ദനും യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ശ്രമതി ഗിരിജാ മോഹൻദാസ് നന്ദി രേഖപ്പെടുത്തിയതോടെ യോഗം 6.15 ന് സമാപിച്ചു.

### കോങ്ങാട്

ശാഖയുടെ ഡിസംബർമാസ യോഗം 22-12-24ന് 1 PMനു സമാജ മന്ദിരത്തിൽ വെച്ച് പ്രസിഡണ്ട് ശ്രീ. കെ.പി. പ്രഭാകര പിഷാരോടിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. ശ്രീമതി ഉഷ എം.പി. പ്രാർത്ഥനയും ശ്രീ. കെ.പി. ഗോപാലപിഷാരോടി പുരാണ പാരായണവും നിർവ്വഹിച്ചു. ശ്രീ. സുരേഷ്കുമാർ സ്വാഗതം ആശംസിച്ചു.

ശ്രീ. കെ.പി. രാമചന്ദ്ര പിഷരോടി ഈയിടെ നിര്യാതരായ കുത്തനൂർ പടിഞ്ഞാറെ പിഷാരത്ത് മുരളീധര പിഷാരോടി, തലയണക്കാട് പിഷാരത്ത് കൃഷ്ണകുമാർ പിഷാരോടി, മുണ്ടൂർ അനുപുരത്ത് പിഷാരത്ത് എ.പി.ആർ. ഉണ്ണി പിഷാരോടി എന്നിവരെ അനുസ്മരിച്ചു, അവരുടെ നിത്യശാന്തിക്കായി ഒരു മിനിട്ട് മൗനം ആചരിച്ചു. അദ്ധ്യക്ഷൻ തന്റെ ഉപക്രമ പ്രസംഗത്തിൽ ശാഖാ പ്രവർത്തനങ്ങൾ നല്ല നിലയിൽ നടന്നു പോകുന്നതായി അറിയിച്ചു.

സമാജം മഹിളാവിംഗ് ഒരു ദിവസത്തെ ഉല്ലാസ യാത്ര സംഘടിപ്പിച്ച വിവരം ശ്രീമതി ഉഷ എം.പി. യോഗത്തെ അറിയിച്ചു. കോഴിക്കോട്ടേക്ക് ആയിരുന്നു യാത്ര. 22 സമാജം മെമ്പർമാർ പങ്കെടുത്തു. ഏകോപനം വളരെ നന്നായി നടന്നു എന്ന് പങ്കെടുത്തവരെല്ലാം സമ്മതിച്ചു. യാത്രക്ക് വേണ്ട സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയ മഹിളാ പ്രവർത്തകരെ പ്രശംസിച്ചു. തുടർന്നും ഇത് പോലുള്ള ഒരു ദിവസ യാത്ര നടത്തണമെന്ന് പൊതുവെ തീരുമാനമായി. നവംബർ മാസത്തെ റിപ്പോർട്ട് അംഗീകരിച്ചു. വേറെ വരവ് ചിലവുകൾ ഒന്നും ഇല്ല എന്ന് അറിയിച്ചു.

ശ്രീ. കെ.പി. ഗോവിന്ദന്റെ നന്ദിപ്രകടനത്തോടെ യോഗം സമാപിച്ചു.

### എം.പി. അച്യുതൻ

തൃശൂർ കണിമംഗലം അനർഘ ഭവനിലെ മാങ്കുറ്റിപ്പാടം നടുവിൽ പിഷാരത്ത് എം.പി. അച്യുതൻ (75) 11-12-2024 നു നിത്യതനായി. ഭാര്യ: പ്രിൻസ് അച്യുതൻ. മക്കൾ: അനർഘ, അംഗന. മരുമക്കൾ: സന്ദീപ്, സഞ്ജയ്.

### എ.പി.ആർ. ഉണ്ണി

മുൻ തിരുവനന്തപുരം ശാഖാ പ്രസിഡന്റും രക്ഷാധികാരിയുമായിരുന്ന മുണ്ടൂർ അനുപുരത്ത് പിഷാരത്ത് എ.പി.ആർ. ഉണ്ണി (88) 11-12-2024നു നിര്യാതനായി. ഭാര്യ: പഴയന്നൂർ തെക്കൂട്ട് പിഷാരത്ത് കോമളം. മക്കൾ: ഡോ. ടി.പി. നന്ദകുമാർ, ടി.പി. ശ്രീകുമാർ, ടി.പി. ഹരികുമാർ. മരുമക്കൾ: ഡോ. സന്ധ്യ, വാണി, പ്രിയ

### ശ്രീധരൻ സി.വി.

ആളൂർ ചെങ്ങാനിക്കാട്ട് പിഷാരത്ത് ശ്രീധരൻ (75) 15-12-2024 നു മുംബൈ പൻവേലിൽ നിര്യാതനായി. ഭാര്യ: കൊടകര ശാഖാ പ്രസിഡണ്ട് കാരൂർ പിഷാരത്ത് ഉഷ. മക്കൾ: ശ്രീജ, ശ്രീജിത്ത്, ശ്രീജേഷ്. മരുമക്കൾ: രാജീവ്, ഗംഗ, അശ്വതി.

### സത്യഭാമ പിഷാരസ്യാർ

തിരുവേഗപ്പുറ ആനായത്ത് പിഷാരത്ത് സത്യഭാമ പിഷാരസ്യാർ (84) 22-12-2024നു നിര്യാതയായി. ഭർത്താവ്: ഗോവിന്ദപുരത്ത് പിഷാരത്ത് പരേതനായ ഗോപാല പിഷാരോടി. മക്കൾ: രാജഗോപാലൻ, ഉണ്ണികൃഷ്ണൻ, രാജേന്ദ്രകുമാർ, ജയശ്രീ. മരുമക്കൾ: സന്ധ്യ, ശാന്തി, രജനി, രാംമോഹൻ.

### രാധാകൃഷ്ണ പിഷാരോടി

കാട്ടകാമ്പാൽ പിഷാരത്ത് രാധാകൃഷ്ണ പിഷാരോടി (79) 23-12-2024നു നിര്യാതനായി. ഭാര്യ: പൊന്നാനി കിഴക്കേപ്പാട്ട് പിഷാരത്ത് സാവിത്രി പിഷാരസ്യാർ. മക്കൾ: സുധ, സിന്ധു. മരുമക്കൾ: കൃഷ്ണനുണ്ണി, എ.പി. രമേഷ്.

### ജി.പി. വേണുഗോപാൽ

ഗോവിന്ദപുരം പിഷാരത്ത് ജി.പി. വേണുഗോപാൽ പിഷാരോടി (81) 31-12-2024നു നിര്യാതനായി. ഭാര്യ: വടക്കേപ്പാട്ട് പിഷാരത്ത് ലീല പിഷാരസ്യാർ. മകൾ: മഞ്ജുള. മരുമകൻ: പുതുമനശ്ശേരി പിഷാരത്ത് കൃഷ്ണകുമാർ. ●

## പെൻഷൻ ഫണ്ടിലേക്ക് സംഭാവന നൽകിയവർ

(1) പരേതനായ പഴയന്നൂർ തെക്കൂട്ട് പിഷാരത്ത് ചന്ദ്രശേഖരൻ പിഷാരടിയുടെ നാലാം ചരമ വാർഷികത്തോടനുബന്ധിച്ച് അദ്ദേഹത്തിന്റെ പത്നി ശ്രീമതി പ്രസൂന ചന്ദ്രൻ, മുളങ്കുന്നത്തുകാവ് - 25,000.00

(2) കുമാരി നവിക അജയ് പിഷാരോടി, പറളി - 2,000.00

എല്ലാവർക്കും നന്ദി അറിയിക്കുന്നു. **സെക്രട്ടറി, PE & WS**

*With best compliments from*

LL 04872320835
Mob: 9633898468
Mob: 9744187674

**GK GROUP**

(owned by C.G. Kutty/Ratnam Kattoor/Biju G Kutty/Binu G Kutty)

**ADVISORS, CONSULTANTS, COMMISSION AGENCY, BUSINESS ASSOCIATES**

C-1 Pearl Gardens, Near Co-op Society, Viyyur, Thrissur - 680 010, Kerala, India.
E-mail: gopalankutty48@gmail.com

# പ്രസവിക്കാൻ ഒരു പുതിയ വീട്




A Unit of EDAPPAL HOSPITALS | SINCE 1990

The birthplace of first ICSI baby of Kerala (1998)

## OUR DEPARTMENTS

- Reproductive Medicine
- Fetal Medicine
- Gynaecology
- Paediatrics & Neonatology
- Anaesthesiology & Pain management
- Casualty
- Physiotherapy & Rehabilitation
- Clinical nutrition
- Psychology
- Andrology & Urogynaecology
- Orthopaedics
- Cardiology
- Plastic surgery
- E.N.T
- Dentistry
- Dermatology & Cosmetology

സൈമർ
ദി വിമൻസ് ഹോസ്പിറ്റൽ | തൃശൂർ
കണിമംഗലം

+91 98466 00554 / +0487 222 4555

**THULASEDALAM**

RNI Reg: No.36078/1981
Published on 07-01-2025

Posted at RMS, Thrissur

January 2025, Price-15.00

SAROJA
SINCE 1967
MULTI SPECIALITY HOSPITAL
A UNIT OF SAROJA NURSING HOME

PATIENT SAFETY & QUALITY OF CARE
CERTIFIED

## നിങ്ങളുടെ സേവനത്തിന് 24 സ്പെഷ്യാലിറ്റികളോടെ

57 YEARS OF CARE AND TRUST

## വർഷത്തെ സേവനപാരമ്പര്യവുമായി

# സരോജ

**മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ**

ഷൊർണ്ണൂർ റോഡ്, തൃശ്ശൂർ, Ph: 0487 2335 145 / 2325 185

sarojanursinghome@gmail.com | www.sarojahospital.com



SAROJ
HOME CARE
A UNIT OF SAROJA NURSING HOME

Care & Trust
SINCE 1967

## ആരോഗ്യ സംരക്ഷണം നിങ്ങളുടെ വീട്ടിലേക്ക്

നിങ്ങളുടെ പ്രിയപ്പെട്ടവർക്ക് നിങ്ങൾ
കൊടുക്കുന്ന സ്നേഹ സംരക്ഷണം പോലെ

**തൃശ്ശൂരിലെ പ്രധാന സ്ഥലങ്ങളിൽ സേവനം**

- വീട്ടിൽ പരിശോധന
- പിക്കപ്പ് സംവിധാനം
- ഡോക്ടറുടെ സേവനം വീടുകളിൽ
- എമർജൻസി 24 x 7 പിക്കപ്പ്

അപ്പോയ്മെന്റിനായി
വിളിക്കുക / വാട്സാപ്പ് ചെയ്യുക

+91 81380 19090
+91 73563 99116

sarojhomecare@sarojahospital.com
sarojhomecare

Printed and Published by Sri. K.P. Gopakumar, General Secretary
For Pisharody Samajam at Kala Offset Printers, Punkunnam, Thrissur
Chief Editor: Smt. A.P. Saraswathy